2014
മെയ് 25
വാല്യം 07
ലക്കം 10

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# പി. സി. എൻ. എ. കെ. ഒരുക്കങ്ങൾ പൂർത്തിയായി


റവ. രാജൻ കെ. ജോർജ്


ബ്രദർ ജോമോൻ ഗീവർഗീസ്


ബ്രദർ പി. ജി. വർഗീസ്


റവ. ജെയിംസ് ജോൺ


ഡോ. കെ. മുരളീധരൻ


ടോമി ബാർണറ്റ്

**ലാൻസിംഗ്:** പിസിനാക്കിന്റെ 32–ാമത് സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. 2014 ജൂലൈ 3– 6 വരെ മിഷിഗണിലെ ലാൻസിംഗിലാണ് കോൺഫറൻസ് നടക്കുന്നത്. ലാൻസിംഗ് കൺവൻഷൻ സെന്ററിലാണ് ഇത്തവണ സമ്മേളനങ്ങൾ നടക്കുന്നത്. ഇതിനോടനുബന്ധിച്ചുള്ള റാഡിസൺ ഹോട്ടലിലാണ് താമസസൗകര്യം ക്രമീകരിച്ചിരിക്കുന്നത്.

ലോകപ്രശസ്തരും അനുഗ്രഹീതരുമായ ശുശ്രൂഷകർ കോൺഫറൻസിൽ ശുശ്രൂഷക്കായെത്തും. ടോമി ബാർണറ്റ്, നാഥാൻ മോറീസ്, പാസ്റ്റർ റ്റി. ഡി. ബാബു, ഡോ. കെ. മുരളീധരൻ, പാസ്റ്റർ ജോ കുര്യൻ തുടങ്ങിയവരാണ് പ്രധാന വചനശുശ്രൂഷ നിർവ്വഹിക്കുന്നത്. ജീസസ് കൾചർ എന്ന സുപ്രസിദ്ധ ബാൻഡിന്റെ പ്രെയ്സ് ആന്റ് വർഷിപ്പ് വേറിട്ട അനുഭവമാകും. ആത്മനിറവിലുള്ള ആരാധന, യൂത്ത് മീറ്റിംഗ്, സഹോദരി സമ്മേളനം, കുട്ടികൾക്കായുള്ള പ്രോഗ്രാമുകൾ, കാത്തിരിപ്പ് യോഗം, സെമിനാറുകൾ, ക്ലാസ്സുകൾ ഇവയെല്ലാം ഈ സമ്മേളനത്തിന്റെ പ്രത്യേകതകളാണ്. 'ഞങ്ങളെ നിങ്കലേക്ക് മടക്കിവരുത്തേണമേ' വിലാപങ്ങൾ 5:21 എന്നതാണ് 31–ാമത് പിസിനാക്കിന്റെ തീം.

അമേരിക്കയിലെയും കാനഡയിലെയും മലയാളികളായ ദൈവജനത്തിന്റെയും ശുശ്രൂഷകരുടെയും ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായ പി. സി. എൻ. എ. കെ. മൂന്നുപതിറ്റാണ്ടുകൾക്കിപ്പുറം കൂടുതൽ ശക്തിയാർജ്ജിച്ചിരിക്കുന്നു. ദൈവമക്കളുടെയും സഭകളുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം കോൺഫറൻസിന്റെ വിജയത്തിന് അത്യന്താപേഷിതമാണ്. അതിനാൽ ഏവരുടേയും സഹകരണം സംഘാടകർ പ്രതീക്ഷിക്കുന്നു.

റവ. രാജൻ കെ. ജോർജ് (നാഷണൽ കൺവീനർ), ബ്രദർ ജോമോൻ ഗീവർഗീസ് (നാഷണൽ സെക്രട്ടറി), ബ്രദർ പി. ജി. വർഗീസ് (നാഷണൽ ട്രഷറർ), റവ. ജെയിംസ് ജോൺ (നാഷണൽ യൂത്ത് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള നാഷണൽ എക്സിക്യൂട്ടീവ് കമ്മറ്റി സമ്മേളനവിജയത്തിനായി അക്ഷീണം യത്നിക്കുന്നു.

പ്രാദേശിക തലത്തിൽ സമ്മേളനവിജയത്തിനായി ലോക്കൽ കോ-ഓർഡിനേറ്റേഴ്സായ റവ. സണ്ണി ജോർജ്, ബ്ര. ജെയിംസ് ജോർജ്, ബ്ര. ബിനു മാത്യു എന്നിവരും സേവനം അനുഷ്ഠിക്കുന്നു. നാഷണൽ മീഡിയാ കോ- ഓർഡിനേറ്ററായി റവ. ബാബു തോമസും ലോക്കൽ മീഡിയ കോ- ഓർഡിനേറ്ററായി റവ. മാത്യു റ്റി. സാമും പ്രവർത്തിക്കുന്നു.

# ഉത്തരേന്ത്യയിൽദൈവസഭയ്ക്ക് കുതിപ്പോ കിതപ്പോ ?

ദൈവസഭയുടെ കൊളോണിയൽഘടന, നോമിനേഷൻ സമ്പ്രദായം, ജനാധിപത്യ വിരുദ്ധത തുടങ്ങിയ വിഷയങ്ങളാണ് കഴിഞ്ഞ ലക്കത്തിൽ നാം ചർച്ച ചെയ്തത്. ഉത്തരേന്ത്യയിലെ ഊഷര ഭൂമിയിൽ ചർച്ച് ഓഫ് ഗോഡ് സഭ വളർച്ചയിൽ നേരിടുന്ന മുരടിപ്പും കിതപ്പും പഠന വിഷയമാക്കുകയാണ്.

**പെന്തെക്കോസ്ത് ആവിർഭാവം**

1915 മുതൽ ഉത്തരേന്ത്യയിൽ പെന്തെകോസ്തു പ്രവർത്തനം സജീവമായിരുന്നു. അസംബ്ലീസ് ഓഫ് ഗോഡിന്റെ മിഷനറിമാരായിരുന്നു അവയ്ക്ക് നേതൃത്വം കൊടുത്തിരുന്നത്. വടക്കേ ഇന്ത്യയിലേക്ക് പെന്തെക്കോസ്ത് സന്ദേശവുമായി ആദ്യം തിരിക്കുന്ന മലയാളി മിഷനറി പാസ്റ്റർ എം. കെ. ചാക്കോയാണ്. 1936 ൽ അദ്ദേഹം ഉത്തരപ്രദേശിലെ കാൺപൂരിലെത്തി. 1938 ൽ പ്രവർത്തനം ഡൽഹിയിലേക്ക് വ്യാപിപ്പിച്ചു. 1940കളിൽ കെ.ജെ. ഫിലിപ്പ്, കെ.ജെ. സാമുവേൽ തുടങ്ങിയവർ വടക്കേ ഇന്ത്യയിലെത്തി. 1945 ൽ ഒറീസയിലും പിന്നീട് ലാഹോറിലും പ്രവർത്തനം വ്യാപിപ്പിച്ചു. പിന്നീട് ഇറ്റാർസിയിലെ പാസ്റ്റർ കുര്യൻ തോമസ്, റായ്പ്പൂരിലെ പാസ്റ്റർ പി.സി. സാമുവേൽ തുടങ്ങിയവർ ബാഹ്യകേരള പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടം ഏറ്റെടുത്തു. 1945 കളോടെ പി.എസ്. സാമുവേൽ കൽക്കട്ട, നാഗപ്പൂർ, കട്ടക്, റായ്പ്പൂർ എന്നിവിടങ്ങളിൽ സഭകൾ വ്യാപിപ്പിച്ചു. 1963 മുതൽ പാസ്റ്റർ തോമസ് മാത്യു രാജസ്ഥാനിൽ പ്രവർത്തനം കേന്ദ്രീകരിച്ചു. 1969 ൽ ഉത്തരേന്ത്യയിലെ മലയാളി പെന്തെക്കോസ്ത് ദൈവസഭ ഐ.പി.സി. നോർത്തേൺ റീജിയൺ സ്ഥാപിച്ചു. പാസ്റ്റർ കെ.പി. കുര്യൻ, പാസ്റ്റർ കെ.റ്റി. തോമസ് എന്നിവർ നേതൃത്വം നൽകി. 1973 ൽ പി.ജി. വർഗ്ഗീസ് പ്രവർത്തനം ആരംഭിച്ചു. ക്യാപ്റ്റൻ എ.എം. സാമുവേൽ കാശ്മീരിലും അയൽ സംസ്ഥാനങ്ങളിലും ഐ.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. 1960 കൾക്ക് ശേഷം സ്വതന്ത്ര ശുശ്രൂഷകൾ സജീവമായി. വ്യവസ്ഥാപിത സഭകൾക്ക് പുറത്ത് പ്രവർത്തനം വ്യാപിച്ചു. ഗ്രാമങ്ങളിലേക്ക് മിഷനറിമാർ ഇറങ്ങിത്തിരിച്ചു. 1980 കളോടെ നഗരസൗകര്യങ്ങളെ ഉപയോഗിച്ച് ഗ്രാമങ്ങളെ വളയുക എന്ന തന്ത്രം ഉപയോഗിച്ചു. ഉത്തരേന്ത്യൻ മണ്ണിൽ മലയാളികൾ സുവിശേഷത്തിന്റെ വെന്നിക്കൊടി പാറിച്ചു.

**ചർച്ച് ഓഫ് ഗോഡ് ചരിത്രം**

1953 കളിൽ ഉത്തരേന്ത്യയിലെത്തിയ പി.എം. കുരുവിള, സി.വി. മത്തായി, കെ.എം.ജോൺ, പി.എസ്. സാമുവേൽ എന്നിവരാണ് ദൈവസഭയുടെ പ്രവർത്തനം ആരംഭിച്ചത്. ബിലാസ്പ്പൂർ, റായ്പ്പൂർ, നാഗപ്പൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. 1958 ൽ കെ.എം. പാപ്പി, കെ. ജോൺ, എം. ദാനിയേൽ, ഒ. ദാനിയേൽ, എം.വി. ഈശോ, മത്തായി ശാമുവേൽ, മറിയാമ്മ തോമസ് എന്നിവർ ആരംഭിച്ച പ്രവർത്തനമാണ് ബോംബെയിലെ ആദ്യത്തെ സഭ. 1965 ൽ മിഷനറിയായി പോസ്പിസിൽ സായിപ്പ് ബോംബെയിലെത്തി. 1972 വരെ സായിപ്പ് വടക്കേന്ത്യയിൽ പ്രവർത്തിച്ചു. 72 ലാണ് ദൈവസഭയുടെ പ്രവർത്തനം വ്യവസ്ഥാപിത രൂപം പ്രാപിക്കുന്നത്. മത്തായി പി. മത്തായി, എം.ഐ. ജോസഫ്, വി. സി. ഇട്ടി, റ്റി.വി. ജോർജ്ജ് എന്നിവർ പ്രാരംഭ പ്രവർത്തകരായിരുന്നു. 1968 ൽ ചെമ്പൂർ ആസ്ഥാനമാക്കി ഓഫീസ് കെട്ടിടവും അദ്ദേഹം സ്ഥാപിച്ചു. 1972 മുതൽ 78 വരെയുള്ള കാലഘട്ടങ്ങളിൽ പാസ്റ്റർ എം.ഐ. ജോസഫ് ഓവർസീയറായി. 1978 മുതൽ 82 വരെ പാസ്റ്റർ എ.വി. ഏബ്രഹാം ഓവർസീയറായി. 1982 മുതൽ 94 വരെയുള്ള 12 വർഷം പാസ്റ്റർ കെ.എം. തങ്കച്ചൻ ഓവർസീയറായി. 1981 വരെ ഒരു റീജിയണായി പ്രവർത്തിച്ചു വരവേ 1981 ൽ സാമുവേൽ ജോണിന്റെ നേതൃത്വത്തിൽ നോർത്തേൺ റീജിയൻ ദൈവസഭയോട് ചേർന്നു. എൽ.ആർ.കാരി അദ്ദേഹത്തെ സ്വീകരിച്ചു. 2004 ൽ സാമുവേൽ ജോണിന്റെ മരണത്തിനുശേഷം പഞ്ചാബിയായ നിസ്സാർ എം. നിസ്സാർ ഓവർസീയറായി. പിന്നീട് 2008 ൽ രാജുതോമസ് ഓവർസീയർ സ്ഥാനം ഏറ്റെടുത്തു. ചത്തീസ്ഗഡ് ആസ്ഥാനമായി നോർത്തേൺ റീജിയൻ പ്രവർത്തിക്കുന്നു.

1994–ൽ സെൻട്രൽഈസ്റ്റ് എന്ന റീജിയൻ ഉണ്ടായി. 94 മുതൽ ഈ റീജിയന്റെ ഓവർസീയറായി പാസ്റ്റർ കെ.എം. തങ്കച്ചൻ തുടരുകയാണ്. 1994–ൽ

11

## പരമ്പര: കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?



## സാക്ഷി



യു. പി. എ. അധികാരത്തിൽ നിന്ന് പുറത്ത്

*ഇതു കണ്ടെങ്കിലും പെന്തക്കോസ്ത് നേതാക്കന്മാർക്ക് വെളിവുണ്ടായാൽ നന്ന്.*

# ക്രിസ്ത്യാനികളുടെ എണ്ണം കുറയുന്നു?

**പ്രകാശ് പി. കോശി**

ആഗോള വ്യാപകമായി ക്രൈസ്തവരുടെ എണ്ണം കുറഞ്ഞപ്പോൾ ഇസ്ലാം ജനസംഖ്യ ഇരട്ടിയായി വർദ്ധിച്ചു എന്ന് വേൾഡ് ക്രിസ്ത്യൻ ഡാറ്റാബേസും പ്രോജക്ട് കെയറും ചേർന്ന് നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ക്രൈസ്തവ ജനസംഖ്യ 1900–ൽ 34.5% ആയിരുന്നു എന്നാൽ ഇത് 2010–ൽ എത്തിയപ്പോൾ 32.9% ആയി കുറഞ്ഞു.

എന്നാൽ ഇസ്ലാമിന്റെ വളർച്ച ഇരട്ടിയായി അതായത്, 1900–ൽ 12.3% ൽ നിന്ന് 2010– എത്തിയപ്പോൾ ഇസ്ലാം മതം 22.5% വളർന്നു. ഈ പഠനപ്രകാരം 1980കളിൽ തന്നെ ഇസ്ലാം റോമൻ കത്തോലിക്കരെ ജനസംഖ്യയിൽ പിന്നിലാക്കി.

പാശ്ചാത്യ രാജ്യങ്ങളിൽ ക്രൈസ്തവ സഭയുടെ വളർച്ച കുറഞ്ഞപ്പോൾ വികസ്വര രാജ്യങ്ങളിൽ ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചു.

ക്രൈസ്തവർ ഏറ്റവും കൂടുതൽ വർദ്ധിച്ചത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലായിരുന്നു. 1900 മുതൽ 2010 വരെ ഇവിടെ ക്രൈസ്തവർ 37% വളർന്നു എന്നാൽ ഇസ്ലാമിന് 10% വളർച്ചയെ നേടാനായുള്ളു.

ക്രൈസ്തവരുടെ ജനസംഖ്യ ഏറ്റവും കൂടുതൽ കുറഞ്ഞത് വടക്കേ അമേരിക്കയിലാണ്. ഏകദേശം 18% കുറവ് ഈ മേഖലയിൽ ഉണ്ടായി, അതേ സമയം യൂറോപ്പിൽ 16% കുറവും ഉണ്ടായി. ലാറ്റിൻ അമേരിക്കയിലും ഓഷ്യാനയിലും 3% കുറവുണ്ടായി.

പാശ്ചാത്യ യൂറോപ്പിൽ 99 ശതമാനത്തിൽ നിന്ന് ക്രൈസ്തവർ 69% ആയി കുറഞ്ഞു. ഇതേ മേഖലയിൽ ഇസ്ലാം 0% ൽ നിന്ന് 6 ശതമാനമായി.

ക്രൈസ്തവ വിശ്വാസം കുറയാൻ പല കാരണങ്ങൾ ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. ഭൗതികവാദം, നിരീശ്വരത്വം, മതനിരപേക്ഷത തുടങ്ങിയവ കാരണങ്ങളായി ചൂണ്ടി കാണിക്കുന്നു. എന്നാൽ ചില ഗവേഷകർ യൂറോപ്പിലേയും അമേരിക്കയിലേയും ജനസംഖ്യ കുറവിനേയും (ജനന നിരക്ക്) കാരണമായി കാണിക്കുന്നു.

ഏഷ്യയിൽ ക്രൈസ്തവർ 6 ശതമാനം വർദ്ധിച്ചു. ക്രൈസ്തവരുടെ ജനസംഖ്യ ചെറിയ തോതിൽ കുറഞ്ഞു എങ്കിലും ക്രൈസ്തവരുടെ വളർച്ച ഇന്നും കൂടുതൽ നടക്കുന്നത് മതപരി

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# പ്രതീക്ഷിച്ച വിജയം




**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതം അത്ഭുതകരമായ വിജയം നൽകി ബി. ജെ. പി.യെ ഭരണത്തിലേറ്റിയിരിക്കുന്നു. മുപ്പതുവർഷത്തിനുശേഷം ഭാരതം ഭരിക്കുവാൻ ഒരു കക്ഷിക്കുമാത്രം ഭൂരിപക്ഷം ലഭിച്ചത് തീർച്ചയായും നരേന്ദ്രമോദിയുടെ വിജയം തന്നെയാണ്. പടനായകനെപ്പോലെ തെരഞ്ഞെടുപ്പിൽ മുന്നിൽ നിന്നു നയിച്ച മോദി തന്നെയാണ് താരം. ഇന്ത്യയുടെ വടക്കും കിഴക്കും തെക്കും പടിഞ്ഞാറുമെല്ലാം മോദി തന്റെ മേധാവിത്വം ഉറപ്പാക്കിയ തെരഞ്ഞെടുപ്പു കൂടിയായിരുന്നു ഇത്. ഇതുവരെയും കൈവിരലിൽ എണ്ണാവുന്ന എം. പി.മാരെ വെച്ച് വിലപേശുകയും കോടികളുടെ അഴിമതി നടത്തുകയും ചെയ്ത ഞാഞ്ഞൂൽ പാർട്ടികൾ എല്ലാംതന്നെ കളം ഒഴിഞ്ഞിരിക്കുന്നു. ഇത്രയും വലിയ ജയത്തിന്റെ കാരണം അന്വേഷിക്കുമ്പോൾ അതിന്റെ ക്രെഡിറ്റ് യു. പി. എ. സർക്കാരിനുംകൂടെ അവകാശപ്പെട്ടതാണ്. കോമൺവെൽത്ത്, കൽക്കരിപ്പാടം, സ്പെക്ട്രം, ഭൂമി ഇടപാടുകൾ തുടങ്ങി ലക്ഷകണക്കിനുകോടി രൂപയുടെ അഴിമതി ആരോപണങ്ങളിൽമേലുള്ള അന്വേഷണം പ്രഹസനം ആക്കി മാറ്റിയപ്പോൾ ജനമനസ്സുകളിൽ നിന്ന് യു. പി. എ. സർക്കാർ പുറത്തായി കഴിഞ്ഞിരുന്നു. ജനത്തെ ബുദ്ധിമുട്ടിക്കുന്ന പ്രയോജനമില്ലാത്ത പരിഷ്കാരങ്ങൾ പലതും ഭരണത്തോടുള്ള വെറുപ്പ് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഭരണം നടത്തുന്നവർ പലപ്പോഴും മറന്നുപോകുന്നത് ജനങ്ങളെയാണ്. പ്രതീക്ഷയോടെ ഭരണത്തിലേറ്റുന്നവരെ കഴുതകളാക്കുന്ന സമീപനമാണ് പല ഭരണാധികാരികളും പുലർത്തിവരുന്നത്. ജനങ്ങളുടെ കയ്യിൽ പ്രതികരിക്കുവാനുള്ള ആയുധമാണ് വോട്ടവകാശം. അത് അവർ ശരിയായി വിനിയോഗിക്കുന്നു എന്നതിന്റെ ലക്ഷണമാണ് ഇക്കുറി കണ്ടത്. പത്തുവർഷം തുടർച്ചയായി ഭരിച്ചിട്ടും അഴിമതി തുടച്ചുമാറ്റുവാൻ കഴിയാതെയിരുന്നതാണ് യു. പി. എ. സർക്കാരിനുപറ്റിയ ഏറ്റവും വലിയ പരാജയം. പാവസർക്കാർ എന്ന പേരും ജനത്തെ ആകർഷിക്കുവാൻ കഴിവില്ലാത്ത നേതൃത്വവും എല്ലാംകൂടി ചേർന്നപ്പോൾ കോൺഗ്രസിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയമായി മാറി. നരേന്ദ്രമോദി സർക്കാരിനെ മുൻവിധിയോടു കാണുന്നതിനുപകരം കാത്തിരുന്ന് കാണുക. അതിനുശേഷം വിലയിരുത്തുക. ജനഹിതം തിരിച്ചറിയാതെ ഭരിക്കുന്നവർക്ക് ഇത് ഒരു പാഠമാകണം.

പ്രാദേശിക വാദത്തിന്റെയും വർഗ്ഗീയതയുടെയും ഒക്കെപ്പേരിൽ രാഷ്ട്രീയപാർട്ടികളുണ്ടാക്കി ഭരണത്തിൽ പങ്കാളിത്തം നേടുകയും കോടികളുടെ അഴിമതി നടത്തുകയും ചെയ്യുന്ന പതിവ് അവസാനിക്കുന്നത് ഭാരതത്തിന് നന്നായിരിക്കും.

ന്യൂനപക്ഷങ്ങൾക്കെതിരെ അക്രമണം ഉണ്ടാകുമെന്ന ഭയം പല മേഖലകളിൽ നിന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ദൈവജനത്തെ സംബന്ധിച്ചിടത്തോളം ദൈവഹിതമാണ് ഏറ്റവും പ്രധാനം. സ്തേഫാനോസിന്റെ അനുഭവം പഠിച്ചിട്ടുള്ളവർ ഭയപ്പെടേണ്ട കാര്യമില്ല. പീഢകളോ പ്രതികൂലങ്ങളോ ഭയപ്പെടേണ്ട കാര്യവുമില്ല. കാരണം സഭയുടെ നാഥനായ ക്രിസ്തു പഠിപ്പിച്ചതും അതുതന്നെയാണ്. രാജ്യത്തിന്റെ നിയമങ്ങളെ അനുസരിച്ചും കീഴ്പ്പെട്ടും ദൈവീകദൗത്യം നിർവ്വഹിച്ചും മുന്നോട്ട് പോകുന്നവർ ഭയപ്പെടേണ്ട കാര്യമില്ല. എന്നാൽ സുവിശേഷത്തിന്റെ മറവിൽ കോടികൾ ഉണ്ടാക്കുകയും തട്ടിപ്പുകൾ നടത്തുകയും ചെയ്യുന്നവർ ഭയക്കുന്നുണ്ടാകാം.

ഏകകക്ഷി ഭരണത്തിലൂടെ (സഖ്യകക്ഷികൾ ഉണ്ടെങ്കിലും) ശക്തമായ ഭരണം കാഴ്ചവെയ്ക്കുവാൻ മോദിക്കുകഴിയും. ലോകത്തിലെ പ്രധാനശക്തികളുടെ കൂട്ടത്തിൽ ഭാരതത്തിന്റെ സ്ഥാനം പ്രധാനമാണ്. അവഗണിക്കുവാൻ കഴിയാത്ത ശക്തിയായി ഭാരതം മാറിയിരിക്കുന്നു. ശരിയായ ദിശാബോധം നൽകുവാൻ കഴിയുകയും അഴിമതി ഇല്ലാതാക്കുകയും സാധാരണജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്താൽ ജനപിന്തുണ ഭരണാധികാരിക്ക് ലഭിക്കും. മറിച്ചായാൽ ഭരണം നഷ്ടപ്പെട്ട കോൺഗ്രസിന്റെ ഗതി തന്നെയാകും.

ലഭിച്ച അവസരങ്ങൾ നന്നായി വിനിയോഗിച്ചില്ലെങ്കിൽ ജനങ്ങളുടെ പ്രതികരണം എന്താകും എന്നതിനു ഉദാഹരണമാണ് ഇത്തവണ നടന്ന തെരഞ്ഞെടുപ്പ്. പെന്തക്കോസ്ത് സഭയിലെ നേതാക്കന്മാരും ഇത് ഉൾക്കൊണ്ടിരുന്നാൽ നന്ന്. ഏകാധിപത്യവും ജനവിരുദ്ധവുമായ ഭരണം കൊണ്ട് അധികം നാൾ പിടിച്ചുനിൽക്കുവാൻ ആർക്കും കഴിയുകയില്ല. ഒരു ഭരണാധികാരിക്കും തുടർച്ചയായി ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് ഭരണം നടത്തുവാൻ സാധ്യമല്ല. നമ്മുടെ മിക്കവാറും പെന്തക്കോസ്ത് സഭകളുടെ നേതൃത്വസ്ഥാനം ഇന്ന് അഴിമതിക്കാരും ദുരുപദേശകരും കുടുംബവാഴ്ചക്കാരും കൈയടക്കിയിരിക്കുന്നു. കാലത്തിന്റെ ചുവരെഴുത്ത് വായിച്ച് മാനസാന്തരപ്പെടുന്നില്ലെങ്കിൽ യു. പി. എ.യ്ക്ക് സംഭവിച്ചതു തന്നെ അവർക്കും സംഭവിക്കാം.

## മാതാപിതാക്കൾ അറിയാൻ

# വചനം പുത്തൻ തലമുറക്ക് നൽകാൻ



ബിനു ജോസഫ് വടശ്ശേരിക്കര

**ആ**ധുനികതയുടെ വളർച്ചയിൽ കാലിടറുന്നത് ഇന്നത്തെ കുട്ടികൾക്കും കൗമാരക്കാർക്കുമാണ്; ശരിയായ ദിശാബോധം ലഭിക്കാതെ അലയുന്നവർ അനേകരാണ്. ചെറിയ പ്രായത്തിൽ തന്നെ കുറ്റകൃത്യങ്ങളും അധാർമ്മികതയുടെ ബാലപാഠങ്ങളും അനുസരിച്ചും കേട്ടും വശമാക്കുന്ന കുട്ടികൾ നന്മയെക്കാൾ തിന്മയിലേക്ക് കൂപ്പുകുത്താനുള്ള സാധ്യതകളും ഏറെയാണ്. ആധുനികത ഏറെ കുഞ്ഞുങ്ങളിലേക്ക് കടന്നുകയറിയിട്ടും, ബാല-സുവിശേഷീകരണത്തെ തരംതാഴ്ത്തി കാണുന്നവരും ക്രിസ്തീയ സഭകളിൽ ഉണ്ട്. കുഞ്ഞുങ്ങളുടെ ഇടയിലെ പ്രവർത്തനത്തെ സുവിശേഷീകരണമായി കാണുവാൻ മടികാണിക്കുന്നവരും ഇല്ലാതില്ല. എന്നാൽ കുഞ്ഞുങ്ങളുടെ ഇടയിലെ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയവർ സഭകളിലും ചുറ്റുപാടിലും ബാലസുവിശേഷീകരണ പ്രവർത്തനത്തിന് പ്രാധാന്യം നൽകിത്തുടങ്ങി.

മനഃശാസ്ത്രം അറിയാമെങ്കിൽ മാത്രമേ അവർക്ക് വേണ്ടത് നൽകുവാൻ കഴിയൂ. പലപ്പോഴും ആത്മീക കൂട്ടായ്മകളിൽ നിന്ന് കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നത്, സമാപനത്തിൽ ലഭിക്കുന്ന ചായസൽക്കാരം മാത്രമാണ്. "മോന് ആരാധനയിൽ ഏറ്റവും ഇഷ്ടപ്പെട്ട ഗാനം ഏതാ?" പാസ്റ്ററുടെ ചോദ്യം കേട്ട് നമ്മുടെ കൊച്ചുമകൻ പറഞ്ഞു; "അവസാനത്തെ ഗാനമാ എനിക്കിഷ്ടം" അത് ഏത് പാട്ടാ? എന്താ ആ ഗാനം മോനു ഇത്ര ഇഷ്ടം?" മകന്റെ മറുപടി; "ഇഷ്ടപ്പെട്ട ഗാനം-" അനുഗ്രഹത്തോടെ ഇപ്പോൾ അയക്ക അടിയാരെ യഹോവയെ എന്നതാണ്", കാരണം ആ ഗാനം പാടിക്കഴിഞ്ഞാൽ പിന്നെ പെട്ടെന്ന് വീട്ടിൽ പോകാമല്ലോ?

ആരാധനയിലെ ഏറ്റവും ഇഷ്ടപ്പെട്ടത് എന്താണ്? പാസ്റ്ററുടെ ചോദ്യം.

കുട്ടി: സഭാകമ്മറ്റി! അപ്പം അല്പം സ്റ്റണ്ട് ഒക്കെ കാണാമല്ലോ?

ഒരു പക്ഷേ കുഞ്ഞുങ്ങളുടെ മനഃശാസ്ത്രം മനസിലാക്കിയാൽ അവർക്കുള്ള കരുതലും സ്നേഹവും, പങ്കാളിത്തവും സഭകളിൽ വർദ്ധിപ്പിക്കും.

കുഞ്ഞുങ്ങൾക്കും സഭകളിൽ പ്രാധാന്യം ഉണ്ടെന്ന് അവർ മനസിലാക്കണം

കുഞ്ഞുങ്ങളുടെ അഭിപ്രായത്തിനും വിലകല്പിക്കുകയും (നിങ്ങൾ പിള്ളാരാ.....മിണ്ടാതിരിക്ക് എന്ന ശാസന നന്നല്ല)

"അന്നും ശിശുക്കളെ തടഞ്ഞത് നാട്ടുകാരല്ലായിരുന്നു യേശുവിന്റെ ശിഷ്യഗണങ്ങൾ തന്നെയായിരുന്നു. ഇന്നു ഇതു തന്നെയാണ് സംഭവിക്കുന്നത്. കുഞ്ഞുങ്ങളുടെ ആത്മീക വളർച്ചക്കും ക്രിസ്തീയ പങ്കാളിത്തത്തിനും വിഘ്നം വരുത്തുന്ന ഒരു വാക്കുപോലും മുതിർന്നവരിൽ നിന്ന് ഉണ്ടാകരുത്.

**പ്രോത്സാഹനം നൽകുക**

കുഞ്ഞുങ്ങൾക്ക് വേണ്ടത് പ്രോത്സാഹനമാണ്. ആത്മീകവളർച്ചയ്ക്ക് ഏറ്റവും അത്യാവശ്യവും അതാണ് അവർ ചെയ്യുന്നത് എത്രത്തോളം ശരിയാണോ, അത്രത്തോളമോ അതിലധികമോ പ്രോത്സാഹനം നൽകുക. Encouragement pastens the growth of a child. ഒരു പക്ഷേ നാം നൽകാത്ത പ്രോത്സാഹനങ്ങൾ വീടിനു പുറത്തു നിന്നോ സഭക്ക് പുറത്തു നിന്നോ ലഭിക്കുമ്പോൾ, അറിയാതെ കുഞ്ഞുങ്ങൾ അവിടേക്ക് തിരിയാം. കുഞ്ഞുങ്ങൾക്ക് യഥേഷ്ടം വളരുവാനും പങ്കിടുവാനുമുള്ള വേദികൾ നമ്മുടെ ഭവനത്തിലും ഭവനങ്ങളിലും ഉണ്ടാകണം. കുഞ്ഞുങ്ങൾ ധരിക്കുന്ന ഒരു ശാസ്ത്രത്തിന്റെ കാര്യത്തിൽ പോലും അവർ പ്രോത്സാഹനം പ്രതീക്ഷിക്കുന്നുണ്ട്. അത് നാം നൽകിയില്ലെങ്കിൽ നൽകുന്നവരിലേക്ക് അവർ അറിയാതെ അടുക്കും. ഭവനത്തിലും ദൈവസഭയിലും സമൂഹത്തിലും ദൈവരാജ്യത്തിലും കുഞ്ഞുങ്ങൾ ആവശ്യമുള്ളവരാണെന്ന ബോദ്ധ്യമാണ് ചെറുപ്രായത്തിൽ തന്നെ അവരിൽ ഉണ്ടാകേണ്ടത്.

**പങ്കാളിത്വം വർദ്ധിപ്പിക്കുക**

– തുടർച്ച 16 –

കുഞ്ഞുങ്ങൾ സഭയിലും വീട്ടിലും ആവശ്യമുള്ളവരാണെന്ന ബോദ്ധ്യം അവരിൽ ഉണ്ടാകണമെങ്കിൽ അവർക്കുള്ള പങ്കാളിത്വം (involvement) വർദ്ധിപ്പിക്കണം.

സംഗീതശുശ്രൂഷയിലും ആരാധനയിലും കുഞ്ഞുങ്ങളെ പങ്കാളിത്വം കൂട്ടണം. ആരാധന നയിക്കുവാൻ യുവജനങ്ങളെ പരീശിലിപ്പിക്കാം. ഗാനശുശ്രൂഷ, സഭയിലെ മറ്റ് ക്രമീകരണങ്ങൾ ഇവയ്ക്ക് കുഞ്ഞുങ്ങളെ ഏൽപിക്കുക; തീരുമാനങ്ങൾ എടുക്കുമ്പോൾ കുഞ്ഞുങ്ങളേയും അഭിപ്രായം ചോദിക്കാം. വീട്ടിൽ വളരുന്നവർ മാത്രമല്ല കുഞ്ഞുങ്ങൾ, അവർക്കും പ്രത്യേക ചില ഉത്തരവാദിത്വങ്ങൾ ഉണ്ടെന്ന ബോധ്യം ചെറുപ്പത്തിലെ കുഞ്ഞുങ്ങളിൽ ഉണ്ടാകണം. ആരാധനയിലെ കാഴ്ചക്കാർ അല്ല കുഞ്ഞുങ്ങൾ, മറിച്ച് ആരാധനയുടെ ഭാഗമാണെന്ന ബോധ്യം ഉളവാകുന്ന കാര്യങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുക.

**മാസത്തിലൊരിക്കലെങ്കിലും**

കുഞ്ഞുങ്ങൾക്കായി മാസത്തിലൊരിക്കലെങ്കിലും ഒരു കൂട്ടായ്മ നടത്തിയാൽ അത് നമ്മുടെ കുഞ്ഞുങ്ങളിൽ ഉണ്ടാകുന്ന മാറ്റം വലുതായിരിക്കും. മുതിർന്നവരുടെ മേൽനോട്ടത്തിലുള്ള ഇത്തര ആത്മീക കൂട്ടായ്മകൾ കുഞ്ഞുങ്ങളുടെ ആത്മീക താൽപര്യം, വ്യക്തിബന്ധം, സന്തോഷം ഇവ വർദ്ധിപ്പിക്കും. തട്ടുതകർപ്പൻ പ്രസംഗങ്ങളോ ഉപദേശങ്ങളോ അല്ല കുഞ്ഞുങ്ങൾക്ക് ആവശ്യം, മറിച്ച് ദൈനംദിനം ചുവടുവെയ്ക്കുവാനുള്ള മാർഗ്ഗനിർദ്ദേശമാണ് അത്യാവശ്യം. കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ചു

04

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

ദുരുപദേശങ്ങൾ എങ്ങനെയാണ് സഭയ്ക്കു ഭീഷണിയാകുന്നത്, അമിതമായ ആത്മീക അഭിനിവേശം കൊണ്ട് പാവപ്പെട്ട ബലഹീന വിശ്വാസികളുടെ മനസ്സിനെ കീഴ്പ്പെടുത്തുന്നു. സത്യസന്ധമായ തിരുവചനസത്യം ഇവരെ പഠിപ്പിക്കേണ്ടതുണ്ട്, അതിന് അവസരം ഉണ്ടാകും മുമ്പ് പുതുവെളിപ്പാടുകളിൽ ആകൃഷ്ടരായി അവർ അസത്യത്തെ സത്യമെന്നു ഗ്രഹിക്കുകയും പത്ഥ്യോപദേശം തള്ളിക്കളയുകയും ചെയ്യുന്നു. ചരിത്രപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനനിഷേധമാണ് മറ്റൊരു ഭീഷണി. ഇത് സഭയുടെ മുഖച്ഛായ മാറ്റിക്കളയും. വേദപുസ്തകാ വ്യാഖ്യാനത്തിന് കൾട്ടുകൾ നൽകുന്ന പുതിയ രീതിയും മാർഗ്ഗവും അഭിലഷണീയമല്ല. പാശ്ചാത്തലവും സന്ദർഭവും മറന്ന് വാക്യശകലങ്ങൾ കൂട്ടുപിടിച്ചുള്ള ബോധനാ രീതിയാണിത്. ബൈബിൾ വെളിപ്പെടുത്താത്ത ചില കാര്യങ്ങൾപോലും കൃത്യമായി പറയുവാൻ കൾട്ട് ഉപദേശങ്ങൾ ധൈര്യപ്പെടും. അതുകൊണ്ട് ഏത് ഉപദേശവും തിരുവചത്തിന്റെ മുമ്പിൽ സൂഷ്മപരിശോധന നടത്തുകയും ആത്മീകമായി വിവേചിച്ചറിയുകയും ചെയ്യേണ്ടതാണ്. ദൈവവചനത്തിലില്ലാത്ത ഒരു വെളിപ്പാടിലും അവകാശവാദങ്ങളിലും നാം വിശ്വസിക്കുവാൻ പാടില്ല. ദുരുപദേശങ്ങളെ തിരിച്ചറിയുവാനുള്ള ആത്മീക പക്വത കഴിവും കൃപയും ദൈവമക്കൾക്ക് ഉണ്ടായിരിക്കണം. ഇന്നത്തെ സർവ്വമത ഐക്യം, സർവ്വമതപ്രാർത്ഥന, മുതലായവ സാത്താന്റെ തന്ത്രങ്ങളാണ്, അതുപോലെ സകല ക്രിസ്തീയ സഭകളും സംഘടനകളും സംയോജിക്കുന്ന രീതിയും വിശ്വാസിയെ അവിശ്വാസിയാക്കുന്നതും അവിശ്വാസിയെ വിശ്വാസിയായി ഗണിക്കുന്നതും ദുരുപദേശക്കാരുടെ പരിപ്പാടികളാണ്.

പൗലോസ് തിമൊഥെയൊസിനോടു പറയുന്നത് എഫെസൊസിലുള്ള ചിലർ ഈ ദുരുപദേശങ്ങളിൽ അകപ്പെട്ടു അവരുടെ വലയിൽ വീണിരിക്കുന്നതുകൊണ്ട് ചിലരോട് നീ സംസാരിക്കണം എന്നല്ല മറിച്ച് ആജ്ഞാപിക്കണം അഥവാ കർശനമായി കല്പിക്കണം അതുകൊണ്ട് എഫെസൊസിൽ തന്നെ നിൽക്കുക, അവരോടു കല്പിക്കുന്നതിലൂടെയുള്ള ഉദ്ദേശമോ-

a)ശുദ്ധഹൃദയം - മനുഷ്യശരീരത്തിൽ ഏറ്റവും പ്രധാനപ്പെട്ട അവയവം ഹൃദയമാണ്. ഹൃദയം എവിടെ സ്ഥിതി ചെയ്യുന്നു, ഇതിന്റെ പ്രവർത്തനം എന്തെല്ലാമാണ് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ സർവ്വസാധാരണമാണ്. മലയാള ബൈബിളിൽ ഹൃദയം, ഉള്ളതും, ദേഹി എന്നീ പദങ്ങൾ ഇതിനോടുള്ളബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നു, ചിലപ്പോൾ പകരമായി മനസ്സ് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. മനഃശാസ്ത്രജ്ഞന്മാർ മനുഷ്യശരീരത്തെ മൂന്നായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ബാഹ്യശരീരം (Physical body), ബോധമനസ്സ് (Conscious), ഉപബോധമനസ്സ് (Subconscious mind) കേവലം ചുരുട്ടിപ്പിടിച്ച ഒരു മുഷ്ടിയുടെ വലിപ്പം മാത്രമുള്ള ഹൃദയത്തിന് മനുഷ്യശരീരത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ശരീരത്തിലെ ഓരോ സെല്ലിലും (കോശം) പ്രാണവായുയും പോഷകാംശങ്ങളും എത്തിച്ചുകൊടുക്കുകയും ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും രക്തം പമ്പുചെയ്തുകൊണ്ടിരിക്കുന്നതും ഹൃദയമാണ്. പൂർണ്ണ വളർച്ചയെത്തിയ ഒരു സാധാരണ മനുഷ്യഹൃദയത്തിന്റെ തൂക്കം 335ഗ്രാം ആണ്. ഒരാൾ 70 വർഷം ജീവിക്കുന്നുയെങ്കിൽ ഏകദേശം 250 കോടി പ്രാവശ്യം അയാളുടെ ഹൃദയമിടിച്ചിരിക്കും. ഒരു ദിവസം ഒരു മനുഷ്യന്റെ ഹൃദയം 103680 പ്രാവശ്യം മിടിക്കുന്നു. ഹൃദയം ഒന്നു സ്പന്ദിക്കുമ്പോൾ രണ്ടര ഔൺസ് രക്തം അയാളുടെ രക്തകുഴലിലേക്കു തള്ളിക്കയറുകയും ഒരു ദിവസം ഈ ഹൃദയം ഏകദേശം 1600 ഗ്യാലൺ രക്തം രക്ത ധമനികളിലേക്കു പമ്പു ചെയ്യുകയും ചെയ്യുന്നു. രക്തം പമ്പു ചെയ്യുവാനുള്ള ഹൃദയത്തിന്റെ ശക്തി നീർജ്ജീവമാക്കുകയും

- തുടർച്ച-

ഹൃദയത്തിന്റെ മാംസപേശികൾക്ക് ആവശ്യത്തിനു രക്തം കിട്ടാതെവരികയും ചെയ്യുന്ന അവസ്ഥയാണ് ഹൃദയാഘാതം എന്നു പറയുന്നത്. രക്തചംക്രമണത്തിന്റെ അപര്യാപ്തത മൂലം ഹൃദയത്തിനു സംഭവിക്കുന്ന മറ്റൊരു സ്ഥിതിവിശേഷമാണ് ഹൃദയസ്തംഭനം. ശരീരത്തിന്റെ പ്രവർത്തനത്തിനും നിലനില്പിനും ഹേതുവായ ഹൃദയം കൂടാതെ മനുഷ്യന് ഭൂമിയിൽ ഒരു നിമിഷം പോലും ജീവിക്കുവാൻ സാദ്ധ്യമല്ല. അതെ അത്ഭുതസൃഷ്ടിയുള്ള ഒന്നാണ് മനുഷ്യഹൃദയം. ഒരു മനുഷ്യന്റെ ഹൃദയത്തിനകത്തുടെ കടന്നുപോകുന്ന വികാരവിചാരങ്ങൾ ഒന്നും തന്നെ മറ്റൊരാൾക്കു മനസ്സിലാക്കാവുന്ന സൂത്രങ്ങളൊന്നും ശാസ്ത്രത്തിന് കണ്ടുപിടിക്കാൻ നാളിതുവരെ കഴിഞ്ഞില്ല. യേശുക്രിസ്തു പറഞ്ഞു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നും തന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത, എന്നിവ പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു, മത്താ. 7: 21–22 ഇത്തരം പാപത്തിന്റെ വിത്തുകളെല്ലാം അന്തർ

04

## നോവൽ 7



സുനിൽ വർഗീസ്,
ബാംഗ്ലൂർ

# കാൽവറിയുടെ ഉയരങ്ങൾ

നീലമുടിയിലെ ആദ്യനാളുകൾക്കു ശേഷം പലരും ആൽബർട്ടിന്റെ കൂടെ വർക്ക് ചെയ്യുവാൻ അവിടെ വന്നിരുന്നു. എന്നാൽ ഒരാഴ്ച കഴിയും മുൻപേ, ആഹാരം ശരിയാകാതെ, കാലാവസ്ഥ പിടിക്കാതെ, ദേശനിവാസികളുടെ അറിവില്ലായ്മയിലേക്ക് താണിറങ്ങി ചെല്ലുവാൻ കഴിയാതെ പിൻവാങ്ങുകയാണുണ്ടായത്. പക്ഷേ വിനോദ് അങ്ങനെയായിരുന്നില്ല. നീലമുടിയുടെ മിടിപ്പുകൾ തിരിച്ചറിയുവാനായി അവൻ ആൽബർട്ടിന്റെ കൂടെ ചരിവുകളും കയറ്റങ്ങളും കുടുമ്പുകളും കുടികളും കയറിയിറങ്ങി. രാവ് തീരുവോളം ആൽബർട്ടിന്റെ കൂടെ പ്രാർത്ഥിച്ചു കൊണ്ട്, നല്ല സഹഭടനായി എപ്പോഴും വിനോദുണ്ടായിരുന്നു. അവൻ കൊല്ലപ്പെടുന്ന ദിവസം വരെ......

കുമ്മാശന്റെ മകൻ മീരനെപ്പറ്റി അലോചിക്കുമ്പോഴൊക്കെ തെളിമയോടെ വിനോദിന്റെ മുഖം ആൽബർട്ടിൽ വന്നു കൊണ്ടിരുന്നു.

കാതറിന്റെ സ്നേഹം പിടിച്ചു പറ്റാൻ കഴിഞ്ഞ വിനോദ്...!

പാറപ്പുറത്തു നിന്ന് അസഹ്യതയോടെ അയാൾ എഴുന്നേറ്റു. ആകാശത്ത് വെള്ള വീണുതുടങ്ങി. നാളെ കഴിഞ്ഞാൽ ഞായറാഴ്ചയാണ്. അതിനു മുൻപ് എങ്ങനേയും ആരാധനാഹാൾ പുതുക്കണം.

എങ്ങനെയെങ്കിലും വിജയിക്കണം. തകർത്തു മുടിച്ചു വാരാൻ ഇരുട്ടിന്റെ ശക്തികൾ പോരിനിറങ്ങുമ്പോൾ, കടന്നു വരുന്ന പ്രതിസന്ധികളുടെ ഉഷ്ണച്ചൂടിനാൽ തളരാതെ എങ്ങനേയും ഷെഡ് പുനർനിർമ്മിക്കണം.

ഡേവിഡ് തന്ന കുറേ കാശ് മിച്ചമിരിപ്പുണ്ട്. മുളകളും പനയോലയും സംഘടിപ്പിക്കണം. പിന്മാറിപോയവരെ തിരികെ കൊണ്ടു വരണം. കമ്പനും കുമ്മാശനും ദൈവീകസ്പർശനം അറിയണം.

ഈ വ്യാകുലതകൾക്കിടയിലാണ് കാതറിൻ വന്നു നിൽക്കുന്നത്, വിനോദ് ചോരയിൽ കുളിച്ച് പിടഞ്ഞു വീഴുന്നത്; കോപമാളുന്ന നോട്ടം കതറിനിൽ നിന്നു വരുന്നത്.....

നീലമുടിയിലായി വെളിച്ചം പടർന്നു തുടങ്ങുന്നു. അല്പം ഉമിക്കിരിയുമായി ഒതുക്കുകല്ലുകൾ കയറി, മുളങ്കാടിലൂടെ നടന്ന്, അരണ്ട വെളിച്ചത്തിൽ കാലു തെറ്റി വീഴാനാഞ്ഞ് കാട്ടരുവിയുടെ ചിലമ്പലുകൾ കേൾക്കുവാനായി അയാൾ നടന്നു. വെള്ളത്തിന്റെ തണുപ്പിലേക്കിറങ്ങുമ്പോഴും മനസ്സ് പുകയുകയായിരുന്നു. മനസ്സിൽ പീഡകൾ ഏറുമ്പോൾ എങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയും, എങ്ങനെ സമാധാനത്തോടെയിരിക്കാൻ കഴിയും?

മുഖവും വായും കഴുകി അയാൾ അരുവിയിലേക്ക് ഉന്തി നിൽക്കുന്ന ആ പാറപ്പുറത്ത് കയറി ഇരുന്നു.

ഈ പാറപ്പുറത്ത്, വിനോദിന്റെ പ്രാർത്ഥനാ വേളയിലാണ് പിറകിലൂടെ കുതിച്ചു ചെന്ന് മീരൻ വാൾ വീശുന്നത്. ഇരിക്കുന്ന ഇരുപ്പിൽ നിലവിളിയോടെ വിനോദ് പിറകോട്ട് വളഞ്ഞു കാണണം. പിന്നെ തിരിഞ്ഞ് മീരനെ വിസ്മയത്തോടെ നോക്കി കാണണം. അപ്പോഴേക്കും അടഹാസത്തോടെ വിനോദിന്റെ കഴുത്തിനു നേരെ മീരൻ വാൾ പറത്തി കാണും.

ആൽബർട്ടിന്റെ നെഞ്ചര വിങ്ങി പുകഞ്ഞു.

ദൈവമേ...എന്റെ വിനോദ്...

എത്ര പരിശ്രമിച്ചിട്ടും മനസ്സിനെ വിനോദിൽ നിന്നും പറിച്ചെടുക്കാൻ ആൽബർട്ടിനായില്ല. അന്ന് വിനോദാണ് പുതിയോരാശയം ആൽബർട്ടിന്റെ മുൻപിൽ അവതരിപ്പിക്കുന്നത്. നഗരത്തിൽ നിന്നു കഴിവതും വേഗത്തിൽ, പഴയതെങ്കിലും ഉപയോഗിക്കാവുന്ന വസ്ത്രങ്ങൾ ശേഖരിച്ച് നീലമുടിയിൽ വിതരണം ചെയ്യുന്നതിനെ പറ്റി., കുട്ടികളുടെ പടർന്നു പന്തലിച്ച ചെമ്പൻ മുടി വെട്ടിയൊതുക്കുന്നതിനെപ്പറ്റി...

കോയിന്റെ കാളവണ്ടിയിൽ, അങ്ങനെ മുണ്ടോട്ടിത്തറ വരെ വാനിൽ എത്തിച്ച വസ്ത്രങ്ങളും എണ്ണയും മറ്റ് ഉപകരണങ്ങളും, നീലമുടിയിലേക്ക് ചെന്നു. ആൽബർട്ടും വിനോദും വിശ്വാസികളെന്നോ അവിശ്വാസികളെന്നോ ഭേദമില്ലാതെ അവ വിതരണം ചെയ്തു. മൂപ്പന് ഒരു വാച്ചും ഫ്ളാസ്കും സമ്മാനിക്കനും വിനോദാണ് പറഞ്ഞത്.

ഏതോ കാട്ടുജ്വരം പിടിച്ച്, കാട്ടിലെ എല്ലാ ഇലകളും വേരും തിന്നിട്ടും രക്ഷയില്ലാതെ വന്നപ്പോഴാണ് മൂപ്പനരികിൽ ആൽബർട്ട് ചെല്ലുന്നതും പ്രാർത്ഥിക്കുന്നതും. ദൈവകൃപയാൽ അന്ന് മൂപ്പൻ സൗഖ്യമായി. അതിനുശേഷം, യേശുവിനെക്കുറിച്ചു കേൾക്കുവാൻ മൂപ്പന് താൽപര്യം വന്നു തുടങ്ങി. യേശുവിന്റെ അരികിലേക്കുള്ള മൂപ്പന്റെ വഴി എപ്പോഴും മുടക്കി നിന്നിരുന്നത് കുമ്മാശനായിരുന്നു. മൂപ്പന് ഒരു താൽപര്യം ഉണ്ടായാൽ നല്ലതെന്നു കരുതി, വിനോദ് പറഞ്ഞതുപോലെ, ആൽബർട്ട് വാച്ചും ഫ്ളാസ്കും നൽകി. അതിന്റെ പ്രവൃത്തനങ്ങൾ വിശദീകരിച്ചു കൊടുത്തു. വിനോദ് ഉദ്ദേശിച്ച ഫലം കാണുക തന്നെ ചെയ്തു.

കുമ്മാശൻ മറ്റ് ഊരുകളിലേക്ക് മന്ത്രവാദത്തിനായി പോകുമ്പോൾ മൂപ്പൻ ആൽബർട്ടിന്റെ അടുക്കൽ പ്രാർത്ഥനയ്ക്കായി വന്നു തുടങ്ങി.

നീലമുടിയിൽ വസ്ത്രവും എണ്ണയും മറ്റും തികയാതെയായപ്പോൾ വിനോദ് അവന് പരിചയമുള്ള ഒരു സുവിശേഷ സംഘടനയ്ക്ക് നീലമുടിയെക്കുറിച്ചുള്ള റിപ്പോർട്ട് അയച്ചു. അതിനു ശേഷം, ആ സംഘടനയിലെ പ്രവർത്തകർ സൗജന്യ ചികിത്സാ ക്യാമ്പുകൾക്കായും വൃത്തിയാക്കലുകൾക്കായും നീലമുടിയിൽ വന്നു പൊയ്കൊണ്ടിരുന്നു. വസ്ത്രങ്ങളും മറ്റ് ആവശ്യവസ്തുക്കളും നിരന്തരമായി വന്നു കൊണ്ടിരുന്നു.

വിനോദ് കൂടെയുണ്ടായിരുന്ന കാലത്ത് സ്കൂളിൽ എന്നും ഉത്സവ പ്രതീതിയായിരുന്നു.

അങ്കിൾ എന്നാണ് അവരെ കൊണ്ട് വിനോദ് വിളിപ്പിച്ചത്. അന്നൊക്കെ പലപ്പോഴും തനിക്ക് വിനോദിനോടായി അസൂയ തോന്നിയിരുന്നില്ലേ..?

നീലമുടിയിൽ അവന് തന്നെക്കാൾ പ്രീതി ലഭിച്ചെന്ന് തോന്നിയപ്പോൾ, തന്റെ സ്വപ്നമായിരുന്ന സ്കൂളിൽ കുട്ടികളൊത്ത് അവൻ ഉല്ലസിക്കുമ്പോൾ, പലപ്പോഴും താൻ കാഴ്ചക്കാരൻ മാത്രമായിരുന്നു.

അവനെ പറഞ്ഞയക്കണമെന്ന് പലതവണ മനസ്സ് നിർബ്ബന്ധം പിടിച്ചിരുന്നു. ഒടുവിൽ ആൽബർട്ടിലെ തകർച്ച പൂർണ്ണമാക്കാനെന്നവണ്ണം കാതറിനും വന്നപ്പോൾ....!

മാതേവനാണ്, ചരിവിലൂടെ അവളെ കുടിലിന് മുൻപിൽ കൊണ്ടു വന്നത്.

അങ്കിളിനെ കാണണമെന്ന് പറഞ്ഞു വന്നതാ....

വിനോദിനെ കുട്ടികൾ മാത്രമല്ല, നീലമുടിക്കാർ പ്രായഭേദമന്യേ അങ്കിൾ എന്നാണ് വിളിച്ചിരുന്നതെന്ന് ആൽബർട്ട് ഓർത്തു.

അന്ന് തന്നെ നോക്കി ഒന്നു പുഞ്ചിരിക്കാൻ ശ്രമിച്ചിട്ട് കുടിലിനടുത്തായി തണൽ തളർന്നുകിടക്കുന്ന പാറപ്പുറത്ത് അവളിരുന്നു, സ്കൂളിലെ പഠിപ്പിക്കലും കഴിഞ്ഞ്, കുറേ കുടുമ്പുകളിൽ കയറിയിറങ്ങി ഒടുവിൽ വിനോദ് മടങ്ങി വരുന്നതു വരെ.

അതുവരെ ബൈബിൾ പഠിച്ചു കൊണ്ടിരുന്ന ആൽബർട്ടിന് തുടർന്ന് അതിൽ ശ്രദ്ധിക്കാനായില്ല. കുടിലിന് അകത്തേക്ക് ക്ഷണിക്കാൻ പോലും മറന്ന് അയാൾ പീഡിതനായി, മണിക്കൂറുകളോളം നിശ്ചലം ഇരുന്നു. അന്ന് രാവിലെയാണ് കാതറിൻ വന്നത്. ഉച്ച കഴിഞ്ഞപ്പോൾ വിനോദും.

അന്നാണ് കാതറിനോടായി തനിക്കുണ്ടായിരുന്ന ഹൃദയബന്ധം വിനോദ് മനസ്സിലാക്കുന്നത്.

ചിലപ്പോൾ അങ്ങനെയാണ് ആൽബർട്ട്, നാം പ്രതീക്ഷിക്കുന്നത് സംഭവിക്കില്ല... എന്നോ മറ്റോ വിനോദ് അന്ന് പറഞ്ഞിരുന്നു.

സന്ധ്യവരെ കാതറിൻ വിനോദിനോടൊപ്പം ഉണ്ടായിരുന്നു.

അവളുടെ കണ്ണുകൾ പലപ്പോഴും പൂക്കുന്നത് ആൽബർട്ട് ശ്രദ്ധിച്ചിരുന്നു. സന്ധ്യയോടെ കാതറിൻ പോയി. വിനോദാണ് തന്റെ ഒന്നാമത്തെ എതിരാളിയെന്നുവരെ ആൽബർട്ടിനു തോന്നിയ ദിവസമായിരുന്നത്.

ആൽബർട്ട്, എന്താടോ ഇങ്ങനെ ഗ്ലൂമിയായി, വിട്ടു കളയടോ.. ..തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷകളിൽ മാത്രം ശ്രദ്ധവെയ്ക്ക്. നമ്മുക്ക് എന്തൊക്കെ വേണം, എന്തൊക്കെ വേണ്ട എന്ന് തീരുമാനിക്കുന്നത് അവിടുന്നല്ലേ...

തന്നെക്കാൾ എത്രയോ വലിയവനാണ് വിനോദ് എന്ന് ആൽബർട്ടിന് തോന്നി. ആരും കാണാതെ കുറേ കരഞ്ഞപ്പോൾ; ദൈവത്തോടായി കുറേ പരിഭവം പറഞ്ഞപ്പോൾ എന്തോ സമാധാനം വന്നു നിറയുന്നതായി ആൽബർട്ട് അറിഞ്ഞു. നീലമുടിയിൽ താൻ ഒരു ആവശ്യമല്ലന്ന് തോന്നിപ്പിക്കുന്ന സാത്താന്റെ തന്ത്രത്തെ യേശുവിന്റെ രക്തത്താൽ തകർത്ത് അയാൾ തുടർന്നു പ്രാർത്ഥിച്ചു.

ആൽബർട്ട് അപ്പോഴും ഓർമ്മകളിൽ തന്നെയായിരുന്നു. നീലമുടിയിൽ പിന്നേയും മാറ്റങ്ങൾ വന്നു തുടങ്ങി. കോതയ്ക്ക് പിറന്ന കുഞ്ഞിന് ജോണി എന്നു പേരിട്ടു. ഭാര്യ മരിച്ചാൽ തല മൊ

04

**ചോദ്യോത്തര വേദി**

# ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ സ്വർഗ്ഗത്തിൽ വിശുദ്ധ പദവിയിലോ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചതും നോഹയുടെ കാലത്തെ ജലപ്രളയവും ഉൾപ്പെടെ ഉല്പത്തി ഒന്നാം അദ്ധ്യായം മുതൽ ഉല്പത്തി പതിനൊന്നാം അദ്ധ്യായം വരെ താൻ വിശ്വസിക്കുന്നില്ലെന്നും **മറിച്ച്** ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം തെറ്റല്ലെന്നും എ. ഡി. 1996ൽ ജോൺ പോൾ മാർപ്പാപ്പ പ്രഖ്യാപിച്ചിരുന്നു. എ. ഡി. 2000–ൽ, ഏകദേശം രണ്ടുലക്ഷം കത്തോലിക്ക പുരോഹിതന്മാർ, തങ്ങൾക്ക് ആദിമ അപ്പൊസ്തലന്മാരുടെ ഉപദേശമനുസരിച്ച് (1തിമൊ.3:1–7) കുടുംബജീവിതം നയിച്ചുകൊണ്ട് സഭയെ ശുശ്രൂഷിക്കാൻ അനുവദിക്കണമെന്നുള്ള നിവേദനവും ജോൺ പോൾ മാർപ്പാപ്പ തള്ളിക്കളഞ്ഞിരുന്നു. വേദപുസ്തകത്തിന്റെ അന്തസത്ത വിശ്വസിക്കാതെയാണ് കത്തോലിക്കാസഭയ്ക്ക് അദ്ദേഹം ദിശാബോധം നൽകിയത്. അദ്ദേഹത്തെ കത്തോലിക്കസഭ വിശുദ്ധനായി പ്രഖ്യാപിച്ചിരിക്കുന്നു. സ്വർഗ്ഗത്തിലും അദ്ദേഹം വിശുദ്ധപദവിയിലാണോ? പ്രതികരിക്കുമല്ലോ.

**കുരിയാച്ചൻ, കരിപ്പോട്ട്, നെടുങ്ങാടപ്പള്ളി**

**ഉത്തരം:** ലോകജനസംഖ്യയുടെ 25 ശതമാനം വരുന്ന കത്തോലിക്കസഭ പ്രാധാന്യം കൊടുക്കുന്നത് അവരുടെ സുന്നഹദോസിലെ തീരുമാനങ്ങൾക്കും, കാലാകാലങ്ങളിൽ സുന്നഹദോസുകളിൽ എടുത്ത തീരുമാനങ്ങളനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങൾക്കുമാണ്. ഒരു സമുദായമെന്ന നിലയിൽ അവരുടെ സഭാംഗങ്ങൾക്ക് കൊടുക്കുന്ന പദവികളും അംഗീകാരവും അവരുടെ ആഭ്യന്തര കാര്യമാണ്. അകത്തോലിക്കർ അതിനെക്കുറിച്ച് പ്രതികരിച്ചിട്ടോ പരിഭവിച്ചിട്ടോ കാര്യമില്ല.

ക്രിസ്തീയസഭയെ നയിക്കേണ്ടവർ കുടുംബസ്ഥരായിരിക്കണമെന്നാണ് ആദിമ അപ്പൊസ്തലന്മാരുടെ ഉപദേശം (1 തിമൊ. 3:1–7). വചനം ഇപ്രകാരം വെളിപ്പെടുത്തുന്നു: 'സ്വന്തം കുടുംബത്തെ പരിപാലിക്കാനറിയാത്തവൻ അനേക കുടുംബങ്ങളുടെ കൂട്ടായ്മയായ ദൈവസഭയെ എങ്ങനെ പരിപാലിക്കും' (1തിമൊ.3:5 ആശയപരമായ സ്വതന്ത്രപരിഭാഷ). വിവാഹം വിലക്കുന്നത് (ഇടയന്മാർ വിവാഹം കഴിക്കാൻ പാടില്ല എന്നുള്ള നിയമം) ക്രിസ്തീയ ഉപദേശമല്ല മറിച്ച് **ഭൂതങ്ങളുടെ ഉപദേശമാണെന്നാണ് മറ്റൊരു വചനം (1തിമൊ. 4:1–3).**

ആഗോളതലത്തിൽ ഒരു വർഷം ഏകദേശം 200 കത്തോലിക്കാ പുരോഹിതന്മാരെയും ഏതാനും മെത്രാന്മാരെയും ലൈംഗീക കുറ്റകൃത്യങ്ങളുടെ പേരിൽ സഭ പുറത്താക്കുന്നുണ്ട്. എല്ലാവർഷവും 200–ന് മുകളിലുള്ള സംഖ്യയാണ് ആഗോളതലത്തിൽ വരുന്നത്. പോലീസ്/കോടതി നടപടികളുണ്ടാകുമ്പോഴാണ് സാധാരണയായി പുരോഹിതന്മാരെ സഭ പുറത്താക്കുന്നത്. പോലീസ്/കോടതി നടപടികളിലേക്ക് വരാത്ത ധാരാളം ലൈംഗീക അതിക്രമങ്ങൾ സഭാനേതൃത്വത്തിൽ നടക്കുന്നുണ്ട്. ആദിമ അപ്പൊസ്തലിക ഉപദേശങ്ങൾക്ക് വിരുദ്ധമായി വിവാഹം വിലക്കിക്കൊണ്ടുള്ള ക്രിസ്തീയ ശുശ്രൂഷ നടക്കുന്നതുകൊണ്ടാണ് പുരോഹിതന്മാരുടെയും മെത്രാന്മാരുടെയും ലൈംഗീക അതിക്രമങ്ങൾ വർദ്ധിക്കുന്നത് എന്നാണ് എന്റെ നിഗമനം.

വിശുദ്ധ പദവി ലഭിച്ച ജോൺ പോൾ മാർപ്പാപ്പ വിശ്വസിച്ചിരുന്നില്ലെങ്കിലും, ആദാമും ഹവ്വായും സൃഷ്ടിക്കപ്പെട്ടതാണെന്നും ചരിത്ര വ്യക്തികളാണെന്നും യേശുക്രിസ്തു തന്റെ ശുശ്രൂഷാകാലത്ത് **പഠിപ്പിച്ചിരുന്നു (മത്തായി 19:4; മർക്കൊസ് 10:6).** നോഹയുടെ കാലത്തെ ജലപ്രളയം ചരിത്രയാഥാർത്ഥ്യമാണെന്ന് **കർത്താവ് പഠിപ്പിച്ചിരുന്നു** (ലൂക്കോസ് 17:26). ആദിമ അപ്പൊസ്തലന്മാർ പ്രഘോഷിച്ചതും വ്യാഖ്യാനിച്ചതുമായ കർത്താവിന്റെ വചനങ്ങൾ **വിശ്വസിക്കുന്നതിനാണ് ക്രിസ്തീയവിശ്വാസം എന്ന് പറയുന്നത് (റോമർ 10:17).** ഭൂമിയിലെ ജീവിതത്തിൽ കാണാത്ത കാര്യങ്ങളായ സ്വർഗ്ഗം, നരകം, ന്യായവിധി, മരണാനന്തര അവസ്ഥ, ദൂതന്മാർ, സാത്താൻ, അശുദ്ധാത്മാക്കൾ ഇവയെക്കുറിച്ചെല്ലാം കർത്താവ് തന്റെ ശുശ്രൂഷാകാലത്ത് പഠിപ്പിച്ചിരുന്നു. മേൽപറഞ്ഞ **കാണാത്ത കാര്യങ്ങളുടെ ഉറപ്പിനാണ് ക്രിസ്തീയ വിശ്വാസം എന്ന് പറയുന്നത്** (എബ്രായർ 11:1).

തന്റെ കല്പനകളൊക്കെ തന്നിൽ വിശ്വസിക്കുന്നവരെ **അനുസരിക്കാൻ** പഠിപ്പിക്കണമെന്ന് ഉയർത്തെഴുന്നേറ്റ കർത്താവ് അരുളിച്ചെയ്തിരുന്നു(മത്തായി 28 : 20). 'യേശുവിന്റെ പേരിൽ ശുശ്രൂഷ ചെയ്യുകയും യേശുവിന്റെ ഉപദേശങ്ങളും കല്പനകളും **അനുസരിക്കാതിരിക്കുകയും** ചെയ്യുന്നവൻ കള്ളനാകുന്നു സത്യം അവനിലില്ല' എന്നാണ് അപ്പോസ്തലിക വചനം(1 യോഹ.2: 4–6 സ്വതന്ത്ര പരിഭാഷ).

ചോദ്യമുന്നയിച്ച താങ്കളും, ഉത്തരം നല്കിയ ഞാനും, വിശുദ്ധപദവിയിലേക്കുയർത്തിയ ജോൺ പോൾ മാർപ്പാപ്പയും ഇതു വായിക്കുന്ന വിശ്വാസികളും സർവ്വജ്ഞാനിയും സർവ്വശക്തനുമായ കർത്താവിന്റെ ന്യായാസനത്തിന് മുൻപിൽ ഏകനായി **തീയാൽ** പരിശോധിക്കപ്പെടേണ്ടതിന് നിൽക്കേണ്ടതാകുന്നുവെന്ന് **വചനം വെളിപ്പെടുത്തുന്നു**(1 കൊരി 3: 11–15, 1കൊരി 4: 5, 2കൊരി 5: 10). അന്നാളിൽ നമ്മളന്യോന്യം ആദരിച്ച പദവികളും അവാർഡുകളും സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനപ്രകാരമാണോ (സങ്കീ. 119:89) അല്ലെങ്കിൽ **കർത്താവിന്റെ തീയിൽ** വെന്തു പോകുമോ എന്നാണ് നമോരോരുത്തരും ചിന്തിക്കേണ്ടത്.

**അടിക്കുറിപ്പ്**: വിശുദ്ധപദവിയിലേക്ക് ഉയർത്തിയവരോട് പ്രാർത്ഥിച്ച് രോഗസൗഖ്യം ലഭിച്ചു അല്ലെങ്കിൽ അത്ഭുതം നടന്നു എന്നുള്ള സർട്ടിഫിക്കറ്റ് ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ വായിക്കണമെങ്കിൽ ശ്രീ. ലോനപ്പൻ നമ്പാടന്റെ ആത്മകഥയായ **സഞ്ചരിക്കുന്ന വിശ്വാസി** വായിക്കുക. ശ്രീ. ലോനപ്പൻ നമ്പാടൻ 25 വർഷം കേരള നിയമസഭയിൽ എം. എൽ. എ ആയിരുന്നു. 2 വർഷം എം. പി, 2 പ്രാവശ്യം മന്ത്രി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച അദ്ദേഹം ആത്മാർത്ഥയുള്ള ഒരു കത്തോലിക്കാ വിശ്വാസിയായിരുന്നു. അദ്ദേഹത്തിന് മന്ത്രി സ്ഥാനം ലഭിച്ചതും ദീർഘകാലം എം. എൽ. എ ആയതും മരിച്ചു പോയ **പുത്തൻചിറയിലെ മറിയം ത്രേസ്യയോട്** പ്രാർത്ഥിച്ചതു കൊണ്ടാണെന്ന് ഒരു സാക്ഷ്യപത്രം കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ചില കന്യാസ്ത്രീകൾ അദ്ദേഹത്തിനെ സമീപിച്ചിരുന്നു. ഈ സാക്ഷ്യപത്രം റോമിൽ അയച്ചുകൊടുത്ത് വിശുദ്ധപദവി തരപ്പെടുത്തുക എന്നുള്ളതായിരുന്നു ലക്ഷ്യം. അദ്ദേഹത്തിന്റെ വാക്കുകൾ: *വാസ്തവത്തിൽ മറിയം ത്രേസ്യയെക്കുറിച്ച് എനിക്കു യാതൊരു അറിവുമില്ലായിരുന്നു. ഞാൻ അവരോട് പ്രാർത്ഥിച്ചിട്ടില്ല. എനിക്ക് അവരുടെ അനുഗ്രഹം ലഭിച്ചിട്ടുമില്ല. അത്തരത്തിലുള്ള എന്നോടാണ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടത്. കന്യാസ്ത്രീകളുടെ നിർബന്ധത്തിനു വഴങ്ങി വലിയ രണ്ടു ലെറ്റർ പാഡ് എടുത്ത് അവർക്ക് കൊടുത്തശേഷം ഞാൻ പറഞ്ഞു: ആവശ്യമായ വിവരങ്ങൾ ഇതിൽ ടൈപ്പു ചെയ്തു കൊണ്ടുവരിക. കന്യാസ്ത്രീകൾ ലെറ്റർപാഡുമായി പുറത്തുപോകുകയും തിരിച്ചെത്തുകയും ചെയ്തു. ലെറ്റർ പാഡിലെഴുതിയ വാചകങ്ങൾ കണ്ടു ഞാൻ അത്ഭുതപ്പെട്ടു. വാചകങ്ങൾ ഇപ്രകാരമായിരുന്നു 'മറിയം ത്രേസ്യായോടു പ്രാർത്ഥിച്ചതിനാൽ എനിക്കു ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. ഞാൻ എം. എൻ. എയും മന്ത്രിയും ആയതും ആ പ്രാർത്ഥനയുടെ ഫലമാണ്'.*

*പച്ചക്കള്ളമാണ് എഴുതിപ്പിടിപ്പിച്ചിരുന്നെങ്കിലും ഞാൻ സർട്ടിഫിക്കറ്റിൽ ഒപ്പിട്ടു സീലുവെച്ചു നൽകി. കന്യാസ്ത്രീകൾ ആഹ്ലാദത്തോടെ നന്ദി പറഞ്ഞുപോകുകയും ചെയ്തു. എന്റെ പി. എ. ആന്റോ കോക്കാട് ഈ സംഭവത്തിനു സാക്ഷിയായിരുന്നു. ഞാൻ കൊടുത്ത സർട്ടിഫിക്കറ്റ് കന്യാസ്ത്രീകൾ റോമിലേക്ക് അയച്ചുകൊടുത്തുവെന്ന് ഞാൻ പിന്നീട് അറിഞ്ഞു.*

## 02 മാതാപിതാക്കൾ അറിയാൻ...

ള്ള ആശയവിനിമയം ആണ് മുഖ്യം. ഒപ്പം സ്നേഹത്തിൽ അധിഷ്ഠിതമായ തിരുത്തലുകളും നിർദ്ദേശങ്ങളും തുറന്ന ചർച്ചകളും കുട്ടികൾക്ക് ഉത്സാഹം പകരും.

**സ്വഭാവ രൂപീകരണം പ്രധാനം**

കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണത്തിൽ ചെറുപ്പം മുതൽ തന്നെ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുഞ്ഞുങ്ങളുടെ ഇടപ്പെടൽ , അനാവശ്യനിർബന്ധങ്ങൾ, ദേഷ്യം, സ്വാർത്ഥത തുടങ്ങിയവയെല്ലാം വളരെ ചെറുപ്പത്തിൽ തന്നെ നുള്ളണം. "ചുട്ടയിലെ ശീലം ചുടലവരെ" എന്നത് ശ്രദ്ധേയമാണ്. ശാസ്ത്ര വീക്ഷണത്തിൽ കുഞ്ഞുങ്ങളിലെ ചില സ്വഭാവങ്ങൾ പാരമ്പര്യമായി മാതാപിതാക്കൾ നിന്നും ലഭിക്കുന്നു. ഡി. എൻ. എ. ആണ് ഒരാളുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നത്. എന്നാൽ മറ്റ് ചിലർ തുടർച്ചയായി ശീലിക്കുന്നതു മൂലം ജീവിതത്തിന്റെ ഭാഗമാകുന്നവയും ആണ്. നിർബന്ധങ്ങൾ മൂലം കാര്യങ്ങൾ സാധിക്കും എന്ന് തോന്നിയാൽ, അത് കുഞ്ഞിന്റെ സ്വഭാവത്തിന്റെ ഭാഗമായി മാറാം. തെറ്റായ അസ്വാദനം (കാഴ്ചകൾ) ശീലമാക്കിയാൽ അത് സ്വഭാവമായി തീരാം...തുടർച്ചയായി ചെയ്യുന്ന എന്തും ശീലമായും ശീലങ്ങൾ സ്വഭാവമായും മാറാം. സ്വഭാവം ആണ് ഒരാളുടെ ജീവിതത്തെയും ഭാവിയെയും നിശ്ചയിക്കുന്നത്.

## 02 വേദ പഠനം...

ലീനമായിരിക്കുന്നത് ഹൃദയാന്തർഭാഗത്തായതിനാൽ പാപബീജവാഹിനിയായ അക്ഷയപാത്രനെന്ന് ഹൃദയത്തെ വിശേഷിപ്പിച്ചാൽ തെറ്റില്ല. പ്രവാചകനായ യിരെമ്യാവ് പറയുന്നത്, ഹൃദയമെല്ലാറ്റിനെക്കാളും കപടവും വിഷവുമുള്ളതാണ്...യിരെ. 17: 9, വിശുദ്ധ ബൈബിളിൽ പലവിധത്തിലുള്ള ഹൃദയത്തെക്കുറിച്ച് പറയുന്നുണ്ട്.

1) ദുഷ്ടഹൃദയം, യിരെ. 17: 9, എബ്രാ. 3: 2
2) കഠിന ഹൃദയം, സങ്കീ. 95:8, എബ്രാ. 3: 7 –9
3) നുറുങ്ങിയ ഹൃദയം, സങ്കീ. 51: 17, 34 : 18
4) വിശ്വസിക്കുന്ന ഹൃദയം, റോമ. 10: 9 – 10
5) ശുദ്ധഹൃദയം, മത്താ. 5: 8
6) കുത്തുകൊണ്ട ഹൃദയം അ: പ്രവ. 2: 37
7) കത്തുന്ന ഹൃദയം, ലൂക്കോ. 24: 32
8) കലങ്ങിയ ഹൃദയം, യോഹ. 14: 1 –3
9) സ്നേഹിക്കുന്ന ഹൃദയം, മത്താ. 22: 37 –39

ഒരിക്കൽ ഒരു ചിന്തകൻ ഹൃദയത്തെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്, മനുഷ്യവർഗ്ഗത്തെ ബാധിച്ചിരിക്കുന്ന സകലപ്രശ്നങ്ങളുടെയും ഹൃദയം മനുഷ്യഹൃദയമാണ്. സ്നേഹിക്കുന്ന ഹൃദയം മറ്റു ഹൃദയങ്ങളിലേക്കും അഗ്നി കത്തിക്കുന്നു.

**തുടരും......**

Visit Us Website: www. beljourn.com

## 02 നോവൽ 7...

ട്ടയടിച്ച്, വൃത്തിഹീനനായി മാസങ്ങളോളം നടക്കുന്ന പതിവ് തന്റെ വിശ്വാസികൾക്കിടയിൽ നിന്ന് ആൽബർട്ട് നീക്കി കളഞ്ഞു. അലോപ്പതിയും മറ്റു ചികിത്സയും അവർക്ക് നൽകപ്പെട്ടു. രോഗങ്ങൾ മലമൂത്തിയുടെ കോപമായി കാണുന്ന പ്രവണത നിർത്തിച്ചു. അതുപോലെ വിനോദ് തന്റെ പരിചയത്തിലുള്ള ക്രൈസ്തവ സംഘടനയുടെ പിന്തുണയിൽ നീലമുടിയിൽ കക്കൂസുകൾ പ്രചാരത്തിലാക്കി. നിരവധി മറപ്പുരകൾ നിർമ്മിക്കപ്പെട്ടു.

എന്നാൽ ഇങ്ങനെ ആദിവാസി കോളനികളിൽ വെളിച്ചം വീശുന്നത് അവരെ കൊണ്ട് വിടുപണി ചെയ്യിക്കുന്ന നഗരത്തിലുള്ള ചില മുതലാളിമാർക്കും പ്രത്യേകിച്ച് കുമ്മാശനും ഇഷ്ടമായിരുന്നില്ല.

**(തുടരും)**

## 01 ക്രിസ്തീയ വിശ്വാസത്തിന്റെ...

വർത്തനത്തിലൂടെയാണ്. ഇസ്ലാമിന്റെ വളർച്ചയ്ക്ക് സഹായമായത് ഉയർന്ന തോതിൽ ഉള്ള ജനനനിരക്ക് ആണ്.

കണക്കിന്റെ കളിയിൽ ദൈവത്തിന് താൽപര്യം ഇല്ലെങ്കിലും ഓരോ ആത്മാവ് രക്ഷിക്കപ്പെടുമ്പോഴും സ്വർഗ്ഗം സന്തോഷിക്കുന്നു എന്ന് കാണാം. എന്നാൽ ഈ ആത്മാക്കൾ പിൻമാറുമ്പോൾ സ്വർഗ്ഗം ദുഃഖിക്കുമായിരിക്കും.

അതുകൊണ്ടുതന്നെ വിശ്വാസികൾ പിന്മാറ്റത്തിലേക്ക് പോകാതിരിക്കാൻ ഉള്ള മാർഗങ്ങൾ സഭാ നേതൃത്വം സ്വീകരിക്കുകയാണെങ്കിൽ പിൻമാറ്റക്കാരുടെ ഒഴുക്ക് തടയാൻ സഭയ്ക്കാകും.

## 05 മാമ്മോൻ അച്ചായന്...സ്വന്തം ദാസൻ...

അച്ചായന്മാരുടെ സ്നേഹവും ഗൾഫ് മുതലാളിമാരുടെ കൃപയും നാട്ടിലെ കള്ളപ്പണക്കാരുടെ സംബന്ധവും സഹവാസവും എന്നുമെന്നേക്കും എന്നോട് കൂടെ മാത്രം ഉണ്ടായിരിക്കട്ടെ എന്ന് തന്നെത്താൻ ആശീർവാദിക്കുമ്പോൾ തന്റെ കെട്ടിയോൻ ഒരു വലിയ സംഭവമാണെന്ന് വിശ്വസിക്കുന്ന കൂട്ടു ദാസി ആമേൻ പറഞ്ഞോളും "കർത്താവായ യേശുവേ" എന്ന് പറഞ്ഞു കൊടുത്തിട്ട്, "വേഗം വരേണമേ എന്ന് പുറമേയും "ഇപ്പോഴെങ്ങും വരല്ലേ" എന്ന് ഹൃദയത്തിലും പറയാൻ ആടുകളെയും ശീലിപ്പിച്ച സ്ഥിതിക്ക് ബാക്കി കാത്തിരുന്നു കാണാം. മാമ്മോൻ അച്ചായന്റെ ശക്തിയും സ്വാധീനവും കാണുമ്പോൾ അറിയാതെ ബഹുമാനത്തോടെ വിളിച്ചു പോകുന്നു "എങ്കിലും എന്റെ ജോർജ്ജുകുട്ടീ".

ലേഖനം

# മാമ്മോൻ അച്ചായന്...സ്വന്തം ദാസൻ



റെജി പോൾ
ഷാർജ

പ്രോസ്പിരിറ്റി തിയോളജി എന്ന വാക്കിനെ സമൃദ്ധിയുടെ ദൈവശാസ്ത്രം എന്ന് തർജ്ജമ ചെയ്യാതെ സമൃദ്ധിയുടെ സുവിശേഷം എന്നാക്കിയ രാക്ഷസബുദ്ധി ആരുടേതാണാവോ. ഏതായാലും പുത്തരിയിൽ തന്നെ കല്ല് കടിച്ചപ്പോൾ സംഗതിയുടെ വ്യാജസ്വഭാവം കുറെയൊക്കെ വെളിപ്പെട്ടു കാണുമല്ലോ. നാട് വിട്ടു കൂട് വിട്ടു നാമധേയ കൂട്ടം വിട്ടു വന്നത് പണത്തിനും പ്രശസ്തിക്കും വേണ്ടിയാണെങ്കിൽ പിന്നെ എന്തിനാ ഇങ്ങോട്ട് വന്നത് അവിടെ തന്നെ നിന്നാൽ പോരായിരുന്നോ എന്ന് ചോദിച്ചാൽ, ചോദിക്കുന്നവൻ നരകത്തിൽ പോകുമെന്ന് അലിഖിത പ്രമാണമുള്ളതു കൊണ്ടായിരിക്കണം ആരുമൊന്നും ചോദിക്കാത്തത്. ദൈവസേവയുടെ വലിപ്പം നിമിത്തം കേരളത്തിൽ ഏറ്റവും ആദ്യവും കൂടുതലും എ. ടി. എം. മെഷീൻ ഉള്ളത് കുമ്പനാട്ടാണെന്നതായിരുന്നു. ഒരു കാലഘട്ടത്തിലെ തുടർപ്രസംഗം. ഒരു പക്ഷെ ദൈവം ആർക്കും കടക്കാരനല്ല എന്ന സത്യം തെളിയിക്കാനായിരിക്കും ഇത് ചെയ്തു കൊടുത്തത്. മലാഖിയുടെ പുസ്തകത്തിൽ പറയുന്ന പോലെ ദശാംശം കൃത്യമായി കൊടുത്താൽ, ആകാശത്തിന്റെ കിളിവാതിൽ തുറന്നു അളവില്ലാതവണ്ണം കാശ് കിട്ടുമെന്നു കരുതി മുതലിറക്കിയ പലരും മുടക്ക് മുതലുപോലും തിരിച്ചു കിട്ടാതെ ഊർധശ്വാസം വലിക്കുമ്പോൾ കാശ് കൊടുത്തവന്റെയല്ല വാങ്ങിയവന്റെ ജീവിതത്തിലാണ് വാഗ്ദത്തം നിറവേറിയതെന്ന വാസ്തവമോർത്തു ഊറി ചിരിക്കുന്നവരാണ് ശ്രേഷ്ഠദാസന്മാർ എന്നൊന്നും അപഖ്യാതി പറയരുത്. എളിയ ദാസനിൽ നിന്ന് ശ്രേഷ്ഠ ദാസനിലേക്കും പിന്നവിടുന്ന് വിലയേറിയ ദാസനിലേക്കുമൊക്കെ എത്ര കഷ്ടപ്പെട്ടാണ് എത്തിപ്പെട്ടതെന്നു തനിക്കും ദൈവത്തിനും മാത്രമേ അറിയൂ. രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ജഡിക മനുഷ്യന്റെ പത്തു വെച്ചാൽ നൂറു കിട്ടണം എന്നുള്ള അത്യാഗ്രഹം രക്ഷാ നിർണയത്തിന് ശേഷവും തുടരുന്നെങ്കിൽ എവിടെയോ എന്തോ പന്തിക്കേടുണ്ട്. ഈ പന്തിക്കേട് ആട് -മാഞ്ചിയം, ജപ്പാൻ ബെഡ്, ആംവേ ശ്രേണികളിലൂടെ തേരോട്ടം നടത്തിയതിനു കാലം സാക്ഷിയായി. ജപ്പാൻ ബെഡിന്റെ ഷോറൂമിൽ ലേഖകനെ ബിസിനസ് സംരംഭത്തിനായി ആദ്യമായി ഒരു സുഹൃത്ത് കൊണ്ട് പോയപ്പോൾ കണ്ട കാഴ്ച നയനമനോഹരമായിരുന്നു. സാക്ഷാൽ ഞായറാഴ്ച ദിവസം രാവിലെ അറിയപ്പെടുന്ന ഒരു ദൈവസഭയുടെ സെൻട്രൽ പാസ്റ്ററും തന്റെ കൈക്കീഴിലെ ആടുകളും കച്ചവടത്തിൽ വ്യാപ്രതരായിരിക്കുന്നത് കണ്ട്, “അപ്പോൾ സഭായോഗമോ” എന്ന് ചോദിച്ചപ്പോൾ അത് അസിസ്റ്റന്റ് നടത്തിക്കോളും എന്ന് ഒരു വെളുക്കെച്ചിരിയോടെ പറഞ്ഞ ശ്രേഷ്ഠദാസന്റെ മുഖം ഇപ്പോഴും ഓർമ്മയുണ്ട്. പിന്നത്തേതിൽ അദ്ദേഹം ഡിസ്ട്രിക്ട് ആയി എന്ന് കേട്ടു. ആകണമല്ലോ പെന്തക്കോസ്ത് പ്രസ്ഥാനം ആരംഭിച്ച ആദ്യകാലത്ത് സഭയിൽ കയറ്റാഞ്ഞതും പിന്നെ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഭാഗത്ത് വെച്ച് ചില ഉണർവ് പ്രസ്ഥാനമാക്കാൻ കയറ്റി വിട്ടതുമായ സമൃദ്ധിയുടെ ദൈവശാസ്ത്രം എന്ന ബിലെയാമ്യ ദുരുപദേശം ഇങ്ങനെ വളർന്നു വളർന്ന് മേരി ഷെല്ലിയുടെ ഐതിഹാസിക കഥാപാത്രമായ ഫ്രാങ്കെസ്റ്റിനെപ്പോലെ ഒരു ഭീമാകാര ജീവിയായി മാറുമെന്നു ആര് കരുതി? സ്വർണമിടണ്ട, പക്ഷെ സ്വർണക്കടക്കാരന്റെ പിരിവു വാങ്ങാം എന്ന വൈരുധ്യാത്മക വേർപാട് വാദം എവിടുന്ന് പൊങ്ങി വന്നെന്നും ചോദിച്ചേക്കരുത്. നിരപരാധിയായ വിശ്വാസിയെ പേപ്പട്ടിയെപ്പോലെ തല്ലിക്കൊന്ന ജാതീയ തുണിക്കടക്കാരന്റെ അരികൊണ്ട് മാമാങ്കത്തിന് കഞ്ഞിവെച്ച് വിളമ്പിയത് വഴി, “നിനക്ക് വിശക്കുന്നുവെങ്കിൽ ശത്രുവിന്റെ പാത്രത്തിൽ കയ്യിട്ടു വാരുവീൻ. അങ്ങനെ അവൻ നിന്റെ തലയിൽ തീ കുന്നിക്കും” എന്നാക്കി വാക്യം തിരുത്തിയെഴുതാൻ മാത്രം വലിപ്പമുള്ള ശിങ്കങ്ങൾ നമുക്കില്ലേ? ആനന്ദലബ്ദിക്കിനിയെന്തു വേണം. “ഞാൻ നിന്നോട് കണക്കു തീർക്കുന്ന നാളിൽ നിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ?” എന്ന ചോദ്യത്തിന് കർതൃ മേശക്കു അഞ്ചു മിനിട്ട് മുമ്പ് മാനസാന്തരപ്പെട്ടാൽ മതിയെന്ന് ഉത്തരം പഠിപ്പിച്ചു തരാനാണ് നമുക്കു ഇടയന്മാരെ വെച്ചിരിക്കുന്നത് എന്നെങ്കിലും തിരിച്ചറിയണം, പ്ലീസ് “തെരഞ്ഞെടുത്ത ജാതിയും വിശുദ്ധ വംശവും രാജകീയ പുരോഹിത വർഗ്ഗവും സ്വന്തം ജനവും” എന്ന സ്റ്റാറ്റസ് മാറ്റി വെച്ച് നാലു പുത്തനും സോഷ്യൽ സ്റ്റാറ്റസും ഉണ്ടാക്കിയവരാണ് സഭയിലെയും കേമന്മാർ എന്നത് ചരിത്ര സത്യം. സന്ധ്യക്കിരുന്ന് കുടുംബമായി “ഇന്ന് പകൽ മുഴുവൻ കരുണയോടെന്നെ സൂക്ഷിച്ചവനെ” പാടി പ്രാർത്ഥിക്കേണ്ട നേരത്ത്,” നിങ്ങൾക്കുമാകാം കോടീശ്വരൻ” സീരിയൽ കണ്ടു ആടുകളെ വെള്ളമിറക്കുന്നവരാക്കിയതിൽ ഇടയന്മാർക്കും സഭകൾക്കും വലിയ പങ്കുണ്ട്. “ദേമാസ് ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ട് തെസ്സലോനിക്യയിലേക്ക് പോയി” എന്ന് പൗലോസ് പരിതപിച്ചത് വായിച്ചിട്ട് ദേമാസ് ഒരു മണ്ടനാണെന്ന നിഗമനത്തിൽ എത്താനാണ് ഇന്ന് സാധ്യത. കാരണം ശുശ്രൂഷയും കച്ചവടവും ഒന്നിച്ചുകൊണ്ട് പോകാൻ വളരെ എളുപ്പമാണെന്ന് ഇന്ന് എല്ലാവരും മത്സരിച്ചു തെളിയിച്ചു കൊണ്ടിരിക്കുന്നു. ദൈവത്തേയും മാമ്മോനെയും ഒരുമിച്ചു സേവിപ്പാൻ കഴിയില്ലെന്ന് പറഞ്ഞ കർത്താവിനെ വരെ ദാസന്മാർ തോൽപ്പിച്ചിരിക്കുന്നു. മാത്രമല്ല വലിയൊരളവും മാമോനെക്കൂടാതെ നന്നായി വേല ചെയ്യാൻ തീരെ പറ്റില്ലെന്നായിരിക്കുന്നു. വേദപുസ്തകത്തേക്കാൾ കൂടുതൽ “എങ്ങനെ എളുപ്പത്തിൽ കോടീശ്വരനാകാം” എന്ന സായിപ്പിന്റെ പുസ്തകം ആണ് കൂടുതൽ ചിലവാകുന്നതെന്ന് കൺവൻഷൻ നഗരിയിൽ പുസ്തകസ്റ്റാൾ നടത്തിയവന്റെ സാക്ഷ്യം കറയില്ലാത്തതാണ്. “ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും”, “യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്ന് നമ്മെ ആർ വേർപിരിക്കും?” , “ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും”, “ഉള്ളത് കൊണ്ട് തൃപ്തിപ്പെടുവീൻ’ തുടങ്ങിയ വാക്യങ്ങളെക്കാൾ ഇപ്പോൾ വേറെ ചില ചൊല്ലുകൾക്കാണത്രേ കൂടുതൽ ഡിമാന്റ് അതിങ്ങനെയാകുന്നു; “സമ്പത്ത് കാലത്ത് തൈ പത്തു വെച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം”, “കയ്യൂക്കുള്ളവൻ കാര്യക്കാരൻ”, “പണത്തിനു മീതെ പരുന്തും പറക്കില്ല”, “ദീപസ്തംഭം മഹാശ്ചര്യം; എനിക്കും കിട്ടണം പണം”. ദൈവവേലക്കിറങ്ങിയിട്ടു ഇതുവരെ കാട്ടിക്കൂട്ടിയ കലാപരിപാടികൾ കണ്ട്. ദൈവത്തിനു വല്ലാണ്ടങ്ങു സുഖിച്ചത് കൊണ്ട് കിളിവാതിൽ തുറന്നു വാരിക്കോരി തന്ന നന്മകളുടെ ലിസ്റ്റ് യോഗസ്ഥലത്ത് വിളമ്പുമ്പോൾ സുവിശേഷം നിമിത്തം എല്ലാം ചപ്പ് ചവറ് എന്നെണ്ണിയ അപ്പൊസ്തലന്മാരെല്ലാം മണ്ട ശിരോമണികളാണെന്ന് ജനം തെറ്റിദ്ധരിച്ചാൽ എങ്ങനെ കുറ്റം പറയും? എളിയ വിവാഹദല്ലാൾ പണിയിൽ തുടങ്ങി, റിയൽ എസ്റ്റേറ്റിലൂടെ വളർന്ന്, ഇപ്പോൾ അച്ചായന്മാരുടെ കോടികൾ ഗൾഫിലെ ബിസിനസ് പാർട്ട്നിഷിപ്പിലൂടെ വെളുപ്പിച്ചു കൊടുക്കുന്നതു വരെ വന്നു നിൽക്കുന്നു. ദാസന്മാരുടെ നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ”. ദൈവം ഇത്രത്തോളം ഉയർത്തി അനുഗ്രഹിച്ചു എന്ന് വിനയത്തിൽ പൊതിഞ്ഞ വാക്കുകളിൽ പറയുമ്പോൾ. അത് പടവലങ്ങയുടെ വളർച്ച പോലെയെന്ന് ദൈവം അറിയുന്നു. ജനിക്കുമ്പോൾ മുതലേ പിള്ളേരേ മെഡിക്കലും എഞ്ചിനീയറിങ്ങും പഠിപ്പിക്കാൻ പാട് പെടാതെ ഇപ്പോൾ എല്ലാ കവലയിലും ആരംഭിച്ചിട്ടുള്ള ഏതെങ്കിലും ബൈബിൾ കോളേജിൽ വിട്ടു പഠിപ്പിച്ച ശേഷം ഉണർവ്വ് പ്രാസംഗികരുടെ സിഡി ഇട്ടുകൊടുത്തു കൺവൻഷൻ പ്രാസംഗികനായി വളർത്താൻ നോക്കണം. മിമിക്രിക്കാർക്ക് എല്ലായിടത്തും നല്ല ഡിമാണ്ട് ആണല്ലോ. എന്നാൽ പിന്നെ ആത്മീയത്തിലും അത് നടപ്പാക്കിക്കൂടെ. വചന പ്രസംഗം വഴി കിട്ടുന്ന കാശിനാണെങ്കിൽ കണക്കില്ലാത്തത് കൊണ്ട് നികുതിയും കൊടുക്കേണ്ട. എപ്പടിയുണ്ട് ബുദ്ധി? പൗലോസ് കൂടാരപ്പണിക്ക് പോയത് അങ്ങേർക്ക് ഞങ്ങൾക്കുള്ള അത്ര അഭിഷേകം ഇല്ലാഞ്ഞിട്ടാണെന്ന് ചിന്ന ശിങ്കങ്ങൾ തന്നെത്താൻ വിശ്വസിച്ചിച്ചോളും, പട്ടിണി, പൈദാഹം, നഗ്നത, ദാഹം, കരയിലെയും കടലിലെയും ആപത്ത്, അനേക വട്ടം അടി ഇങ്ങനെയുള്ള വേദപുസ്തകത്തിലെ ഹൊറർസീനുകൾ കാണിച്ച് ബൈബിൾ കോളജിലെ കുഞ്ഞുങ്ങളെ പേടിപ്പിക്കരുത്, പറഞ്ഞേക്കാം, എങ്ങനെയെങ്കിലും കോഴ്സ് പാസ്സായിട്ട്, ദുബായിക്കോ അമേരിക്കക്കോ പ്രവചനാത്മാവുമായി പറക്കാനിരിക്കുന്ന പിള്ളേരെ ഇതൊക്കെ പറഞ്ഞു പേടിപ്പിച്ചാൽ കൊള്ളാമോ ഭാവിയെ മുന്നിൽ കണ്ട് ഇപ്പഴേ ഫേസ് ബുക്കിലൂടെ ചെയ്യുന്ന ശുശ്രൂഷയുടെ പാട് അവർക്കെ അറിയൂ. അല്ലെങ്കിലും, “വിശ്വാസം, അതല്ലേ എല്ലാം”– വേർപാടും വിശുദ്ധിയും സന്ധ്യ മയങ്ങിയാൽ ബാധകമല്ലെന്ന് ഇപ്പോഴും തിരിച്ചറിയാത്ത മൂഢന്മാർ എങ്ങനെ രക്ഷപ്പെടാനാ? മൂന്നു പെണ്ണ് കെട്ടി അത് പോരാഞ്ഞിട്ട് സഭയിലെ സഹോദരിയെ ഉപവാസ മദ്ധ്യേ പീഡിപ്പിച്ചവനെ ജയിലീന്നിറങ്ങുമ്പോൾ സെൻട്രൽ പാസ്റ്റർ ആക്കിയാലും അത്ഭുതപ്പെടേണ്ട. അവനെ ചുമക്കാനും ആൾ കാണും. വിസർജീതനെ ചുമന്നാൽ ചുമന്നവനെയും നാറും എന്ന പ്രശ്നം പരിഹരിക്കാൻ പറ്റിയ നല്ല നല്ല പെർഫ്യൂമുകൾ ഗൾഫിൽ കിട്ടും. ആരോടും പണ്ടേപ്പോലെ കൊണ്ടുതരാൻ പറയേണ്ട ആവശ്യവുമില്ലല്ലോ. കാരണം മിക്കവാറും ഗൾഫിൽ തന്നെയാണല്ലോ അപ്പൊസ്തലിക കറക്കം. കർത്താവു പറഞ്ഞ കൊയ്ത്തിനായി വെളുത്തു കിടക്കുന്ന വയൽ ഗൾഫിലെയും അമേരിക്കയിലെയും ദൈവ സഭകളാണെന്നുള്ള ഒരേ വെളിപ്പാട് എല്ലാവർക്കും ഉള്ളത് നന്നായി. അമേരിക്കൻ

04



# ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

38

LESSON 38
Verbi - ARE, ERE, IRE

| | PRONOMI | PRESENTE | PASSANTO | FUTURO |
|---|---|---|---|---|
| AMARE | | | | |
| 1. | Lo | Amo | Ho Amato | Amero |
| 2. | Tu | Ami | hai Amato | Amerai |
| 3.a | Lui | Ama | ha Amato | Amera |
| b | egli | Ama | ha Amato | Amera |
| c | Lei | Ama | ha Amato | Amera |
| d | ella | Ama | ha Amato | Amera |
| e | Lei | Ama | ha Amato | Amera |
| f | Esso | Ama | ha Amato | Amera |
| 4. | Noi | Amano | abbiamo Amato | Ameramo |
| 5. | Voi | Amate | Avete Amato | Amerete |
| 6. a | Loro | Amano | Loro Amato | Ameranno |
| b. | Essi | Amano | Essi Amato | Ameranno |


## കല്ലുകടി

# നമ്മുടെ നേതാക്കന്മാർക്ക് എന്തുപറ്റി

ഭരണത്തിൽ ഇരിക്കുന്നവർ തെറ്റായ ദിശയിലേക്ക് നീങ്ങുമ്പോൾ അത് ചൂണ്ടിക്കാണിച്ചാൽ അംഗീകരിക്കുന്ന പതിവ് അവർക്കില്ല. ഗലാത്യലേഖനത്തിൽ പൗലോസ് എഴുതിയതുപോലെ ആരോ ക്ഷുദ്രം ചെയ്തു മയക്കിയതുപോലെ അവർ അങ്ങനെതന്നെ മുമ്പോട്ടുപോകുകയാണ് പതിവ്. ഇതുതന്നെയാണ് നമ്മുടെ പെന്തക്കോസ്തുനേതാക്കന്മാരുടെയും അവസ്ഥ. ഒരാൾ സ്വത്തെല്ലാം തന്റെ പേരിലാക്കുന്നു അത് തന്റെ മക്കൾക്കു നൽകി അധികാരവും പദവിയും കുടുംബ അവകാശമാക്കിമാറ്റുന്നു. മറ്റൊരാൾ കസേരയിൽ ഇരിക്കുമ്പോൾ ഗുണ്ടാമാഫിയ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നു. മറ്റു ചിലർ റിയൽ എസ്റ്റേറ്റ് മാഫിയായി മാറുന്നു. മൂല്യങ്ങളും ധാർമ്മികതയും എല്ലാം കാറ്റിൽ പറത്തി ഇവിടെ അധികാര കസേര ഉറപ്പിക്കുന്നു. ലോകക്കാർ ചെയ്യുവാൻ അറയ്ക്കുന്നത് നിസാരമായി ചെയ്യുന്ന ഇക്കൂട്ടരെ എന്തുവിളിക്കണം എന്നറിയാതെ നിരീക്ഷകർ പതറുന്നു.

ഈയടുത്ത് ഒരു ചാനലിൽ ഒരു പാസ്റ്റർ സഭാനേതാവിനെതിരെ സ്ത്രീ പീഡനകഥ പറയുന്നു. ആ കഥ കേട്ട് ലോകത്തിന്റെ പല കോണുകളിൽ നിന്നും ആളുകൾ വിളിച്ചുചോദിക്കുന്നു. കവലകളിൽ പെന്തക്കോസ്ത് ഉപദേശിമാരെ കാണുമ്പോൾ സമുദായസ്ഥർ ഈ കഥ പറഞ്ഞു ചിരിക്കുന്നു.

മറ്റൊരു സഭയിലെ നേതാവ് വ്യഭിചാരക്കുറ്റത്തിന് മുൻഗാമി പുറത്താക്കിയ പാസ്റ്ററെ തിരിച്ചെടുക്കാൻ കാട്ടിയ വ്യഗ്രത ആരെയും അമ്പരിപ്പിക്കുന്നതാണ്. പുറത്താക്കപ്പെട്ട ഉപദേശി ചെയ്തത് വലിയ പാപം അല്ലെന്ന് സമർപ്പിക്കാൻ കൊരിന്ത്യർ ലേഖനത്തിലെ വാക്യം വായിച്ച് വിശ്വാസികളെ പ്രബോധിപ്പിച്ച് സമർത്ഥിക്കുവാൻ നേതാവ് ശ്രമിച്ചപ്പോൾ വിശ്വാസികൾ അന്തം വിട്ടുപോയത്രേ.

**അടിക്കുറിപ്പ്:** അഭ്യാസം അറിയുന്നവൻ വളയത്തിലൂടെ ചാടുമ്പോൾ അഭ്യാസം അറിയാത്തവൻ വളയം ഇല്ലാതെ ചാടുന്നു. അങ്ങനെ ചാടുമ്പോൾ എങ്ങനെയും ചാടാം.



# ദൈവസ്നേഹം പ്ര
# രഹബോത്ത് സൗ

**അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ: 5:16).**

മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യരുത് എന്ന് അരുളിചെയ്ത കർത്താവ് പ്രസ്തുത പ്രഭാഷണത്തിന്റെ മുഖവുരയായി പറഞ്ഞ വാക്കുകളാണ് മുകളിലുദ്ധരിച്ചിരിക്കുന്നത്. ഒരു പ്രഭാഷണത്തിൽതന്നെ വിരോധാഭാസമെന്ന് തോന്നിപ്പിക്കുന്ന രണ്ടുചിന്തകൾ! ദൈവമക്കൾ ചെയ്യുന്ന ഏതു പ്രവൃത്തിയും മറ്റുള്ളവർ കാണും. കാരണം അവർ ലോകത്തിന്റെ വെളിച്ചവും മലമേലിരിക്കുന്ന പട്ടണവുമാണ്. ഇവയ്ക്ക് രണ്ടിനും ഒരിക്കലും മറഞ്ഞിരിക്കാനാവില്ല. ചെയ്യുന്നത് നല്ലതായാലും ചീത്തയായാലും എല്ലാവരും കാണും. എന്നാൽ ആരെയും കാണിക്കാൻ വേണ്ടി ഒന്നും ചെയ്യരുത്. അങ്ങനെയുള്ള പ്രവൃത്തികളിൽ ദൈവത്തിന് മഹത്വം ലഭിക്കുന്നില്ല. ദൈവ മക്കളുടെ സ്വഭാവം ചോദ്യം ചെയ്യപ്പെടുന്നു. മക്കളുടെ പ്രവൃത്തി ദോഷത്താൽ മറ്റുള്ളവർ ദൈവത്തെ പഴിക്കുന്ന സാഹചര്യമുണ്ടാകും.



പാ. ടി.എം. വർഗ്ഗീസ്
ജനറൽ മാനേജർ

ഇവിടെയിതാ മേൽപ്പറഞ്ഞ വചനം ശിരസ്സാവഹിച്ചു കൊണ്ട് ഒരു പ്രദേശത്തിന്റെ നന്മയും സാമൂഹ്യ വളർച്ചയും ലക്ഷ്യമിട്ട് കഴിഞ്ഞ 6 വർഷമായി പത്തനംതിട്ടയിലെ കുന്നന്താനം കേന്ദ്രമാക്കി വിജയകരമായി പ്രവർത്തിച്ചു വരുന്ന രഹബോത്ത് സൗജന്യ തയ്യൽ പരിശീലന കേന്ദ്രം ദൈവമഹത്വം വിളിച്ചോതുന്ന തികച്ചും വ്യത്യസ്തമായ പ്രവർത്തന ശൈലിയിലൂടെ മുന്നേറുന്നു. ഇതിനോടകം 350- ലധികം നിർദ്ധനരായ സ്ത്രീകൾക്ക് നൽകിയ സൗജന്യ തയ്യൽ പരിശീലനത്തിലൂടെ അവർക്ക് ഉപജീവനത്തിന് മാർഗ്ഗം തെളിയിച്ചു കൊടുത്ത് ആ മാർഗ്ഗത്തിലൂടെ അവരെ ക്രിസ്തു എന്ന (നിത്യ ജീവനിലേക്കുള്ള) മാർഗ്ഗത്തിൽ കൊണ്ടെത്തിച്ച രഹബോത്ത് സൗജന്യ തയ്യൽ പരിശീലന കേന്ദ്രം ക്രൈസ്തവ കൈരളിക്ക് ഒരു വെല്ലുവിളിയായി മാറികഴിഞ്ഞു. സിസ്റ്റർ മറിയാമ്മ ചാക്കോ ചെയർപേഴ്സണായി നേതൃത്വം കൊടുക്കുന്ന, സഹോദരിമാർക്കു വേണ്ടി നടത്തപ്പെടുന്ന ഈ സ്ഥാപനത്തിന്റെ ഉന്നമനത്തിനായി ബിസിനസ്സ് തിരക്കുകൾക്കിടയിലും തന്റെ ഭർത്താവും ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ബ്രദർ. വർഗീസ് ചാക്കോ ശക്തമായ പ്രചോദനവും, പ്രോത്സാഹനവും നൽകി ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും യഥാസമയങ്ങളിൽ ചെയ്തു കൊടുക്കുന്നു. സൗജന്യ തയ്യൽ പരിശീലനം മാത്രമല്ല, അർഹരായ എല്ലാ വർക്കും സൗജന്യമായി തയ്യൽ മെഷീനും വിതരണം ചെയ്തുവരുന്നു എന്നത് രഹബോത്തിന്റെ പ്രത്യേകതയാണ്. ഈ പ്രവർത്തനത്തെ ക്രൈസ്തവരും, അക്രൈസ്തവരും കാണുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും അതോടൊപ്പം ഓരോ ബാച്ചിനെയും സ്പോൺസർ ചെയ്യുവാൻ സഹൃദയരായ അനേകം പ്രിയപ്പെട്ടവർ മുന്നോട്ടു വരികയും ചെയ്യുന്നു എന്നുള്ളത് ശ്രദ്ധേയമാണ്.



ബ്രദർ. വർഗ്ഗീസ് ചാക്കോ (മാനേജിംഗ് ഡയറക്ടർ) സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.



ബ്രദ. വർഗ്ഗീസ് കുര്യൻ
മാനേജർ

നിർദ്ധന കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഉപജീവന മാർഗ്ഗവും സ്ഥിരവരുമാനവും ഉണ്ടാകുക എന്ന ലക്ഷ്യം മുൻ നിർത്തി സൗജന്യമായി നൽകുന്ന ഈ തയ്യൽ പരിശീലനം അവരിൽ ആത്മ വിശ്വാസവും സുരക്ഷിതത്വബോധവും അതിലുപരി ദൈവവിശ്വാസവും വർദ്ധിപ്പിക്കുകയും അതിലൂടെ സാമൂഹ്യ ഉന്നമനം സാധ്യമാകുകയും ചെയ്യുന്നു.



ശ്രീ. മാത്യു ടി തോമസ് എം.എൽ.എ
മെഷീൻ ടൂൾസ് വിതരണം ചെയ്യുന്നു

**രഹബോത്ത് സൗജന്യ തയ്യൽ പരിശീലന കേന്ദ്രത്തിന്റെ ആരംഭത്തെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചും സിസ്റ്റർ. മറിയാമ്മ ചാക്കോ വിശദീകരിക്കുന്നു.**

പാസ്റ്റർ കെ.എം. എബ്രഹാമിന്റെ സഹധർമ്മിണി റേച്ചൽ എബ്രഹാമാണ് സൗജന്യ തയ്യൽ പരിശീലനകേന്ദ്രം എന്ന ഒരു ആശയം ആദ്യമായി മുന്നോട്ടു വച്ചത്. അങ്ങനെ ദൈവകൃപയിലാശ്രയിച്ച് 2007 ജൂലൈ 15-ന് ആദ്യ ബാച്ച് പ്രവർത്തനമാരംഭിച്ചു. ദൈവത്തിന്റെ മഹാ കരുണയാൽ കുന്നന്താനം, കവിയൂർ, കല്ലൂപ്പാറ എന്നീ മൂന്നു പഞ്ചായത്തുകളിലെയും, മിക്കവാറും നിർദ്ധന കുടുംബങ്ങളിൽ ഈ പ്രവർത്തനത്തിലൂടെ ക്രിസ്തുവിശ്വാസം ആഴത്തിൽ ഉളവാക്കുവാൻ സാധിച്ചു എന്നത് ഒരു ചെറിയ കാര്യമായി കാണാനാവില്ല. ദൈവം നൽകിയ ദർശനപ്രകാരം ശക്തമായ ഉൾപ്രേരണയോടെ തുടങ്ങിയ ഈ സ്ഥാപനത്തിൽ നിന്നും 350 ലധികം സ്ത്രീകൾ പരിശീലനം നടത്തി ഉപജീവനമാർഗ്ഗം കണ്ടെത്തി എന്നത് ഞങ്ങൾക്ക് ചാരിതാർത്ഥ്യം ഉളവാകുന്ന സംഗതിയാണ്.

## അഡ്മിഷനും പരിശീലനവിധവും

ജാതിമത ഭേദമില്ലാതെ അർഹത മാത്രം മാനദണ്ഡമാക്കിയാണ് അഡ്മിഷൻ നൽകുന്നത്. കുന്നന്താനം, കവിയൂർ, കല്ലൂപ്പാറ എന്നീ മൂന്നു പഞ്ചായത്തുകളുടെ സഹകരണത്തോടെ കുടുംബശ്രീ പ്രസിഡന്റുമാർ നിർദ്ദേശിക്കുന്നവർക്കാണ് മുൻഗണന. പരിചയ സമ്പന്നരായ അദ്ധ്യാപകരാൽ എംബ്രോയിഡറി ഉൾപ്പെടെയുള്ള എല്ലാവിധ തയ്യൽ ജോലികളും ഇവിടെ പരിശീലിപ്പിക്കുന്നു. എല്ലാവിധ തയ്യാറെടുപ്പുകളോടും കൂടെ അടുക്കും ചിട്ടയോടും കുടി ക്രമീകൃതമായ ഒരു പരിശീലനമാണ് നൽകുന്നത്. ആറു മാസമാണ് പരിശീലന കാലാവധി. തിങ്കൾ മുതൽ വെള്ളി വരെ എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെയാണ് പരിശീലനം. തയ്യൽ പരിശീലനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് ക്രമീകൃതമായ ബൈബിൾ പഠനം നൽകുക എന്നതും രഹബോത്ത് തയ്യൽ പരിശീലന കേന്ദ്രത്തിലെ പാഠ്യ പദ്ധതിയുടെ ഭാഗമാണ്. രാവിലെ 10.30 മുതൽ 11.30 വരെയുള്ള ആദ്യത്തെ ഒരു മണിക്കൂറാണ് പ്രാർത്ഥനയ്ക്കും ബൈബിൾ പഠനത്തിനുമായി മാറ്റി വച്ചിട്ടുള്ളത്. പാസ്റ്റർ ടി.എം. വർഗീസ്, ഇവ. ടി.സി. ചാക്കോ, സിസ്റ്റർ സിസിലി തുടങ്ങിയവരാണ് ആത്മീയ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നത്. തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ ബൈബിൾ അദ്ധ്യാപനം യഥോചിതം നിർവ്വഹി ക്കുന്നു. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും അക്രൈസ്തവരാണ്. ക്ലാസ് ആരംഭിക്കുന്നതിന് മുമ്പുള്ള പ്രാർത്ഥനയാൽ ലഭ്യമായിട്ടുള്ള ദൈവീക വിടുതലുകളിലുടെയും ക്രമീകൃതമായി ലഭിക്കുന്ന വചന പഠനത്തിലൂടെയും എല്ലാവർക്കും സത്യദൈവത്തെ അറിയാൻ കഴിയുന്നു എന്നു മാത്രമല്ല മിക്കപേരും പഠനം പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ യേശുവിനെ ര



സിസ്റ്റർ. മറിയാമ ചാക്കോ
ചെയർ പേഴ്സൺ

# ...വ്യത്ത്യാധിഷ്ഠിതമാക്കി മുന്നേറുന്ന ...ജന്യ തയ്യൽ പരിശീലന കേന്ദ്രം.

ക്ഷകനും കർത്താവും ദൈവവുമായി അംഗീകരിച്ചു കഴിഞ്ഞിരിക്കുമെന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ഒരു ബാച്ചിൽ 30 പേർക്കാണ് അഡ്മിഷൻ നൽകുന്നത്.

**പഠനം വിജയകരമായി പൂർത്തീകരിച്ചു കഴിയുമ്പോൾ**

6 മാസത്തെ പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സിംഗർ ഇന്ത്യ ലിമിറ്റഡിന്റെ സെയിൽസ് മാനേജർ സിംഗറിന്റെ ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്നു. കൂടാതെ സ്പോൺസർമാരെ ലഭിക്കുന്നതിനനുസരിച്ച് അർഹതയുള്ളവർക്ക് സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്നു. പഠനം പൂർത്തിയാക്കിയവർ വ്യക്തിപരമായോ, കൂട്ടുചേർന്നോ തയ്യൽ കടകൾ നടത്തി വരുന്നു. ചിലർ സ്വന്തം ഭവനങ്ങളിൽ ഇരുന്ന് തയ്യൽ ജോലികൾ ഏറ്റെടുത്ത് ചെയ്യുന്നു. മറ്റു ചിലർ പ്രമുഖ വസ്ത്രശാലകളിൽ ജോലി ചെയ്യുന്നു.

**സാമ്പത്തിക ആവശ്യങ്ങളും ദൈവീക നടത്തിപ്പും**

ദൈവം നൽകുന്ന ഭൗതിക നന്മകളിൽ നിന്ന് കഴിയുംവിധം ഈ പ്രവർത്തനങ്ങളെ സഹായിക്കുന്ന അഭ്യുദയകാംക്ഷികളായ സഹോദരങ്ങളുടെ നിസ്വാർത്ഥമായ സഹകരണം മൂലമാണ് ഈ പ്രവർത്തനം ഇത്രമാത്രം വിശാലമാകുവാനും, പ്രസിദ്ധമാകുവാനും ഇടയായത്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാമുള്ളതുകൊണ്ട് 6 മാസം ഒരു ബാച്ച് നടത്താൻ 85,000/- രൂപ മാത്രമേ ചിലവു വരികയുള്ളു. ഇതിന് പുറമെ ഗ്രാജുവേഷൻ നടത്തുവാൻ ഏകദേശം 85,000/- രൂപയും ചിലവു വരും. ആകെ ഒരു ബാച്ചിന്റെ നടത്തിപ്പിന് 1,70,000/- രൂപയോളം ചിലവുണ്ട്. ഇതു കൂടാതെ അർഹരായവർക്ക് തയ്യൽമെഷീനും നൽകി വരുന്നു. ആദ്യ ബാച്ചുകളിൽ ബ്രദർ വർഗീസ് ചാക്കോ& സിസ്റ്റർ മറിയാമ്മ ചാക്കോ ദമ്പതികളുടെ ഭൗതിക നന്മയിൽ നിന്നുമാണ് സ്കൂളിന്റെ സാമ്പത്തികമായ ആവശ്യങ്ങൾ നിറവേറ്റി കൊണ്ടിരുന്നത്. പിന്നീട് കണ്ടും കേട്ടും പലരും ഈ പ്രവർത്തനത്തോട് ആത്മാർത്ഥമായി സഹകരിക്കുകയുണ്ടായി. അവരെ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഇക്കഴിഞ്ഞ 12-ാമത് ബാച്ചിനെ പൂർണ്ണമായും സ്പോൺസർ ചെയ്തത് ബ്രദർ കുഞ്ഞുമോൻ ശാമുവേൽ & സിസ്റ്റർ റെയ്ച്ചൽ ശാമുവേൽ ഫാമിലി യാണ്.

12-ാം ബാച്ചിന്റെ ഗ്രാജുവേഷനോടനുബന്ധിച്ച് തന്നെ 13-ാം ബാച്ചും പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യാൻ ദൈവം കൃപചെയ്തു. പുതിയ ബാച്ചിൽ 32 പേർക്ക് പ്രവേശനം നല്കി. 13-ാം ബാച്ച് സ്പോൺസർ ചെയ്തിരിക്കുന്നത് ബ്രദർ ആൻഡ്രൂസ് കെ.എം. ബഹറിൻ & ലില്ലിക്കുട്ടി ആൻഡ്രൂസ് ഫാമിലിയാണ്.

## രഹബോത്ത് സൗജന്യ തയ്യൽ പരിശീലന കേന്ദ്രം ഭാരവാഹികൾ

| | | |
|---|---|---|
| Chairperson | : | Smt. Mariamma Chacko |
| Managing Director | : | Sri. Varghese Chacko |
| Director | : | Sri. Shaji Iykara |
| Director & Bible Teacher | : | Evg. T.C. Chacko |
| Director | : | Pr. Jacob Samuel |
| General Manager | : | Pr. T.M. Varghese |
| Manager | : | Br. Varghese Kurian |
| Tailoring Teacher | : | Smt. Ammukutty Poulose |
| Bible Teacher | : | Sr. Cicily Yohannan |

**12-ാം ബാച്ച് ഗ്രാജുവേഷനിൽ പങ്കെടുത്ത വിശിഷ്ട അതിഥികൾ**



ശ്രീ. സാബു ഇടിക്കുള
ക്രൈംബ്രാഞ്ച് എസ്.പി. (തിരുവനന്തപുരം).



ശ്രീ. അഡ്വ: മാത്യു ടി. തോമസ്
എം.എൽ.എ.



ശ്രീ. ജോസഫ് എം. പുതുശ്ശേരി
എക്സ് എം.എൽ.എ.

## 12-ാം ബാച്ച് സ്പോൺസർ
## ബ്രദർ കുഞ്ഞുമോൻ ശാമുവേൽ & സിസ്റ്റർ റെയ്ച്ചൽ ശാമുവേൽ



ജോലിയിൽ നിന്ന് വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്ന ബ്രദർ. കുഞ്ഞുമോൻ ശാമുവേലും സിസ്റ്റർ റെയ്ച്ചൽ ശാമുവേലും അവരുടെ പെൻഷനിൽ നിന്നും ഒരു ഭാഗം നൽകിയാണ് 12-ാം ബാച്ചിനെ സ്പോൺസർ ചെയ്തത്. അമേരിക്കയിൽ താമസിച്ചു കൊണ്ട് തങ്ങളാലാവും വിധം ഇന്ത്യയിൽ മറ്റനേകം ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നു. ആദ്യമായിട്ടാണ് ഒരു സ്പോൺസർ ഒരു ബാച്ചിന്റെ മുഴുവൻ ചിലവും (ഗ്രാജുവേറ്റ് ചെയ്ത 31 വിദ്യാർത്ഥികൾക്കും സൗജന്യ മെഷീൻ, ഗ്രാജുവേഷൻ നടത്തിപ്പ്, ബാച്ച് നടത്താനുള്ള ചിലവ്) വഹിക്കുന്നത്. ആകെ 3,14,442 രൂപയാണ് 12-ാം ബാച്ചിന്റെ നടത്തിപ്പിനായി ബ്രദർ കുഞ്ഞുമോൻ& സിസ്റ്റർ റെയ്ച്ചൽ ശാമുവേൽ ഫാമിലി സ്പോൺസർ ചെയതത്.

## ഇതൊരു ശുശ്രൂഷയാണ്! നിങ്ങൾക്കും പങ്കാളികളാകാം

ഇത് ഒരു ശുശ്രൂഷയായി കണ്ട് ഇതിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവരെ ഞങ്ങൾ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഒരു ബാച്ചിന്റെ പ്രവർത്തന ചിലവ് (85,000/-) പൂർണ്ണമായോ, ഭാഗികമായോ സ്പോൺസർ ചെയ്യാം. സൗജന്യ തയ്യൽ മെഷീൻ വിതരണ പദ്ധതി യോട് ചേർന്ന് ഒന്നോ അതിലധികമോ മെഷീനുകൾ സ്പോൺസർ ചെയ്യാവുന്നതാണ്. താൽപര്യപ്പെടുന്നവർ ബന്ധപ്പെടുക.

**For Contact**

**Pastor T.M Varghese**
**Mob : (0091) 9447405263**
**Bro. Varghese Kurian,**
**Ph: 0091 - 9495323723**

**U.A.E Address**
**Sis. Mariamma Chacko**
Post. Box No. 25466,
Sharja, U.A.E.
**.Ph: 00971 6 5733114**
**00971 50 6264908**
rehabothtailoring@gmail.com



12-ാം ബാച്ച് ഗ്രാജുവേറ്റ്സ് ഭാരവാഹികളോടും അതിഥികളോടുമൊപ്പം

# ഡോ.കോര സംസാരിക്കുന്നു



1. പണം തട്ടിപ്പ് നടത്തിയതിന്റെ പേരിൽ യോംഗിചോയെ വിമർശി ച്ചത് മലയാളം പത്രങ്ങൾ മാത്രമാണെന്നും അദ്ദേഹത്തോട് ക്ഷമ ചോദിക്കണ മെന്നുമൊക്കെ ഒരു പത്രാധിപർ എഴുതിയത് കോര വായിച്ചോ?

- അച്ചൻകുഞ്ഞ്, തിരുവല്ല

*തന്റെ നേതാവിനും ആ ഗതി ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് ഓർത്ത് പേടിച്ചാകാം പത്രാധിപർ എഴുതിയത്.*

2. നരേന്ദ്രമോദിയുടെ വിജയത്തിനുകാരണം എന്താണ് കോരേ?

- എബി, കുമ്പനാട്

*യു. പി. എ. അല്ലാതെന്താ എബീ...*

3. ഒരു പെന്തക്കോസ്ത് നേതാവിന്റെ പീഡനകഥകൾ ടി. വി.യിൽ മറ്റൊരു പാസ്റ്റർ പറയുന്നത് കേട്ടല്ലോ കോരേ? - സുബിൻ കുമ്പനാട്

*അതു താൻ ആധുനിക പെന്തക്കോസ്തിന്റെ ഗുണം*

4. മുളക്കുഴയിൽ എന്തൊക്കെയോ ചീഞ്ഞു നാറുന്നല്ലോ കോരേ - മോൻസി മുളക്കുഴ

*ചീയാത്തത് എന്താണ് ഉള്ളതെന്ന് പറയുന്നതാണ് എളുപ്പം.*

# അമേരിക്കൻ വിശേഷം



## രാജൻ ആര്യപ്പള്ളിൽ ചെയർമാൻ

# ചരിത്രം തിരുത്തിയ മോദി വിജയം

ബഹിഷ്കരിച്ചവരെയും വിമർശിച്ചവരെയും നിശബ്ദരാക്കി അപ്രതീക്ഷിതമായ വൻവിജയത്തിലൂടെ ഇന്ത്യൻ പ്രധാനമന്ത്രിയായി നരേന്ദ്രമോദി വിജയിച്ചത് ഇവിടെ വലിയ വാർത്തയായിരിക്കുന്നു. ഗുജറാത്ത് കലാപത്തിന്റെ പേരിൽ വിസ നിഷേധിച്ച അമേരിക്ക ലോകരാഷ്ട്രത്തലവന്മാർക്കുള്ള എ വൺ വിസ നരേന്ദ്രമോദിക്ക് നൽകുമെന്ന് പ്രഖ്യാപിച്ച് അദ്ദേഹത്തിന്റെ വിജയത്തെ അംഗീകരി ച്ചിരിക്കുന്നു. അഭിനന്ദനം അറിയിച്ച് വിളിച്ചവരിൽ ബ്രിട്ടീഷ് പ്രധാന മന്ത്രിയും യൂറോപ്യൻ യൂണിയൻ നേതാക്കളും പാകിസ്ഥാൻ പ്രധാ നമന്ത്രിയും ഉൾപ്പെടുന്നത് തന്റെ വിജയത്തിനുള്ള അംഗീകാരമാ യി. ഒറ്റയ്ക്ക് ഭരിക്കുവാൻ വ്യക്തമായ ഭൂരിപക്ഷം നേടിയത് ഭാര തീയ സമൂഹം ശുഭോദർക്കമായി കാണുകയാണ്.

കോൺഗ്രസിന്റെയും യു. പി. എ.യുടെയും ദയനീയ പരാജയം ഇവിടുത്തെ ഭാരതീയ സമൂഹം തെല്ല് അത്ഭുതത്തോടെയാണ് കേട്ട ത്. അഴിമതിയാണ് യു. പി. എ.യുടെ തകർച്ചയ്ക്ക് കാരണമായി പറ ഞ്ഞുകേൾക്കുന്നത്. അഴിമതി നടത്തിയവർ മാന്യന്മാരായി വിലസുന്ന ഭാരതവ്യവസ്ഥിതി ഒട്ടൊരു അത്ഭുതത്തോടുമാത്രമേ അമേരിക്കൻ മലയാളികൾക്ക് കാണുവാൻ സാധിക്കുകയുള്ളു. കാരണം സാമ്പ ത്തിക ക്രമക്കേടുകളിൽ പിടിക്കപ്പെടുന്നവർക്ക് ശക്തമായ ശിക്ഷ യാണ് ഇവിടെ ലഭിക്കാറുള്ളത്. നിയമവ്യവസ്ഥകളെ അനുസരിക്കു കയും ബഹുമാനിക്കുകയും ചെയ്യുന്നതിൽ അമേരിക്കക്കാർ മുമ്പി ലാണ് എന്ന് പറയാതെ വയ്യ. ഒറ്റക്കക്ഷി ഭരിക്കത്തക്ക ഭൂരിപക്ഷം നേടത്തക്ക നിലയിൽ മൂന്നു പതിറ്റാണ്ടിനിപ്പുറം നരേന്ദ്രമോദി ബി. ജെ. പി.യെ നയിച്ചിരിക്കുന്നത് ഏവർക്കും അത്ഭുതമായി എന്നതാണ് യാഥാർത്ഥ്യം.

# നിയമിതനായി



ഐ. പി. സി. മണിപ്പൂർ സ്റ്റേറ്റ് പ്രവർത്തനങ്ങളുടെ ചുമതലക്കാരനായി പാസ്റ്റർ കെ. കെ. ജോർജ്ജ് നിയമിതനായി. ജനറൽ കൗൺസിൽ മെമ്പറും, പ്രെയർ ആന്റ് റിവൈവൽ ബോർഡ് കൺവീനറും ഇടുക്കി സൗത്ത് സെന്റർ മിനിസ്റ്ററുമായി തുടരുന്നു. ഭാര്യ ലീലാമ്മ. മക്കൾ ബ്ലസി, ഫേബ, പരേതനായ ഫിന്നി.

# നവി മുംബൈ പെന്തക്കോസ്തൽ ഫെലോഷിപ്പ്

**നവി മുംബൈ:** നവിമുംബൈ പെന്തക്കോസ്ത് ഫെലോഷിപ്പിന്റെ 2013-2015 വർഷത്തേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു. പ്രസി ഡന്റ് പാസ്റ്റർ വി. ജെ. ജോൺസൺ, വൈസ് പ്രസിഡന്റ് പാസ്റ്റർ സണ്ണി വർഗീസ്, സെക്രട്ടറി ഇവാ. എം. എം. വർഗീസ്, ട്രഷറർ ബ്രദർ എം. ഒ. ജോൺ. അംഗങ്ങളായ ബ്രദർ എൻ. വി. വർഗീസ്, പാസ്റ്റർ ജോസ് ഏബ്ര ഹാം, ബ്രദർ ക്രിസ്തു ദാസ്, ബ്രദർ എ. എം. ജോൺ, പാസ്റ്റർ റെജി തോമസ്, ബ്രദർ എൻ. സി. വർഗീസ്, പാ. പി. ജെ. തോമസ്, പാസ്റ്റർ കെ. സി. ജേക്കബ്, പാ. സനൽ ദാസ്, പാ. ഏബ്രഹാം റ്റി. മാത്യു, പാ. ഗീവർഗീസ് ചാക്കോ.

# കൺവൻഷൻ

**പാലോട്:** ട്രൈബൽ മിഷന്റെ ആഭിമുഖ്യത്തിൽ മെയ് 9,10,11 തീയ തികളിൽ ഇടിഞ്ഞാർ, ഇടവംജംഗ്ഷനിൽ കൺവൻഷൻ നടന്നു. പാസ്റ്റർമാരായ സാംജോസഫ് കുമരകം, ജെയ്സ് പാണ്ടനാട്(ചെങ്ങ ന്നൂർ), തോമസ് ഫിലിപ്പ് വെണ്മണി എന്നിവർ പ്രസംഗിച്ചു. ആൽഫാ ഗോസ്പൽ വോയ്സ് കാട്ടാക്കട ഗാനശുശ്രൂഷ നിർവ്വഹിച്ചു.

ലേഖനം

# ദാവീദും മലയാളിയും 1 ദിന. 14:8

അലക്സാണ്ടർ ജോർജ്ജ് നാഗലാന്റ്

'കാള പെറ്റെന്ന് കേട്ടപ്പേഴേ കയറെടുക്കാൻ ഓടി'യവരെക്കു റിച്ചും ഓടുന്നവരെക്കുറിച്ചും ന മ്മൾ ധാരാളം കേട്ടിട്ടുണ്ട്. കേട്ട കാര്യങ്ങളുടെ സത്യാവസ്ഥ അറി യാതെ, അറിയാൻ ശ്രമിയ്ക്കാതെ തീരുമാനങ്ങൾ എടുക്കുന്നതും, എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതും അപ മാനത്തിന് കാരണമാകും എന്ന് വ്യക്തമാണ്. ദൈവസഭയിൽ പല യിടത്തും പലപ്പോഴും ഇങ്ങനെ യൊക്കെ സംഭവിയ്ക്കുന്നുവെ ന്നതും വേദനാജനകമാണ്.

മുകളിൽ കൊടുത്തിരിയ്ക്കു ന്ന വേദഭാഗം ഇങ്ങനെയാണ്. 'ദാ വീദ് എല്ലാ യിസ്രായേലിനും രാ ജാവായി അഭിഷേകം കഴിഞ്ഞു എന്ന് ഫെലിസ്ത്യർ കേട്ടപ്പോൾ, ഫെലിസ്ത്യർ ഒക്കെയും ദാവീദി നെപിടിപ്പാൻ ചെന്നു; ദാവീദ് അത് കേട്ട് അവരുടെ മുമ്പിൽ നിന്ന് ഒഴി ഞ്ഞുപോയി.

'ഒഴിഞ്ഞുപോവുക' എന്ന വാ ക്കിന്റെ അർത്ഥം, മാറിപോവുക, നീങ്ങിപോവുക, ശൂന്യമാവുക എ ന്നൊക്കെയാണെന്ന് വിവിധ ഇം ഗ്ലീഷ് പരിഭാഷകൾ വായിക്കുമ്പോ ൾ മനസ്സിലാകും.

Empty - മത്താ. 12:44 (NKJV, Tyndale, NIRV)

Pass Over - പുറ. 12:13 (NIV, NIRV, NKJV, Tyndale)

Pass away - മത്താ. 24:35 (NIV, NIRV, NKJV)

Disappear - മത്താ. 24: 35 (Tyndale)

Fading away - 1 യോഹ. 2:17 (Tyndale)

എന്നാൽ മേൽപ്പറഞ്ഞ വാ ക്യം വിവിധ ഇംഗ്ലീഷ് പരിഭാഷക ളിൽ കാണുന്നതിനെക്കാൾ അർ ത്ഥവ്യത്യാസം ഉള്ളതായി മലയാ ളം ബൈബിളിൽ കാണുന്നു.

ബൈബിൽ സൊസൈറ്റി ഓ ഫ് ഇന്ത്യ; ഭാരത് ബൈബിൾ സൊസൈറ്റി, തൃശൂർ; ഇന്ത്യാ ബൈബിൾ പബ്ലീഷേഴ്സ് തിരു വല്ല; ദാനീയേൽ റഫറൻസ് ബൈ ബിൾ എന്നീ പ്രസാധകർ ഇറക്കി യ മലയാളം ബൈബിളുകളിലെ ല്ലാം ഒരേപോലെയാണ് കാണുന്ന ത്. തന്നെ പിടിയ്ക്കുവാനായി വ രുന്ന ഫെലിസ്ത്യരുടെ സൈന്യ ത്തിനു മുമ്പിൽ പരാജയപ്പെടും എന്ന ഭീതി നിമിത്തം, വാർത്ത കേ ട്ടപ്പോൾത്തന്നെ ദാവീദ് അവിടെ നിന്നും രക്ഷപ്പെട്ടുകളഞ്ഞു എന്നാ ണല്ലോ ഒറ്റവായനയിൽ നമുക്ക് തോന്നുന്നത്. ഈ വാക്യത്തിലൂടെ , ദാവീദിനെക്കുറിച്ച് നമുക്ക് ലഭി ക്കുന്ന ചിത്രം എന്താണ്? പേടി ത്തൊണ്ടൻ, സ്വന്തം കാര്യം മാത്രം നോക്കുന്ന ദുഷ്ടൻ, ഉത്തരവാ ദിത്വം ഇല്ലാത്തവൻ, വെറും 'കട ലാസ് പുലി' എന്നൊക്കെയല്ലേ?

വായനക്കാരന്റെ മനസ്സിൽ ഉ ണ്ടാകുന്ന ചിന്തകൾ എന്തായിരി യ്ക്കാം? ഒരു കവിണയും ഒരു ക ല്ലുംകൊണ്ട് ഫെലിസ്ത്യമല്ലനായ ഗോല്യാത്തിനെ കൊന്നതും (1 ശ മു. 17:50), ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിര ത്തെ' എന്ന് യിസ്രായേലിലെ സ് ത്രീകൾ നൃത്തം ചെയ്തുകൊണ്ട് പാടിയതും (1 ശമു. 18: 6,7), രാജാ വാകുന്നതിനും മുമ്പെ തന്നെ, ഫെലിസ്ത്യരെ കഠിനമായി തോ ല്പിച്ച് കെയീലിയെ രക്ഷിച്ചതും (ശമു. 23:1-5) ഒക്കെ ഓർത്തിട്ട് പറ യും, "ഓ..ദാവീദിന് പണ്ടത്തെ കൃ പയൊന്നും ഇല്ലെന്നോ പണ്ടൊ ക്കെ എന്തായിരുന്നു വാഴ വെട്ടി യിടുന്ന പോലെയല്ലേ ഗോല്യാ ത്തിനെ വീഴ്ത്തിയത് അധികാരം കിട്ടിയപ്പോൾ, കസേരയിൽ കയ റിയപ്പോൾ കൃപയൊക്കെ പോയി. ഇപ്പോൾ ദാണ്ടെ ഓടുന്നു ദാവീദ്".

ഗോല്യാത്തിനെ കൊന്ന, ചെ റുപ്രായത്തിൽ തന്നെ കരടിയെ യും സിംഹത്തെയും കൊന്ന (1 ശ മു. 17:34-36) ദാവീദിന്റെ സ്ഥാന ത്ത് പേടിത്തൊണ്ടനായ, ഭീരുവാ യ ദാവീദിനെ പ്രതിഷ്ഠിക്കുവാൻ നമുക്ക് കഴിയുമോ? ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ദാവീദ് ഭീരു വും കഴിവില്ലാത്തവനും ആയിരു ന്നുവെങ്കിൽ, യിസ്രായേലിനെ 40 വർഷം ഭരിക്കുവാൻ കഴിയുമായി രുന്നോ? യിസ്രായേലിന്റെ സുവർ ണ്ണകാലഘട്ടം എന്ന് തന്റെ കാല ഘട്ടത്തെ വിശേഷിപ്പിയ്ക്കുമായി രുന്നോ?

അപ്പോൾ, യാഥാർത്ഥ്യ ത്തി നും ബൈബിളിലെ മേൽപ്പറഞ്ഞ വാക്യത്തിനു ഇടയിൽ എന്തോ സംഭവിച്ചിരിയ്ക്കുന്നു എന്ന് വ്യ ക്തമാണ്. അത് എന്താണ്? വാസ് തവത്തിൽ ദാവീദ് പേടിച്ചോടുക യായിരുന്നോ? അവൻ 'ഒഴിഞ്ഞു പോകുക'യായിരുന്നോ?

മറ്റുഭാഷകളിലുള്ള ബൈബി ളുകൾ വായിക്കുമ്പോൾ 'അല്ല' എന്ന മറുപടിയാണ് ലഭിക്കുക.

'എന്നാൽ ദാവീദ് ഇത് കേട്ട പ്പോൾ അവരെ (ഫെലിസ്ത്യരെ) കാണാൻ ഇറങ്ങിച്ചെന്നു' (but david heard about it and went out to meet tham - NIV).

'ദാവീദ് ഇത് കേൾക്കുകയും അവർക്ക് എതിരെ ചെല്ലുകയും ചെയ്തു' (And David heard of it and went at against them - NKJV).

'ദാവീദ് ഇക്കാര്യം കേട്ടു. അ വർ എവിടെയായിരുന്നോ അവിടേ യ്ക്ക് താൻ ഇറങ്ങിച്ചെന്നു' (But David heard about it. He went out to where they were - NIRV Kid's Bible)

'അവർ വഴിയിലാണെന്ന് മന സ്സിലാക്കിയ ദാവീദ് തന്റെ സൈ ന്യത്തെയെല്ലാം വിളിച്ചുകൂട്ടി' (But David learned that they were on the way, so he called together his army - Tyndale) എന്നാണ് വിവിധ ഇംഗ്ലീഷ് ബൈ ബിളുകളിൽ കാണുന്നത്.

മലയാളം ബൈബിളിൽ ദാവീ ദിനെ പേടിത്തൊണ്ടനായി ചിത്രീ കരിച്ച ബൈബിൾ സൊസൈറ്റി, പക്ഷേ അവരുടെ ഹിന്ദി പതിപ്പിൽ 'ദാവീദ് അവരെ എതിരിടുവാൻ പുറപ്പെട്ടു' എന്ന് വ്യക്തമായും സ ത്യമായും എഴുതിയിരിക്കുന്നു.

അങ്ങനെയെങ്കിൽ മലയാളം ബൈബിളുകളിൽ - മലയാളികൾ ക്ക് എന്താണ് ദാവീദിനോട് ഇത്ര വിരോധം? സത്യം മറച്ചു വെയ്ക്കു കയോ കേട്ട അറിവ് ശരിയാണോ യെന്ന് അന്വേഷിക്കാതെയിരിയ് ക്കുകയോ ചെയ്യുകയല്ലേ നാം ചെയ്തത്, ചെയ്യുന്നത്? മലയാളി യുടെ കണ്ണിൽ ദാവീദ് എങ്ങനെ കൊള്ളരുതാത്തവനായി? ബൈ ബിൾ സൊസൈറ്റിയുടേത് നൂറ്റാ ണ്ട്, പഴക്കമുള്ള പരിഭാഷയാണ്, അന്ന് ഇന്നത്തേതുപോലെ ഭാഷ യും വ്യാഖ്യാന ശാസ്ത്രവും പരി ഭാഷാപ്രക്രിയയും വികാസം പ്രാ പിച്ചിട്ടില്ല, അതുകൊണ്ട് സംഭവിച്ച 'ബാലചാപല്യ'ങ്ങളെന്നോ, 'ബാ ലാരിഷ്ടത'യാണെന്നോ ഒക്കെ പറയാൻ കഴിഞ്ഞേക്കാം. എന്നാ ൽ മറ്റു മലയാളം പരിഭാഷകളുടെ കാര്യമോ? അവർ സത്യം എന്ത് എന്ന് എന്തുകൊണ്ട് അന്വേഷി ച്ചില്ല? ഒരാൾ പറഞ്ഞത് (ബൈബി ൾ സൊസൈറ്റി) അപ്പാടെ വിഴു ങ്ങുകയായിരുന്നില്ലേ? മറ്റു പരിഭാ ഷകൾ, വിവിധം ഭാഷകളിൽ, വാ യിച്ചുനോക്കാതെയോ, വ്യാഖ്യാന പുസ്തകങ്ങൾ പരിശോധിക്കാ തെയോ ചെയ്യാതെ കണ്ണുമടച്ചുനി ന്ന് വാപൊളിച്ച് 'കീറുന്ന' പ്രാസം ഗകർ ശ്രദ്ധിയ്ക്കുക. ഈ വാക്യം എടുത്ത് പ്രസംഗിക്കുന്ന ഓരോ പ്രസംഗത്തിലൂടെയും നിങ്ങൾ ദാ വീദിനെ കൊല്ലാതെ കൊല്ലുകയാ ണ്.

'കേട്ടപാതി, കേൾക്കാത്തപാ തി' ശിക്ഷയ്ക്കുള്ള ചൂരൽ തപ്പി നടക്കുന്ന 'മൂപ്പൻ'മാരുടെയും 'അ ധികാരികളു'ടെയും ശ്രദ്ധയ്ക്ക്. ഒ രു സഹോദരനെക്കുറിച്ചോ, ഒരു സഹോദരിയെക്കുറിച്ചോ ആരെങ്കി ലും എന്തെങ്കിലും പറഞ്ഞാൽ, അ തിന്റെ സത്യാവസ്ഥ അറിയാതെ, അറിയാൻ ശ്രമിക്കുകപോലും ചെ യ്യാതെ ശിക്ഷവിധിയ്ക്കുകയല്ലേ നിങ്ങൾ ചെയ്യുന്നത്? കുറ്റം ചാർ ത്തപ്പെട്ടവർക്കും പറയാൻ ഉയർ ന്നിരിയ്ക്കേ, അത് ശ്രദ്ധിക്കാൻ പോലും കൂട്ടാക്കാതെയല്ലേ വിധി നടപ്പാക്കിയത്? കുറ്റാരോപിതന്റെ അവകാശത്തെ (Rights of accused) മാനിയ്ക്കുവാൻ എങ്കിലും നിങ്ങൾ തയ്യാറായോ? അവർക്ക് പറയാനുള്ളത് നിങ്ങൾ കേൾക്കാ ൻ കൂട്ടാക്കിയോ? നിങ്ങൾ കേട്ടത് സത്യമാണോ എന്ന് അന്വേഷണം നടത്തേണ്ടത് ആവശ്യമായിരുന്നി ല്ലേ? അവരെ - പാവപ്പെട്ട വിശ്വാ സിയോ, പിടിപാടുകൾ ഇല്ലാത്ത പാസ്റ്ററോ ആണെങ്കിൽ പ്രത്യേകി ച്ചും - പടിയടച്ച് പിണ്ഡം വെ യ്ക്കുവാൻ എന്ത് ആവേശമാണ് നിങ്ങൾ കാണിച്ചത്? 'ഞങ്ങൾ സ ത്യത്തിനും വിശുദ്ധിക്കുംവേണ്ടി നിലകൊള്ളുന്നു' എന്ന് മാലോ കരെ അറിയിക്കാനുള്ള നല്ല അവ സരം എന്നായിരുന്നില്ലേ അപ്പോൾ നിങ്ങളുടെ മനസ്സിലെ ചിന്ത? ഉന്ന യിക്കപ്പെട്ട ആരോപണവുമായി യാതൊരു ബന്ധവും ഇല്ലാതിരു ന്നിട്ടും, ഇന്നലെവരെ ഒന്നിച്ചിരുന്ന് ആരാധിച്ചവർ ഇന്ന് ശത്രുക്കളായ വിധി കർത്താക്കളായി മാറുന്നത് കണ്ട് നുറുങ്ങുന്ന ഹൃദയവുമായി സഭാഹാളിന്റെ പടികൾ ഇറങ്ങിയ നിരവധി വിശ്വാസികൾ നമുക്കിട യിലുണ്ട്. തകർന്ന ഹൃദയവുമാ യി, കണ്ണുനീർ വീഴ്ത്തി പുറത്താ ക്കപ്പെട്ട വിലക്കുകൾ ലഭിച്ച, ശിക്ഷാസ്ഥലംമാറ്റം (Punishment Transfer) ഏറ്റെടുക്കേണ്ടി വന്ന വർ ഇന്നും തലകു നിച്ച് നടക്കുകയാ ണ്. അല്പംകൂടെ

10

# Matrimonial

Proposal Invited for a Pentecostal girl, 24, 5.8", fair, Msc, M.phil (Psychology) Working, born and brought up outside kerala, Seeking suitable alliance from Pentecostal Working Proffessionals with Commitment for the Ministry.

**Mob: 09845579268,**
**email: abrahamvalliath@gmail.com**

29 years bornagain girl, financial analyst in Dubai. God fearing, spirit filled, active member of church and worship leader. Looking for born again Protestant boy born and brought up outside Kerala, well educated, good english for communication, atheletic body and below 35. Please contact.

**Mob: 07600197930**
**email: lucyvmathew@gmail.com**

# സൂററ്റിൽ ആത്മീയ ആരാധനയ്ക്ക്

**പാസ്റ്റർ ജിജി പോൾ നേതൃത്വം നൽകുന്നു.**
**ഫോൺ: 08958400022**

**IPC City Church, IIIrd Athva Arcade, Athva Gate, Surat**

**Phone: 09601751369, 09725340000, 09913732923**


## കൊച്ചുവർത്തമാനം






**പാസ്റ്റർ ബിജു ജോയി തുവയൂർ**
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ


# ആത്മാക്കളെ കൊണ്ടു കൊടുക്കുന്നവർ

ഒരു നാൾ ബസ് യാത്രയിൽ ഒരു ഭക്തശിരോമണിയെ കണ്ടുമുട്ടാനുള്ള മഹാഭാഗ്യം ഈയുള്ളവന് കൈ വന്നു – കൈ വന്നു എന്നു പറഞ്ഞാൽ ചെറിയ "കണ്ടുമുട്ടൽ" അല്ല, അപാരം....തന്നെ അപാരം.... കാര്യത്തിലേക്ക് കടക്കാം ആൾ പുലിയാണെന്നും മറ്റും പറയാറില്ലെ – പുലി തന്നെ. തൊട്ടടുത്ത സീറ്റിൽ ഇരുന്ന ശേഷം ആകെപ്പാടെ എന്നെ ഒരു നോട്ടം "ഉപദേശിയാ അല്ലെ" 'അതെ' എന്ന ഉത്തരം വന്നതും താൻ മഹാന്മാരിൽ മഹാനാണെന്നും ആരെയും ഒറ്റനോട്ടത്തിൽ തന്നെ വിവേചിച്ച് ഉള്ളറകൾ കാണാൻ കഴിവുള്ളവനെന്നും "ഈ സാധു"വിനോട് അരുളിചെയ്തു.... തന്റെ ജോലിമണ്ഡലം, വേലമണ്ഡലം, കുടുംബമണ്ഡലം തുടങ്ങി സകല "മണ്ഡലവും" അതിന്റെ അവസ്ഥകളും വെളിപ്പെടുത്തി ഒടുവിൽ ഒരു ചോദ്യം "താങ്കൾക്ക്" ആത്മാക്കളെ വേണോ? – കൊള്ളാം ഒരു ഉപദേശിയോട് അങ്ങനെ ഒരു ചോദ്യം ചോദിച്ചാൽ...."വേണേ" എന്നല്ലാതെ എന്തു പറയാൻ. തന്റെ പക്കൽ അനേക ആത്മാക്കൾ (ആത്മാക്കൾ എന്നു പറഞ്ഞാൽ മനുഷ്യരാണ് കേട്ടോ) ഉണ്ടത്രേ. തന്നെ "കരുതുന്ന" സഭകളിലേക്ക് അവരെ എത്തിക്കും.....വിശദാംശങ്ങൾ പിന്നെയും വന്നു. എല്ലാവരേയും ആ മഹാൻ തേടിയതാണ്. ഇപ്പോൾ തത്ക്കാലം ഒരു സഭയിൽ പോകുന്നുമുണ്ട്. പക്ഷേ അവിടുത്തെ "സ്ഥിതി" തന്റെ "വേല"കൾക്കു അത്ര യോജിച്ചതല്ലത്രേ...

അതുകൊണ്ട് താൻ അവിടേക്ക് കൊണ്ടുചെന്ന് – നിലനിർത്തിയ ചിലരും – അവിടെ നിന്നും "നേടിയ" ചിലരും തന്നോടൊപ്പം തന്റെ പ്രത്യേക പ്രാർത്ഥനാസെല്ലി"ൽ ഉണ്ട് അവരെ ലഭിക്കണമെങ്കിൽ ഒന്നു മാത്രംമതി ഈ മഹാനെ വേണ്ടപോലെ മാനിക്കണം. സംഗതി എങ്ങനെ ഉണ്ട്? അന്ത്യകാലത്ത് "വാണിഭ" വിരുതന്മാർ ഉണ്ടാകും എങ്കിലും ഇങ്ങനെയുമുണ്ടോ എന്നാകും ചിലരുടെ ചിന്ത. "മനുഷ്യപുത്രാ നീ ഇനിയും വലുതു കാണും" എന്നല്ലാതെ എന്തു പറയാൻ....ഇത്തരം ഇത്തിൾ കണ്ണികളെ ചിലർ താത്ക്കാലിക നന്മയ്ക്ക് ഉപയോഗിക്കുമ്പോൾ ഓർക്കുക ഇവരുടെ പിറകേ കൂടിയിരിക്കുന്ന "ശിഷ്യൻ"മാരും വീണ്ടും നേടുന്ന ചിലരും മരുപ്പച്ച തേടി വീണ്ടും ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് എന്ന യാത്ര അനസ്യൂതം തുടരും... സൂക്ഷിക്കുക-ദൈവവചനത്തിനോ...ദൈവസ്നേഹത്തിനോ പ്രാമുഖ്യം നൽകാത്തവർ ആരായാലും ഒഴിവാക്കുക...അതിന് ഉടയ തമ്പുരാൻ കൃപ ചെയ്യട്ടെ.....

## കണ്ടതും കേട്ടതും

# ശ്രീലങ്കയും രാജസ്ഥാനും ഫിലിപ്പോസച്ചായനും


ജയ്മോഹൻ അതിരുങ്കൽ, 9567759748


നമ്മുടെയാളുകൾ ആദ്യം മറുനാട്ടിലേക്കു പോയതു സിംഗപ്പൂരിലേക്കും മലേഷ്യയിലേക്കും ആഫ്രിക്കയിലേക്കുമൊക്കെയായിരുന്നു. അതുകഴിഞ്ഞു ഗൾഫ് രാജ്യങ്ങളിലേക്കായി യാത്ര. കുറെക്കഴിഞ്ഞപ്പോൾ അമേരിക്കയിലേക്കും കാനഡയിലേക്കും പോകാൻ തുടങ്ങി. അടുത്തിടെ ഇംഗ്ലണ്ട്, ഓസ്ട്രേലിയ, ന്യൂസിലാൻഡ് (ന്യൂസീലാൻഡ് എന്നാണു പറയേണ്ടതെന്ന്, അടുത്തിടെ അന്തരിച്ച പ്രഫസർ സി. ആർ. ശങ്കരമേനോൻ പറഞ്ഞുകേട്ടിട്ടുണ്ട്). ജർമ്മനി, സ്വിറ്റ്സർലൻഡ്, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളിലും മലയാളി സാന്നിദ്ധ്യമുണ്ട്. സിംഗപ്പൂർ, മലേഷ്യാകുടിയേറ്റക്കാലത്തുതന്നെ കേരളീയർ പോയിരുന്ന സ്ഥലമാണു ശ്രീലങ്ക. അന്നു സിലോൺ എന്നായിരുന്നു പറഞ്ഞിരുന്നത്. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയതിനു ശേഷമാണു ബ്രിട്ടീഷുകാരിൽ നിന്നു ശ്രീലങ്ക സ്വതന്ത്രമായത് (1948 ഫെബ്രുവരി 4-ാം തീയതിയാണ് ഔദ്യോഗികമായി സ്വാതന്ത്ര്യം ലഭിച്ചത്). ഇൻഡ്യയുടെ ഒരു പ്രവിശ്യയായി ശ്രീലങ്കയെ നിലനിർത്തണമെന്ന ആഗ്രഹം ചില ബ്രിട്ടീഷ് അധികാരികൾക്കുണ്ടായിരുന്നുപോലും. പക്ഷേ മറ്റു ചിലരുടെ എതിർപ്പുമൂലം അതു നടന്നില്ലെന്നാണു പറയുന്നത്. ഇതു സംഭവിച്ചിരുന്നെങ്കിൽ ആൻഡമാൻസ്, ലക്ഷദ്വീപ് എന്നിവയെപ്പോലെ വലിയൊരു ദ്വീപ് ഇൻഡ്യയുടെ വകയായിരുന്നേനെ. മുപ്പതു വർഷത്തെ ആഭ്യന്തരയുദ്ധം ഈ കൊച്ചുരാജ്യത്തെ അൻപതു വർഷം പിന്നോട്ടടിച്ചു. ശതകോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടായി. പതിനായിരക്കണക്കിനാളുകൾ അകാലമരണമടഞ്ഞു. നാല്പത്തിരണ്ടു രാജ്യങ്ങളിലേക്ക് അഭയാർത്ഥികൾ പോയി. ഇന്നു രണ്ടു



കോടിയിലേറെയാളുകളാണ് ഈ ദ്വീപരാഷ്ട്രത്തിലുള്ളത്. കേരളത്തിൽ ഇതിന്റെ ഇരട്ടിയോളം ജനമുണ്ട്. നല്ല കാലാവസ്ഥയും വൃത്തിയുമുള്ള ശ്രീലങ്കയിൽ, രണ്ടു പ്രാവശ്യമായി രണ്ടു മാസത്തോളം താമസിക്കാൻ എനിക്കവസരം കിട്ടി. ഒരു വിനോദയാത്രികനായിട്ടല്ല, ഒരു സുവിശേഷകനായിട്ടാണു ഞാനവിടെച്ചെന്നത്. പോയ സ്ഥലങ്ങളിൽ എന്തെങ്കിലും കാണാനുണ്ടെങ്കിൽ അതു കണ്ടെന്നല്ലാതെ, 'കാണാൻ വേണ്ടിയുള്ള യാത്രകൾ ഇല്ലായിരുന്നു. ശ്രീലങ്കയിലെ ചില കാര്യങ്ങൾ വരും ലക്കങ്ങളിലെഴുതാമെന്നു കരുതുന്നു. ഇൻഡ്യയുടെ ഭൂപടം ഭിത്തിയിൽ തൂക്കിയിടുമ്പോൾ, താഴെ, ഒരു കണ്ണുനീർത്തുള്ളിപോലെ കിടക്കുന്ന ശ്രീലങ്ക അക്ഷരാർത്ഥത്തിൽ കണ്ണുനീരിന്റെ നാടാണ്. Srilanka is the land of water, women, and war എന്നൊരു പറച്ചിലുണ്ട്. ഇപ്പോൾ war tourism (യുദ്ധവുമായി ബന്ധപ്പെട്ട കാഴ്ചകൾ കാണാനുള്ള സഞ്ചാരം) ശ്രീലങ്കയിൽ നന്നായി നടക്കുന്നുണ്ട്. എൽ. റ്റി. റ്റി. ഇ. എന്ന സംഘടനയുമായി ബന്ധപ്പെട്ട എത്രയെത്ര കഥകൾ,അനുഭവങ്ങൾ! ശ്രീലങ്കയിലെ ഭൂരിപക്ഷജനവിഭാഗമായ സിംഹളർ മിക്കവരും ബുദ്ധമതസ്ഥരാണ്. അഹിംസയാണു മുദ്രവാക്യമെങ്കിലും, അവർ സുവിശേഷകരെ ആക്രമിച്ചെന്നു വരാം. അവരുടെയിടയിൽ പ്രവർത്തിക്കുന്ന ഒരു സുവിശേഷകനെ എനിക്കു കാണാൻ കഴിഞ്ഞു. ഒരു കൺവെൻഷനോ, പരസ്യയോഗമോ, ലഘുലേഖാവിതരണമോ ഒന്നും അവിടെ നടത്താനാവില്ല. പക്ഷേ ആ സഹോദരൻ കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടായി പ്രവർത്തിച്ച സ്ഥലത്ത് ഇന്ന് അൻപതു കുടുംബങ്ങൾ കർത്താവിനെ ആരാധിക്കുന്നു. വ്യക്തിപരമായി സുവിശേഷം പറയുകയും രോഗികൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്



താണ് അത്രയും പേർ രക്ഷിക്കപ്പെട്ടു ദൈവമക്കളായത്. അദ്ദേഹത്തിനെതിരെ കുറെ കള്ളക്കേസുകളുമുണ്ട്.

ഇനി രാജസ്ഥാനിലേക്കു പോകാം. ഇൻഡ്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ രാജസ്ഥാനിലേക്ക് കഴിഞ്ഞയിടെ ഒരു യാത്ര പോയി. മൂന്നാഴ്ച അവിടെക്കഴിഞ്ഞു. ഇരുപത്തഞ്ചു വർഷമായി അവിടെയൊരു കർത്തൃവേലക്കാരൻ പ്രവർത്തിക്കുന്നുണ്ട്. ചുങ്കത്തറക്കാരൻ ജോൺ ജോർജ്ജ്, രാജസ്ഥാൻ, ഹരിയാന തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ച ജോൺ ജോർജ്ജ് പാസ്റ്റർക്കു നാല്പതോളം പ്രവർത്തനസ്ഥലങ്ങളുണ്ട്. അതിലെ പത്തു ഗ്രാമങ്ങളിൽ എനിക്കു പോകാൻ കഴിഞ്ഞു. പതിനഞ്ചു മുതൽ എഴുപതുവരെ (ഏകദേശക്കണക്കാണ്) അംഗങ്ങളുള്ള സഭകൾ. ഒറ്റയിടത്തും ആരാധനാലയങ്ങളില്ല. ആരുടെയെങ്കിലും വീട്ടിലോ വീട്ടുമുറ്റത്തോ ആണു യോഗം നടത്തുക. കർഷത്തൊഴിലാളികളും കർഷകരുമാണു വിശ്വാസികൾ. ഗോതമ്പും കടുകും മറ്റും കൃഷിചെയ്യുന്നിടത്തു പകലന്തിയോളം പണിയെടുത്തിട്ടാണ് അവർ യോഗങ്ങൾക്കു വരുന്നത്. രാത്രി എട്ട്, എട്ടര മണിക്കു തുടങ്ങുന്ന കൂടിവരവുകൾ. അവസാനിക്കുന്നതു ചിലപ്പോൾ പന്ത്രണ്ടുമണിക്കാകാം. പാക്കിസ്ഥാന്റെ അതിർത്തിയിൽ നിന്ന് ഏറെയകലെയല്ലാത്ത (എഴുപതു കി. മീ.) ഈ സ്ഥലത്തെ പ്രവർത്തനത്തെ സാമ്പത്തികമായി സഹായിക്കാൻ ആരെങ്കിലും തയ്യാറായാൽ നല്ലതായിരുന്നു. താല്പര്യമുള്ളവർക്ക് ഇവിടെ നടക്കുന്ന സുവിശേഷപ്രവർത്തനങ്ങൾ ചെന്നു കാണാൻ അവസരമുണ്ട്. ഏതെങ്കിലും നിലയിൽ ഈ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നതിന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, പാസ്റ്റർ ജോൺ ജോർജിനെ വിളിക്കുക. ഹനുമാൻഗഡ് എന്ന സ്ഥലത്താണ് അദ്ദേഹം താമസിക്കുന്നത്. കോട്ടാ ജങ്ക്ഷനിൽ നിന്ന് ഏകദേശം തൊള്ളായിരം കി. മീ. ദൂരെയാണിവിടം. പാസ്റ്റർ ജോൺ ജോർജിന്റെ ഫോൺ നമ്പർ 09414508231. ഒരു ഗ്രാമത്തിലും പട്ടിണി കിടക്കേണ്ടി വരില്ല. യോഗം കഴിഞ്ഞ്, ചപ്പാത്തിയുണ്ടാക്കി നമ്മൾക്കു തന്നിട്ടേ അവർ വിശ്രമിക്കുകയുള്ളൂ. പശുവും എരുമയും മനുഷ്യനുമൊ

11

ലേഖനം

# അരചനാക്കിയാൽ ആടാൻ വരാം: മുൾപ്പടർപ്പ്



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

സ്ഥാനമാനങ്ങൾക്കായുള്ള കടുത്ത മത്സരങ്ങൾ ലോക ചരിത്രത്തിന്റെ ഭാഗമാണ്. അതിനായി ഹോമിക്കപ്പെട്ട ജീവനുകൾക്ക് കണക്കില്ല, ഒഴുക്കപെട്ട രക്തത്തിനളവില്ല. വെല്ലുവിളിച്ചും കൊലവിളി നടത്തിയും ഏതറ്റം വരെ ഇറങ്ങിചെന്നും അധികാരം കയ്യാളാനുള്ള സമര തന്ത്രങ്ങൾ ഇന്നും വർദ്ധിത വീര്യത്തോടെ നമുക്കിടയിൽ ശക്തമാണ്. ഈ പോരാട്ടത്തിനിടയ്ക്ക് ഇങ്ങോട്ട് വന്നു ആരെങ്കിലും രാജാവാകുവാൻ ക്ഷണിച്ചാലോ? ഇതിൽ പരം വേറെ എന്തുള്ളൂ? പക്ഷെ ലോകം വച്ച് നീട്ടുന്ന എല്ലാ ക്ഷണങ്ങളും സ്വീകരിക്കാൻ നാം തയ്യാറാകുമ്പോൾ മൂല്യമുള്ള പലതും നമുക്ക് വിട്ടു കളയേണ്ടി വരും എന്നത് വിസ്മരിച്ചു കൂടാ.!! എന്തെങ്കിലും ഒക്കെ ലഭിക്കുമെന്നുണ്ടെങ്കിൽ എവിടേക്കും താഴ്ന്നിറങ്ങി ചെല്ലാനുള്ള നമ്മുടെ മോഹത്തിന്റെ പിന്നിലെ ജഡവാഞ്ച നമ്മെ കനത്ത തകർച്ചയിലേക്ക് നയിക്കും. നാം മനസ്സിൽ സൂക്ഷിച്ചു കൊണ്ട് നടക്കുന്ന, ദൈവത്താൽ ഉള്ളതല്ലാത്ത അധികാരത്വരയുടെ അശുഭ സൂചനകൾ ആണ് ഈ ലോക വ്യവസ്ഥിതികളുടെ എല്ലാ ആവശ്യപ്പെടലുകൾക്കും നാം അംഗീകാരം നൽകുന്നതിലൂടെ പ്രകടമാകുന്നത്.

പണ്ടൊരിക്കൽ വൃക്ഷങ്ങൾ എല്ലാം കൂടി അവർക്കൊരു രാജാവിനെ തേടി ഇറങ്ങി. ഒലിവു വൃക്ഷത്തെ സമീപിച്ചിട്ടു രാജാവാകുവാൻ ക്ഷണിച്ചെങ്കിലും ദൈവത്തിന്റെയും മനുഷ്യരുടെയും പുകഴ്ചക്ക് ഹേതുവായിരിക്കുന്ന തന്റെ പുഷ്ടി വിട്ടിട്ടു ഒരു രാജസിംഹാസനം തനിക്കു വേണ്ടെന്നായിരുന്നു പ്രഥമ പ്രതികരണം.! മധുരവും വിശേഷപ്പെട്ട പഴവും ഉപേക്ഷിച്ചു ഞാനും ആടാനില്ലെന്നായിരുന്നു രണ്ടാമതായി വൃക്ഷങ്ങൾ രാജാവാകുവാൻ ക്ഷണിച്ച അത്തിയുടെ മറുപടി. മൂന്നാമത് മുന്തിരി വള്ളിയുടെ അടുക്കൽ എത്തിയെങ്കിലും എന്റെ രസം കളഞ്ഞിട്ടു രാജാവാകാൻ ഞാനുമില്ലെന്നായിരുന്നു വൃക്ഷങ്ങൾക്ക് കിട്ടിയ മറുപടി. ഏറ്റവും ഒടുവിലായി അവർ മുൾപടർപ്പിനെ സമീപിച്ചു. മൂന്നു പേർ വിട്ടു കളഞ്ഞ ക്ഷണം മുൾപ്പർപ്പു സ്വീകരിച്ചു.! രാജസിംഹാസനത്തെക്കാൾ വിലയുള്ളതായി തങ്ങൾക്കു നഷ്ടമാക്കേണ്ടിവരുന്നതിനെ കണ്ട മൂവർസംഘം വെറും അജ്ഞാനികളാണെന്നും അരജനാക്കിയാൽ ആടാൻ വരാമെന്നുമാണ് മുൾപ്പടർപ്പിന്റെ നിലപാട്.

ലോകം സമ്മാനിച്ച മോഹന വാഗ്ദാനങ്ങൾ നമുക്ക് മുമ്പേ ഗമിച്ചവർ വേണ്ടെന്നു പറഞ്ഞിടത്ത് ഉലകക്കാർ വച്ച് നീട്ടുന്ന എല്ലാ കിരീടങ്ങളും തലയിൽ തിരുകി എവിടെയും ആടാൻ തയ്യാറാണെന്ന് നാം പറയുമ്പോൾ നഷ്ടമാകുന്ന പുഷ്ടി, ഫലം, രസം ഇവയെക്കുറിച്ച് നാം അറിവുള്ളവരോ? മണിക്കിലുക്കമുള്ള അൾത്താരകളും കുന്തിരിക്കം മണക്കുന്ന പള്ളിമേടകളും വടിയും കുടയും വെടിയും ഉത്സവങ്ങളും ഘോഷയാത്രകളും ഒക്കെ വിട്ടു നാം പുറപ്പെട്ടത് നഷ്ടപ്പെടുത്താനല്ല. ചിലത് നേടാനായിരുന്നു. അത് ലോകം സമ്മാനിക്കുന്ന രാജസിംഹാസനങ്ങൾ ആയിരുന്നില്ല, മറിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കാളികളായിട്ടായിരുന്നു. മിസ്രയീമ്യ നിക്ഷേപങ്ങളുടെ വാഴ്ചക്കാരനാക്കാം എന്ന് അരമനകളിൽ നിന്ന് ഉണ്ടാകാനിടയുള്ള ഭാവി പ്രലോഭനങ്ങളെ ദൂരവേ കണ്ട മോശ ക്രിസ്തുവിന്റെ നിന്ദ ഹേതുവാൽ ഹോരെബിലേക്കോടി. കത്തിയാലുടനെ വെന്തു പോകുന്ന മുൾപ്പടർപ്പു സമാനസ്ഥാനമാനങ്ങളെ വിട്ടോടിയതിനാൽ കത്തിയിട്ടും വെന്തു പോകാത്ത മുൾപ്പടർപ്പിനുള്ളിൽ നിന്ന് കർത്താവിനെ കണ്ടു തന്റെ നേതൃത്വ ശുശ്രൂഷ ആരംഭിച്ചു.!

അഭിഷേകത്തിന്റെ പുഷ്ടിയും പരിശുദ്ധാത്മാവിന്റെ ഫലങ്ങളും വിശുദ്ധിയുടെ രസവും നഷ്ടപ്പെടുത്തി. ഏറിയാൽ നാല് വിരൽ നീളമുള്ള ഈ ഭൂപ്രയാണത്തിൽ കേവലം ചില പദവികൾക്കായി നാം നടത്തുന്ന വിലകുറഞ്ഞ ഇടപാടുകൾ ദൈവമുമ്പാകെ നേരുള്ളതോ? പുഷ്ടിയും ഫലവും രസവുമാണ് നമ്മെ ഈ ലോകത്തിൽ വ്യത്യസ്തരാക്കുന്നത്. ഇത് നാം ഉപേക്ഷിക്കുമ്പോൾ മറ്റുള്ളവരിൽ ഒരുവനാകുകയാണ് നാമും. മേൽപ്പറഞ്ഞ ഗുണങ്ങൾ ഇല്ലാത്ത നമ്മുടെ ജീവിതം. 'ബുദ്ധിയില്ലാത്ത മൃഗങ്ങൾ, കാറ്റുകൊണ്ടു ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ, ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ'- ഇത്യാദി വിശേഷണങ്ങൾക്ക് യോഗ്യന്മാരായി നാം അധഃപതിക്കുന്നു. തന്നിൽ പകർന്നു കിട്ടിയ പുഷ്ടിയാൽ ഒരു കഴുതയുടെ പച്ചതാടിയെല്ലുകൊണ്ടു കുന്നൊന്ന് കുന്ന് രണ്ട് എന്നു പറഞ്ഞു ആയിരങ്ങളെ കൊന്നുകളഞ്ഞവൻ ഒടുവിൽ തന്റെ ശക്തിയുടെ രഹസ്യം വെളിപ്പെടുത്തി പുഷ്ടി നഷ്ടപ്പെടുത്തിയപ്പോൾ സംഭവിച്ച ദുരന്തമറിയാൻ ശിംശോൻ - ദലീല കൂട്ടുകെട്ടിന്റെ ചരിത്രം പരിശോധിച്ചാൽ മതിയാകും.

ദൈവനിയോഗിതമായ പദവികളും അധികാരങ്ങളും അതിന്റെ സമയത്ത് നമുക്ക് പിന്നാലെ വന്നുകൊള്ളും. പക്ഷെ നിശ്ചയിക്കപ്പെട്ട സമയത്തിനു മുമ്പ് അനധികൃത മാർഗ്ഗങ്ങളിലൂടെ അത് കരഗതമാകാനുള്ള തന്ത്രങ്ങൾ തകരപ്പെടും. നമുക്കുള്ള ദൈവകൃപയെ നഷ്ടപ്പെടുത്തി നാം നേടുന്ന എല്ലാ സിംഹാസനങ്ങളും താമസംവിനാ നിലംപൊത്തും വീണൊന്നു നമസ്കരിച്ചാൽ ഈ കാണുന്നതൊക്കെ പേരിലാക്കിതരാം എന്ന സാത്താന്യസമ്മാനത്തെ യാതൊരു ഒത്തു തീർപ്പുകൾക്കും വഴങ്ങാതെ വചനത്താൽ തിരസ്കരിച്ചത് നാം മാതൃകയാക്കേണ്ടതുണ്ട്. മുൻകാലങ്ങളിൽ കൂലിനോക്കാതെ ഒരു പറ്റം വിശുദ്ധന്മാർ ദൈവവചനത്തിന്റെ വ്യാപനത്തിനായി നിലകൊണ്ടു. സത്യവും സങ്കൽപ്പവും കൂട്ടിക്കുഴച്ചു വേദികളിൽ വിളമ്പി അവർ ജനത്തെ ആശയകുഴപ്പത്തിലാക്കാതെ മായം കലർത്താത്ത ദൈവവചനം മുഖം നോക്കാതെ പ്രസംഗിച്ചു. വേദികളുടെ എണ്ണം കൂട്ടാൻ ദുരുപദേശക്കാരോട് കൂട്ടുകൂടി തങ്ങളുടെ മാന്യത അവർ കളഞ്ഞിരുന്നില്ല. പക്ഷെ കാലം മാറി...രാജാവാക്കിയാൽ എവിടെയും ആടാൻ വരാൻ തയ്യാറാണ് എന്നതായിരിക്കുന്നു നമ്മുടെ സ്ഥിതി. അതിനാൽ തന്നെ സർക്കസ് കൂടാരത്തിലും സിനിമാ കൊട്ടകയിലും രാഷ്ട്രീയ പ്ലീനങ്ങളിലും മെഗാ ക്രൂസേഡുകളിലും പിന്നെ അസംഖ്യം മാരികളിലും മുറിക്കൽ, കത്തിക്കൽ, ഒഴിപ്പിക്കൽ ഇത്യാദി യജ്ഞങ്ങളിലും നമുക്കുള്ളവരെ കണ്ടാൽ അമ്പരക്കരുത്. രിമ്മൊന്റെ ക്ഷേത്രത്തിലും യിസ്രായേലിലെ ഉത്സവങ്ങൾക്കും ഇവരെ കാണാം. കാരണം ആടാതിരിക്കാൻ പറ്റില്ല...രാജാവാക്കാമെന്നുപോലും.!!!

എഴുപതു വെള്ളിക്കാശിനു നിസ്സാരന്മാരായ ആളുകളെ കൂലിക്ക് വാങ്ങി തന്റെ സഹോദരന്മാരായ എഴുപതുപേരെ ഒരു കല്ലിന്മേൽ വച്ച് കൊന്നുകളഞ്ഞിട്ടു യെരുബ്ബാലിന്റെ മകനായ അബിമെലേക്ക് രാജാവായെങ്കിലും ഇതിൽ വിശ്വസ്തതയും നീതിയും ഇല്ലായിരുന്നു എന്ന് കാലം തെളിയിച്ചു. ലോകം സമ്മാനിച്ച കിരീടം തലയിലുണ്ടെങ്കിലും ഒരു തിരികല്ലിന്റെ പിള്ള മതി തല തകരാൻ!!!! ദൈവവചനത്തിന്റെ സത്യങ്ങൾക്ക് എതിരായിട്ടുള്ള ഉപദേശങ്ങളെയും അതിന്റെ പ്രചാരകരെയും നാം അകറ്റി നിർത്തേണ്ടതുണ്ട്. എവിടെയും ആടാൻ പോകാൻ നാം മുൾപ്പടർപ്പല്ലല്ലോ...നമുക്കൊരു പുഷ്ടി ഉണ്ട്....ഫലവും രസവും ഉണ്ട്.....നാം വ്യത്യസ്തരാണ് എല്ലാ കാലത്തും!!


SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called to all Nations Ministries (USA)]
GREAT OPPORTUNITY FOR NORTH INDIAN MINISTRIES



Rev. K.G. Easo
Founder and Director




| Course Offered | Duration | Qualification |
|---|---|---|
| 1. Certificate in Theology (C.Th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 year | 10th class |
| 3. Bachelor of Theology (B.Th) | 3 Year | Plus Two Pass |

Medium Instruction Local Language + English

OUR FEATURES
- High qualified, experienced and committed faculty
- Growing library
- Spacious and neat dormitory
- Calm and quit campus with spiritual atmosphere
- Daily Spiritual activities
- Free accommodation, Food and study materials
- Weekend outreach ministries to the nearby cities.



For more information and application write to:
The Registrar, SWI Bethel Bible College,
Surana Nagar, Barwaha, MP, Pin: 451115
Ph: 07280-222592, 09981571723, 09926702063




റവ. കെ.ജി. ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ
റവ. കെ.ജി. ഈശോയുടെ സംഭവബഹുലവും
47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷീകരണ അനുഭവങ്ങളും
അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ
ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക
Ph: 07280222592,09981571723,09497010138, 9893478488
Email ID : kg.easo@gmail.com

WANTED TEACHERS
Invite application from qualified Teachers for Grace Higher Secondary School, Barwaha
9893478488


## 08 ദാവീദും മലയാളിയും...

പഠിച്ചുനോക്കുമ്പോൾ, യാഥാർത്ഥ്യം എന്തെന്ന് അറിയുമ്പോൾ, സംഭവിച്ചുപോയ അബദ്ധം മനസ്സിലാക്കി ദാവീദുമാരെ നാം തിരികെ സ്വീകരിക്കുമോ?

വിധി കർത്താക്കളേ, നിങ്ങളുടെ വിധിയുടെ, പ്രസംഗത്തിന്റെ വങ്കത്തരം മനസ്സിലാക്കുന്ന പുതിയ തലമുറ ഇവിടെയുണ്ട്. ഇംഗ്ലീഷ് ബൈബിളുമായി സഭാരാധനയ്ക്കു വരുന്ന യുവാക്കന്മാർ, നിങ്ങളുടെ വികലമായ വ്യാഖ്യാനം കേട്ട് ഉള്ളിൽ ചിരിയ്ക്കുന്നു. പരിഹാസത്തോടെ ത്യജിയ്ക്കപ്പെട്ട 'ദാവീദി'നെപ്പറ്റി ചിന്തിയ്ക്കുന്ന ഇവർക്ക് സഭയുടെ നിയമവലിയോ, 'അപ്പച്ചന്മാരുടെ' ആക്രോശമോ ഒന്നും പ്രശ്നമല്ലായെന്നറിയുക.

കുറച്ചുകൂടെ തുറന്ന മനസ്സോടെ പ്രശ്നങ്ങളെ സമീപിച്ചാൽ 'ദൈവത്തിന്റെ ഹൃദയപ്രകാരം ഉള്ള ദാവീദുമാരെ ദൈവത്തിന്റെ മാനസപുത്രന്മാരെ പുത്രിമാരെ നമുക്ക് നേടാം, നഷ്ടപ്പെടുത്താനിരിയ്ക്കാം.

## കൺവൻഷൻ

**രാജക്കാട്:** രാജക്കാട് പെന്തെക്കോസ്ത് ദൈവസഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28,29, 30 തീയതികളിൽ രാജക്കാട് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽവച്ച് കൺവൻഷൻ നടന്നു. പാസ്റ്റർമാരായ സജി ജോസഫ് പാമ്പാടി, രാജേഷ് പെരുമ്പാവൂർ, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു. ബ്രദർ മോഹനപണിക്കർ, ജോജി ജോസഫ്, കുഞ്ഞുമോൻ കെ. എം. എന്നിവർ നേതൃത്വം നൽകി.

**ആര്യനാട്:** കുറ്റിച്ചൽ ബ്ലസിംഗ് വർഷിപ്പ് സെന്റർ ഒരുക്കിയ ബ്ലസ് കുറ്റിച്ചൽ 2014 ഏപ്രിൽ 10 മുതൽ 30 വരെ നടന്നു. പാസ്റ്റർമാരായ ജെ. വിത്സൺ, ബഞ്ചമിൻ മോസസ്സ്, തമ്പി ജോസഫ്, അജി ആന്റണി, ജെയ്സ് പാണ്ടനാട്, ജോൺസൺ കാലായിൽ, എം.എം. മത്തായി, ഷാജിമോൻ എന്നിവർ പ്രസംഗിച്ചു. ബ്രദർ ജോയി കുറ്റിച്ചൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## കൊട്ടാരക്കര മേഖലാ ഭാരവാഹികൾ



പാ. ഇ. സി. ജോർജ്ജ്



പാ. ബഞ്ചമിൻ വർഗീസ്



ബ്ര. ജെയിംസ് ജോർജ്



ബ്ര. പി. വി. കുട്ടപ്പൻ

**കൊട്ടാരക്കര:** ഐ. പി. സി. കൊട്ടാരക്കര മേഖലയ്ക്ക് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ ഇ. സി. ജോർജ് വീണ്ടും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ആക്ടിംഗ് പ്രസിഡന്റായി പാസ്റ്റർ ബഞ്ചമിൻ വർഗീസ്, വൈസ് പ്രസിഡന്റന്മാരായി പാസ്റ്റർമാരായ ജോർജ് ഉമ്മൻ, ജോൺ റിച്ചാർഡ്, കെ. വി. തോമസ്, വർഗീസ് മത്തായി എന്നിവരും സെക്രട്ടറിയായി ബ്രദർ ജെയിംസ് ജോർജ് വേങ്ങൂരും ജോയിന്റ് സെക്രട്ടറിമാരായി പാസ്റ്റർ ജെയിംസ് അലക്സാണ്ടർ, ബ്രദർ ഡി. അലക്സാണ്ടർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ട്രഷററായി ബ്രദർ പി. വി. കുട്ടപ്പൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഇ. സി. ജോർജ് ഐ. പി. സി.യിലെ സീനിയർ ശുശ്രൂഷകനും പത്തനാപുരം സെന്റർ മിനിസ്റ്ററും ആണ്. കഴിഞ്ഞ 32 വർഷമായി അദ്ദേഹം മേഖലാ പ്രസിഡന്റായി പ്രവർത്തിച്ചുവരികയാണ്. ഐ. പി. സി. ജനറൽ ജോ. സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് ഇദ്ദേഹത്തിന്റെ മകനാണ്.

## കാലികം



**സജി നെടുങ്കണ്ടം**

# ഗിദെയോന്റെ പരാക്രമവും ഈ തലമുറയുടെ അത്യാഗ്രഹവും

കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന പഴമക്കാർ അത്യുത്സാഹം ഉള്ളവരും കഠിനാധ്വനികളുമായിരുന്നു. ഭൂമി കൈയ്യേറിയ കുടിയേറ്റ കർഷകർ മണ്ണിനോടും കാട്ടുമൃഗങ്ങളോടും പ്രകൃതിയുടെ പ്രഹരത്തോടും എല്ലാംകിട മത്സരം നടത്തി നല്ലൊരു നാളെയ്ക്കുവേണ്ടിയുള്ളത് നാട്ടിൽ നട്ടുണ്ടാക്കി. കോരിച്ചൊരിയുന്ന മഴയും സൂര്യോദയം കാണാൻ കഴിയാതെ മാസങ്ങളോളം മരവിച്ച മണ്ണിൽ പൊന്നുവിളയാൻ പാടുപെട്ടതും പിതാക്കന്മാരുടെ നാളിലെ വേദനകൾ ആയിരുന്നു. മണ്ണിൽ പൊന്നുവിളയിച്ച അവർ അനുഭവിച്ച കഷ്ടപ്പാടിനനുസരിച്ച് നന്മകൾ നേടാതെ കഠിനാധ്വാനം നൽകിയ രോഗദുരിതം പേറി കാലയവനിയ്ക്കുള്ളിലേയ്ക്ക് അവർ കേരറിപ്പോയി. എല്ലുമുറിയെപ്പണതവർ പല്ലുമുറിയെ തിന്നാൻ പ്രായമായപ്പോഴേക്കും കഠിനാധ്വാനം നിമിത്തം പലരുടെയും പല്ല് പൊഴിഞ്ഞിരുന്നു. പുതുപല്ല് കിളിർത്ത പുതുതലമുറയാണ് പിന്നെ ആ നന്മ അനുഭവിച്ചത്. ഭൂമിയെ വെട്ടിപ്പിടിച്ച് പഴമക്കാർ എല്ലാവരും സ്വന്തം തലമുറയുടെ നന്മയ്ക്കായി എല്ലുമുറിയെപ്പണിയാൻ സമർപ്പിതരായി. അവർ കാടുവെട്ടി കല്ല് ഇളക്കി കുഴിതോണ്ടി നട്ട പല വൃക്ഷങ്ങളുടെയും ഫലം മനംനിറയെ തിന്നാൻ കഴിയാതെ രോഗദുരിതം അവരെ മരണത്തിലേയ്ക്ക് കൊണ്ടുപോയിരുന്നു. അധ്വാനശീലന്മാരായ പിതാമഹന്മാർ എല്ലാം തന്നെ സ്വന്തം തലമുറയുടെ നന്മയ്ക്കായി വകഞ്ഞു വച്ച ഭൂമിയെ ഉഴുതുമറിച്ചു. പൊരിവെയിലേറ്റ കർഷകസമൂഹം കൊത്തിക്കിളച്ച് ഉണ്ടാക്കിയ നന്മകളെല്ലാം വേണ്ടപോലെ സംരക്ഷിക്കാൻ ആധുനിക സമൂഹം ആർജ്ജവം കാട്ടുന്നില്ല. നട്ടെല്ലുപൊട്ടി നട്ടുണ്ടാക്കിയ ഫലവൃക്ഷങ്ങളെല്ലാം പുത്തൻ തലമുറ വെട്ടികട്ടിലുപണുതു ഇവിടെ പട്ടുമെത്ത വിരിക്കുമ്പോൾ അധ്വാനം ഇഷ്ടപ്പെടാത്ത ഒരു ആർഭാടതലമുറ നമ്മുടെ മുന്നിൽ പാഞ്ഞുനടക്കുന്നു. പ്രകൃതിയെ സ്നേഹിച്ച പിതാക്കന്മാരുടെ അധ്വാനം ഓർക്കാത്ത ഒരു പുത്തൻ തലമുറ ഇവിടെ പാഞ്ഞു നടക്കുന്നു.

കണ്ടു പിടുത്തങ്ങളുടെ ലോകത്ത് പുതുപുത്തൻ ആശയങ്ങൾ തേടി അലയുന്ന അലസന്മാരും വിരൽതുമ്പുകൊണ്ട് വീരകൃത്യതുത്ത് എടുക്കാൻ ലാപ്ടോപ് ചുമക്കുന്ന യുവതിയുവാക്കളും തെരുവിൽ സജീവമാണ്. അടുത്തിരുന്ന് യാത്ര ചെയ്യുന്ന ആളുടെ മുഖം നോക്കി ഒന്ന് പുഞ്ചിരിക്കാൻപോലും ഇന്ന് മലയാളി മടിക്കുന്നു. കമ്പ്യൂട്ടറിൽ വയറസ് കയറിയാൽ മാത്രം വർദ്ധിത വീര്യത്തോടെ ഇവർ പുറംലോകം നോക്കിക്കാണുന്നു. മനുഷ്യത്വപരമായ സമീപനമോ സ്വാർത്ഥത വെടിഞ്ഞുള്ള സ്നേഹബന്ധമോ ഇന്നത്തെ തലമുറവയ്ക്കലോ പുറംതിരിഞ്ഞൊരു പുഞ്ചിരിയോ സമ്മാനിക്കാത്ത ആധുനികസമൂഹം കടുത്ത മാനസിക പ്രശ്നങ്ങളിൽ ഇന്ന് വലഞ്ഞ് ഉഴലുന്നു. സാഹോദര്യം ഊട്ടി ഉറപ്പിക്കേണ്ട നാട്ടുവഴിയിൽ സിംകാർഡ് ഓരോന്നായി ഊരിമാറ്റിക്കൊണ്ട് സിലോണിലും സിംഗപ്പൂരിലുമുള്ള സ്നേഹിതനോട് പത്തുപൈസാനിരക്കിൽ മണിക്കൂറുകൾ സംസാരിക്കുന്ന മലയാളിക്ക് എന്ത് സാമൂഹ്യ പ്രതിബദ്ധതയാണ് സമൂഹത്തോട് ഉള്ളത്. ഒതുങ്ങുകയാണ് ഇവിടെ മലയാളികൾ, ഒളിക്കുകയാണവരുടെ വൻമാളികകളിൽ. അത്യാഗ്രഹം പെരുത്ത പുത്തൻ തലമുറ അയൽക്കാരനെപ്പോലും ചൂഷണം ചെയ്യുന്നു. ഉപഭോഗസംസ്കാരത്തിന് ഉടമകൾ സ്വാർത്ഥമോഹികളായി ഇവിടെ ഇരുളിന്റെ മറവിൽ പതുങ്ങി ഇരിക്കുമ്പോൾ സമൂഹത്തിന്റെ ഭാവി ഓരോ ദിവസവും കടുത്ത വെല്ലുവിളിയിൽ കലങ്ങി മറിയുന്നു. സ്വാതന്ത്ര്യവും സഹോദര്യവും ഹനിക്കുന്ന കടന്നുകയറ്റവും പീഡനങ്ങളും പരസ്പരം സ്നേഹത്തിൽ നിന്നും ജനത്തെ പുറകോട്ട് നയിക്കുന്നു. പരസ്പരം മുഖം നോക്കി ചീർത്തിരിക്കുന്ന പുത്തൻ തലമുറയ്ക്ക് നാളത്തെ ഭാവിയെക്കുറിച്ച് നേർക്കാഴ്ച നൽകാൻ സന്മനസ്സ് ഉള്ളവർ സ്നേഹത്തിൽ കൂടുക.

ചങ്ങമ്പുഴയുടെ വാഴക്കുല എന്ന കവിതയിൽ അടിയാന്റെ മുറ്റത്ത് അവന്റെ അധ്വാനത്താൽ കുലച്ചകുല വിളഞ്ഞ് പാകമായപ്പോൾ വെട്ടിക്കൊണ്ടുപോകുന്ന തമ്പുരാക്കന്മാരെപ്പോലെ, ന്യായപാലന കാലത്ത് യിസ്രായേലിന്റെ വിളകൾ മിദ്യാന്യർ വന്ന് കൊയ്തുകൊണ്ടുപോയി. അന്യദേവന്മാരെ ഭജിക്കാൻ ആവേശം കാട്ടിയ യിസ്രായേലിന് നേരിട്ട ദുരന്തമായിരുന്നു തങ്ങളുടെ അധ്വാനഫലം തിന്നാൻ കഴിയാതെ വന്നത്. മിദ്യാന്യരും അമാലേക്യരും കിഴക്കുദേശക്കാരും വിളനശിപ്പിച്ചും വിളവെടുത്തും യിസ്രായേലിനെക്രൂരമായി പീഡിപ്പിച്ച് നശിപ്പിക്കുന്ന നാളിൽ പരാക്രമശാലിയായ ഗിദയോൻ തന്റെ അവകാശമായ ഗോദമ്പ് മിദ്യാന്യരുടെ കൈയ്യിൽപ്പെടാതെ മറഞ്ഞിരിരുന്ന് മെതിക്കുന്നു. യഹോവയുടെ ദൂതൻ അവിടെ പ്രത്യക്ഷപ്പെട്ട് ഗിദയോനെ ബലപ്പെടുത്തി. ശത്രുഭയം മറന്ന് സ്വന്തം നന്മ കാത്ത് സൂക്ഷിക്കാൻ തീരുമാനിച്ച പരാക്രമശാലിക്ക് ദൈവത്തിന്റെ വാഗ്ദത്തം അവനെ ഊട്ടി ഉറപ്പിക്കുന്നു. “ഞാൻ നിന്നോട് കൂടെ ഇരിക്കും, നീ മിദ്യാന്യരെ ഒരു ഒറ്റ മനുഷ്യനെപ്പോലെ തോൽപ്പിക്കും എന്ന് കല്പിച്ചു” (ന്യായ. 6:14). എന്നാൽ പുതിയനിയമ യിസ്രായേലിന്റെയും ഗതി വിഭിന്നമല്ല അധ്വാനം ഉണ്ട്, കഷ്ടപ്പാടുണ്ട് നന്മയെല്ലാം സാത്താൻ നായാടിപ്പിടിക്കുന്നു. അത്യാഗ്രഹം മൂത്ത ആധുനിക തലമുറ പത്ത് പണം ഉണ്ടാക്കണം എന്ന ലക്ഷ്യത്തോടെ പാഞ്ഞുനടക്കുമ്പോൾ ദൈവം തന്ന തലമുറയെ ആത്മീയത്തിൽ നയിക്കാൻ കഴിയുന്നില്ല. സഭകൾ അനാത്മീയരെക്കൊണ്ട് നിറയുകയാണ്. ഒരിക്കൽ ആഴമായ അനുഭവത്തിലൂടെ വിശ്വാസമാർഗ്ഗം സ്വീകരിച്ചു വിശുദ്ധിയിൽ ജീവിച്ചു. എന്നാൽ ദൈവത്തെയും ദൈവവചനത്തെയും പുറകിൽ എറിയുന്ന അനുഭവത്തിലേയ്ക്ക് ഇന്നത്തെ സമൂഹം അധഃപതിച്ചതിനാൽ സാത്താൻ ചിലരെ കൊയ്തുകൊണ്ട് അവന്റെ പാളയത്തിലേയ്ക്ക് പോകുന്നു. എന്നാൽ ദൈവജനത്തിന്റെ അനാത്മീക പ്രവണതകണ്ട് തിരുത്തിതിരിച്ചു പിടിക്കാൻ തയ്യാറാകാതെ ഇരുന്നാൽ വിലപ്പെട്ടതു നമുക്ക് നഷ്ടമായേക്കാം. നമ്മുടെ അധ്വാനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായിനേടി എടുത്ത ആത്മാക്കളെ നിത്യതയുടെ കളപ്പുരയിൽ കൊയ്ത് ശേഖരിക്കേണ്ട കാലം അടുക്കുമ്പോൾ നേരത്തെ തുരത്തേണ്ടിയിരിക്കുന്നു. അത്യാഗ്രഹം വെടിഞ്ഞ് അലസത മറന്ന് അധ്വാനശീലരായ ഗിദയോന്മാർ ആധുനിക തലമുറയിൽ ഉണർന്നുവരണം. അവരോടുള്ള ദൈവീക അരുളപ്പാടാണ് “ഞാൻ നിന്നോട് കൂടെ ഇരിക്കും”. പരാക്രമശാലികളായ പുതിയനിയമ ഭക്തന്മാർ ഈ തലമുറയുടെ ആവശ്യമാണ്. അവർക്കു മാത്രമേ സഭയെ മിദ്യാന്യ ശക്തികളിൽ നിന്നും രക്ഷിക്കാനാകൂ...!

## 01 പരമ്പര.....

സെൻട്രൽവെസ്റ്റ് റീജിയന്റെ ഓവർസീയറായി പാസ്റ്റർ എ. മത്തായിയെ നിയമിച്ചു. 2010-ൽ അദ്ദേഹം സ്വയം വിരമിച്ചു. 16 വർഷം അദ്ദേഹം ഓവർസീയർസ്ഥാനത്ത് തുടർന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് പഴയകെട്ടിടം പൊളിച്ച് പുതിയ ഓഫീസ് കെട്ടിടം പണിതത്. 2010 ആഗസ്റ്റ് മുതൽ പാസ്റ്റർ ജോസഫ് മാത്യു ഓവർസീയർ പദവിയിലാണ്. ബോംബെ ആസ്ഥാനമാക്കിയുള്ള സെൻട്രൽ-വെസ്റ്റ് റീജിയനിൽ 11 സംസ്ഥാനങ്ങളാണുള്ളത്. മഹാരാഷ്ട്ര, ഗോവ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഡൽഹി എന്നീ സംസ്ഥാനങ്ങൾ പൂർണ്ണമായും ആന്ധ്ര, രാജസ്ഥാൻ, ഹരിയാന, പഞ്ചാബ്, ചത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങൾ ഭാഗികമായും ഇദ്ദേഹത്തിന്റെ കീഴിലാണ്. മിഷൻ ഫീൽഡുകൾ അടക്കം 180 സഭകൾ മാത്രമേ ഈ റീജിയണിലുള്ളു. 50 വർഷം പിന്നിട്ടിട്ടും 180 സഭയുമായി സഭാവളർച്ച് മന്ദഗതിയിലാണ്. ഇതിൽ 100 ൽതാഴെ സഭകൾക്ക്മാത്രമേ സഭാഹാളും പാഴ്സനേജുകളും സ്വന്തമായുള്ളു. 70 സഭകൾക്ക് മാത്രമേ സ്വയംപര്യാപ്തത പ്രാപിക്കാനായിട്ടുള്ളു. 100 ലധികം സഭകൾകൾക്ക് അലവൻസുകൾ നൽകുന്നുണ്ട്. പകുതി സഭകളും ഹിന്ദി സഭകളാണ്.

60 വർഷം പിന്നിട്ട നോർത്തിന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് പ്രവർത്തനം ഒച്ചിഴയുന്ന വേഗതയിലാണ് നീങ്ങുന്നത്. ഐ.പി.സി. സഭകൾക്ക് ആയിരക്കണക്കിന് സഭകളും കോളേജുകളും ആതുര സ്ഥാപനങ്ങളുമുണ്ട്. സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചാണ് ഐ.പി.സിയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്.

മറ്റു സഭകളും വലിയ മുന്നേറ്റത്തിലാണ്. മഹനേദാൻ, ഇറ്റാർസി കുര്യൻ തോമസിന്റെ സഭ, മിഷൻ ഇന്ത്യ, നവാപൂർ സഭ, പി.ജി. വർഗ്ഗീസിന്റെ പ്രവർത്തനം എല്ലാം ശക്തമാണ്. ചെറിയ മിഷൻ ടിം പ്രവർത്തനങ്ങൾക്കുപോലും നൂറിലധികം സഭകളുണ്ട്. ഈ സാഹചര്യത്തിലാണ് ഒരു വലിയ പ്രസ്ഥാനം മുരടിച്ച് ഇല്ലാതാകുന്നത്. ചർച്ച് ഓഫ് ഗോഡിന് ഉത്തരേന്ത്യയിൽ പ്രശസ്തമായ സ്ഥാപനങ്ങളോ സെമിനാരികളോ ഇല്ല. സെൻട്രൽ വെസ്റ്റ് റീജിയന്റെ വളർച്ച പരിശോധിക്കാം. ചെമ്പൂരിലുള്ള മഹനീയം ബൈബിൾ കോളേജിന്റെ പ്രവർത്തനംപോലും നടത്തിക്കൊണ്ടുപോകാൻ ബോർഡ് ഓഫ് ഡയറക്ടേഴ്സ് പാടുപെടുകയാണ്. ഇതും സഭയുടെ നേതൃത്വത്തിലല്ല. ബോർഡ് പണം കണ്ടെത്തണം. ഐ.പി.സി. പ്രസ്ഥാനത്തിന് ഒരു സ്റ്റേറ്റിൽതന്നെ 500 ലധികം സഭകൾ ഉള്ളപ്പോൾ 11 സ്റ്റേറ്റിലായി 200 സഭപോലും ചർച്ച് ഓഫ് ഗോഡിനില്ല എന്ന് നാം ഓർക്കണം.

എന്താണ് സഭാ പ്രവർത്തനം മരവിക്കാൻ കാരണം ഇവിടെ സഭയ്ക്ക് മിഷൻ പ്രൊജക്ടുകൾ ഇല്ല എന്നതാണ് പ്രധാന കാരണം. മിഷൻ പ്രൊജക്ടുകൾ അവതരിപ്പിച്ച് വിഭവ സമാഹരണം നടത്താൻ നേതൃത്വത്തിനു കഴിയുന്നില്ല. ആത്മഭാരമില്ലാത്ത നേതൃത്വത്തിന് സഭാ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ഇല്ല. പുതിയ മിഷൻ ഫീൽഡുകൾ കണ്ടെത്തി പ്രവർത്തനം വ്യാപിപ്പിക്കുന്നില്ല. സംസ്ഥാനങ്ങളിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കോ-ഓർഡിനേറ്റർമാരില്ല. അധികാര വികേന്ദ്രീകരണം നടക്കുന്നില്ല. അധികാരം ഓവർസീയർമാർ കൈവശംവച്ച് ഏകാധിപതികളായി ഭരിക്കുന്നു. ചുമതലകൾ പങ്കിട്ടു നൽകുന്നില്ല. സണ്ടേസ്കൂൾ, യൂത്ത്, ലേഡീസ് ഡിപ്പാർട്ടുമെന്റുകളില്ല. സണ്ടേസ്കൂൾ പാഠാവലിപോലും സ്വന്തമായിട്ടില്ല.ജീവകാരുണ്യ-ക്ഷേമപ്രവർത്തനങ്ങളില്ല. വിശ്വാസികൾക്ക് ഭരണ പങ്കാളിത്തമില്ല. എഡ്യുക്കേഷൻ ഡയറക്ടർ പദവി ഇല്ല. ബൈബിൾ കോളേജ് പ്രിൻസിപ്പാൾ പദവിക്ക് വേൾഡ് മിഷന്റെ ശമ്പളം ഇല്ല. നേതാക്കന്മാരെ വളർത്തുന്നില്ല. കണക്കുകൾ പരസ്യപ്പെടുത്തുന്നില്ല. ധനകാര്യ മാനേജ്മെന്റ് സുതാര്യമല്ല. ശുശ്രൂഷകന്മാരുടെ ക്രഡൻഷ്യൽ വിഷയങ്ങളിൽ ക്രമീകൃതമായ സംവിധാനമില്ല. പതിറ്റാണ്ടുകളായി ഓവർസീയർ സ്ഥാനത്തിരുന്നുകൊണ്ട് സഭയെ പിറകോട്ട് നയിക്കുകയാണ് ചെയ്യുന്നത്. റിട്ടയർമെന്റ് സംബന്ധിച്ച് ഏകീകൃത നിയമം ഇന്ത്യയിലില്ല. ഇലക്ഷൻ മാന്വൽ ഇല്ല. വേൾഡ് മിഷൻ അനുവദിച്ചിട്ടുള്ള സ്ഥാനങ്ങൾപോലും നൽകുന്നില്ല.

പുതിയ തലമുറകൾ നേതൃത്വത്തിലേക്ക് വരുന്നില്ല. ഉത്തരേന്ത്യയിൽ റീജിയനുകൾ പിരിച്ചുവിട്ട് സംസ്ഥാനങ്ങളിൽ യഥാക്രമം ഓവർസീയർമാരെ നിയമിക്കണം. അതാത് സ്റ്റേറ്റ് കൗൺസിലുകൾ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. ദേശീയാടിസ്ഥാനത്തിൽ ദൈവസഭ പുനഃസംഘടിപ്പിക്കണം. ജനറൽ കൗൺസിൽ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം. ഇന്റർസ്റ്റേറ്റ് റെജിസ്ട്രേഷൻ നടപ്പിലാക്കണം. ഇന്ത്യിലെ സഭ സ്വയം ഭരണത്തിലേക്കും സ്വായശ്രയത്വത്തിലേക്കും തിരിച്ചുവരണം.

ആന്ധ്രയിലെ റെഡ്ഡി കുടുംബവാഴ്ച, കർണാടക, തമിഴ്നാട്, കേരളാ റീജിയൻ, കേരളാ സ്റ്റേറ്റ് എന്നിവിടങ്ങളിലെ അധികാര ദുർവിനിയോഗം, സാമ്പത്തികഅഴിമതി, സഭാവളർച്ചയിലെ മുരടിപ്പ് എന്നീ വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ച അടുത്ത ലക്കത്തിൽ.

## 08 കണ്ടതും കേട്ടതും....

രുമിച്ചു താമസിക്കുന്ന സാഹചര്യം! ഇവിടെയൊക്കെപ്പോകാൻ ആകുമിനക്കെടുന്നു?! ഇന്നു സെമിനാരിയിൽ പഠിച്ച്, പിന്നെയും പഠിച്ച്, ബിരുദദാനന്തരബിരുദങ്ങൾ നേടി, ആരോടും സുവിശേഷം പറയാതെ, അദ്ധ്യാപകരായി ശമ്പളം വാങ്ങിച്ചു ജീവിക്കാനാണു ഭൂരിപക്ഷത്തിന്റെയും താൽപര്യം. ഇൻഡ്യയിൽ സുവിശേഷവേല ചെയ്യാൻ രണ്ടോ മൂന്നോ കൊല്ലത്തെ പഠനം മതിയെന്നാണു തോന്നുന്നത്. അതിനുള്ളിൽ അത്യാവശ്യം ഇംഗ്ലീഷും ഗ്രഹിക്കാം. എം. ഡിവ്, എം. റ്റി. എച്ച് എന്നീ ഡിഗ്രികളോട് എനിക്കു വിരോധമൊന്നുമില്ല. അതു പഠിച്ചവരൊക്കെ മോശക്കാരാണെന്ന അഭിപ്രായവുമില്ല. ഇൻഡ്യയിലെ സുവിശേഷവേലയ്ക്ക് ഈ യോഗ്യതകൾ അത്ര അത്യാവശ്യമുള്ളവയല്ല. ഇത് എന്റെ ഉറച്ച ബോദ്ധ്യമാണ്.

ഒടുവിലായി എഴുതുന്നതു ഫിലിപ്പോസച്ചായനെക്കുറിച്ചാണ്. എനിക്ക് ആകപ്പാടെ വിരലിലെണ്ണാൻ തന്നെ സ്നേഹിതന്മാരില്ല (കൈയുടെ വിരലുകളുടെ എണ്ണമാണു പറഞ്ഞത്). ‘ഉറ്റ’സ്നേഹിതന്മാർ തീരെയില്ല. അത് എന്റെ കുഴപ്പമാണോ, അതോ ഗുണമാണോയെന്ന് എനിക്കറിഞ്ഞുകൂടാ. അത്യാവശ്യം ഉള്ളുതുറന്നു സംസാരിക്കുന്നത് മൂന്നുനാലു പേരോടു മാത്രമാണ്. അവരിലൊരാണു സുവിശേഷകൻ സി. വി. ഫിലിപ്പോസ് എന്ന ‘സൈക്കിളുപദേശി”. അദ്ദേഹം അഖിലേന്ത്യാ സൈക്കിൾ യാത്ര തുടങ്ങിയപ്പോൾ, ഞാൻ ബൈബിൾ സ്കൂളിൽ പഠിക്കുകയായിരുന്നു. എന്റെ പഠനം കഴിഞ്ഞിട്ടാണ് അദ്ദേഹം യാത്രയവസാനിപ്പിച്ചത്. ‘ലോകചരിത്രത്തിൽ ആദ്യം’ എന്ന യാത്രാവിവരണം ഞാൻ ഒറ്റയിരിപ്പിൽ വായിച്ചുതീർത്തു. ഇപ്പോഴും ഞാനതു വായിക്കാറുണ്ട്. എനിക്ക് വളരെ ഉത്തേജനം നൽകുന്ന ഒരു കൃതിയാണത്. പലർക്കും ഈ പുസ്തകം ഞാൻ പരിചയപ്പെടുത്തിയിട്ടുമുണ്ട്. ഫിലിപ്പോസച്ചായൻ ഗൾഫിൽ പോയ കഥ എന്നെ വളരെ വിഷമിപ്പിച്ചു. ഇഷ്ടംപോലെ പ്രസംഗം കിട്ടേണ്ടിയിരുന്ന ഫിലിപ്പോസച്ചായനെ ദൈവത്തിന്റെ ആത്മാവ് എടുത്തുകൊണ്ടുപോയില്ല. പകരം, അദ്ദേഹം അവിടെച്ചെന്നതിന്റെ പിറ്റേന്നു നാട്ടിലേക്കു തിരിച്ചുപോന്നു. അതിനു കാരണക്കാരൻ ഒരു വിലയേറിയ കർത്തൃദാസനായിരുന്നു. അദ്ദേഹത്തിന് അതുകൊണ്ട് എന്തു പ്രയോജനമുണ്ടായെന്ന് അറിഞ്ഞുകൂടാ. പ്രസംഗിക്കാൻ കഴിവുള്ള ഫിലിപ്പോസച്ചായനെ വിളിച്ചു പ്രസംഗിപ്പിച്ചാൽ നിരാശപ്പെടേണ്ടിവരില്ലെന്ന് എനിക്കുറുപ്പുണ്ട്. അദ്ദേഹത്തിന്റെ ഫോൺ നമ്പർ: 9605102251.

അമേരിക്കയിൽ പോയിട്ടു വന്ന ഒരു പാസ്റ്ററുടെയടുക്കൽ ഫിലിപ്പോസച്ചായൻ ചെന്നു. അദ്ദേഹം അച്ചായനോടു പറഞ്ഞു: “ഒന്നു കിട്ടിയില്ലാ അമ്മായിയപ്പൻ ശുശ്രൂഷിച്ചിരുന്ന സഭയിൽ പോയിട്ടും അവരൊന്നും അമേരിക്കയിൽ പോയിട്ടു വരുന്നവരെ ഞാൻ കാണുന്നുണ്ട്. അവരെല്ലാം പറയുന്നത് ഒന്നും കിട്ടിയില്ലെന്നാണ്. എന്നാലും പിന്നെയും പിന്നെയും അങ്ങോട്ടു പോകാൻ ഉത്സാഹിക്കുന്നുണ്ട്. പിന്നെ, അമ്മായിയപ്പൻ ശുശ്രൂഷിച്ചിരുന്ന സഭയിൽ ചെന്നിട്ട് അവർ വേണ്ടത്ര ഗൗനിക്കാഞ്ഞതിന്റെ കാരണം, അമ്മായിയപ്പൻ അച്ചായനെക്കുറിച്ച് അവിടെ കാര്യമായിട്ടു പറഞ്ഞിട്ടുണ്ട്; അതുകൊണ്ടാ. ശരി, ഞാൻ പോകട്ടെ!”

**നീക്കിബാക്കി:** എനിക്ക് അമേരിക്കയിൽ ഒന്നു പോകണമെന്നുണ്ട്. അലാസ്ക്ക, സാൻഡിയാനോ മൃഗശാല, കാലിഫോ(ർ)ണിയയയിലെ മൂയർവുഡ്സ്, ഗോൾഡൻ ഗേറ്റ് ബ്രിഡ്ജ്, ഗ്രാൻഡ് കാന്യൻ, നായാഗ്ര ഇതെല്ലാമൊന്നു കണ്ടാൽ നല്ലതായിരുന്നു. പിന്നെ കുറെയേറെ ഡോളറും കിട്ടണം (ഒരു പത്തു ലക്ഷം മതി) എന്നാലേ ഉദ്ദേശിച്ച കാര്യങ്ങളൊക്കെ നടക്കൂ. അങ്ങനെ കിട്ടിയാൽ, ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവെൻഷനിൽ പ്രസംഗിക്കാം. കുറഞ്ഞ പക്ഷം ഒരു പാട്ടെങ്കിലും പാടാം. “ലെറ്റ് ദ ഫയർ ഫാൾ...”

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 10

BELIEVERS JOURNAL

BELIEVERS JOURNAL
P.O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/05/2014

RNI. NO. KERMAL/2008/26530
POSTAL REG. NO. KL/TLA/225/2012-14

# സിഡ്നി കോൺഫറൻസ് സമാപിച്ചു



**സിഡ്നി:** വെന്റ് വർത്ത് വില്ലെയിലെ റെഡ് ഗം സെന്ററിൽ നടന്ന നാലാമത് ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തക്കോസ്തൽ കോൺഫറൻസ് സമാപിച്ചു. ഏപ്രിൽ 18നു ആരംഭിച്ച കോൺഫറൻസ് നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ്ജ് ഉദ്ഘാടനം ചെയ്തു "ഉയർപ്പിന്റെ ശക്തി"യാൽ ക്രിസ്തുവിനെ അറിയുവാനും, ക്രിസ്തുവിലാകുവാനും, ക്രിസ്തുവിനെപ്പോലെയാകുവാനും സാധിക്കുമെന്ന് ഉദ്ഘാടന സന്ദേശത്തിൽ അദ്ദേഹം പ്രസ്താവിച്ചു.

ശനിയാഴ്ച രാവിലെ യുവജനങ്ങൾക്കും, സഹോദരിമാർക്കും, കുടുംബങ്ങൾക്കും വേണ്ടി പ്രത്യേക സെഷനുകളും ഉച്ച കഴിഞ്ഞ് പി. വൈ. പി. എ.യുടെ നേതൃത്വത്തിൽ യൂത്ത് സെഷൻ താലന്തു പരിശോധന എന്നിവയും നടത്തപ്പെട്ടു. ഈ സെഷനുകളിൽ സിസ്റ്റർ സൂസൻ പണിക്കർ, പാസ്റ്റർ കെ. ജോയി, പാസ്റ്റർ എബി പീറ്റർ എന്നിവർ വിവിധ സെഷനുകളിലായി ദൈവവചനം ശുശ്രൂഷിച്ചു. വിവിധ യോഗങ്ങൾക്ക് പാസ്റ്റർമാരായ മാത്യു തര്യൻ, പ്രകാശ് ജേക്കബ്, ഒ. വർഗീസ്, ഏബ്രഹാം ജോർജ്, ഏലിയാസ് ജോൺ, സജിമോൻ സ്കറിയ, സുനിൽ പണിക്കർ, ഷിബു വർഗീസ്, ഷാജി സി. മത്തായി എന്നിവർ നേതൃത്വം നൽകി.

സമാപനദിവസം നടന്ന സഭായോഗത്തിൽ കർത്തൃമേശയ്ക്ക് പാസ്റ്റർ തോമസ് ജോർജ് നേതൃത്വം നൽകി. നാഷണൽ സെക്രട്ടറി പാസ്റ്റർ പ്രകാശ് ജേക്കബ് കൃതജ്ഞത രേഖപ്പെടുത്തി.

ഓസ്ട്രേലിയയുടെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും നൂറു കണക്കിനു പ്രതിനിധികൾ പങ്കെടുത്ത കോൺഫറൻസ് ദൈവീക സാന്നിദ്ധ്യംകൊണ്ടും, സഭകളുടെയും വിശ്വാസികളുടെയും പങ്കാളിത്തവും പിന്തുണയും കൊണ്ടും വളരെ അനുഗ്രഹമായിതീർന്നു. അടുത്ത കോൺഫറൻസ് 2015 മാർച്ച് മാസം 27,28,29 തീയതികളിൽ ഗോൾഡ് കോസ്റ്റിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

# ജോർജ്ജിയാ യൂത്ത് ഫെലോഷിപ്പ് സാരഥികൾ



റിച്ചാർഡ് മാത്യു (പ്രസിഡന്റ്)



ബിനൊ ഫിലിപ്പ് (സെക്രട്ടറി)



ഫ്രാങ്കിലിൽ ചാക്കോ (ട്രഷറർ)



ബിനോയി സാമുവേൽ (ബോർഡ് മെമ്പർ)



ബോവസ് സഖറിയ (ബോർഡ് മെമ്പർ)

**അറ്റ്ലാന്റാ:** ജോർജ്ജിയ സംസ്ഥാനത്തുള്ള അറ്റ്ലാന്റാ പട്ടണത്തിലെ പെന്തക്കോസ്ത് യുവജനങ്ങളുടെ ഐക്യവേദിയായ ജോർജ്ജിയ യൂത്ത് ഫെലോഷിപ്പിന്റെ 2014-ലെ ഭാരവാഹികളെ ലിൽബോണിലുള്ള കാൽവറി അസംബ്ലി ചർച്ചിൽ വച്ച് നടന്ന ജനറൽ ബോഡി മീറ്റിംഗിൽ തെരഞ്ഞെടുത്തു. റിച്ചാർഡ് മാത്യു (പ്രസിഡന്റ്), ബിനൊ ഫിലിപ്പ് (സെക്രട്ടറി), ഫ്രാങ്കിലിൽ ചാക്കോ (ട്രഷറർ), ബിനോയി സാമുവേൽ, ബോവസ് സഖറിയ (ബോർഡ് മെമ്പർ). അറ്റ്ലാന്റാ പട്ടണത്തിലുള്ള വിവിധ സഭകളുടെ സഹകരണത്തോടെ നടക്കുന്ന സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന പെന്തക്കോസ്ത് യുവജനങ്ങൾക്ക് ഒന്നിച്ചുകൂടി ദൈവത്തെ ആരാധിക്കുവാനുള്ള ക്രമീകരണങ്ങളാണ് ജോർജ്ജിയ യൂത്ത് ഫെലോഷിപ്പിന്റെ ഭാരവാഹികൾ ഒരുക്കിക്കൊണ്ടിരിക്കുന്നത്. വർഷിപ്പ് നൈറ്റ് (മലയാളം, ഇംഗ്ലീഷ്), ഏകദിന കൺവൻഷൻ, താലന്തു പരീക്ഷ, സ്പോർട്ട്സ് (ബാസ്കറ്റ് ബോൾ, വോളി ബോൾ), വാർഷിക കൺവൻഷൻ, പൊതു ആരാധന എന്നീ പ്രോഗ്രാമുകൾ 2014-ൽ നടത്തുന്നതാണെന്ന് പ്രസിഡന്റ് റിച്ചാർഡ് മാത്യു അറിയിച്ചു.

# ഡിസ്ട്രിക്ട് കൺവൻഷനും ഗ്രാജുവേഷനും



**ഐ.** പി. സി. റൂർഖല ഡിസ്ട്രിക്ടിന്റെ വാർഷിക കൺവൻഷനും ഒഡീഷാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 5-ാമത് ഗ്രാഡുവേഷനും ഐ. പി. സി. ചിക്കട്ട്മട്ടിയിൽ നടക്കുകയുണ്ടായി. 25.04.2014-ൽ പാസ്റ്റർ ഫിലമോൻ കർക്കറയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് സെക്രട്ടറിയും (ഒഡീഷ) ഡിസ്ട്രിക്ട് പാസ്റ്ററുമായ പാസ്റ്റർ തോമസ് റോയ് പ്രസ്തുത കൺവൻഷൻ ഉത്ഘാടനം ചെയ്തു.

പാസ്റ്റർ ജോൺസൺ പി. തോമസ്, ബ്രദർ ഷാലോം ടി. തോമസ് എന്നിവർ മുഖ്യ പ്രാസംഗികർ ആയിരുന്നു. 26-ാം തീയതി 10 മണിക്ക് ആരംഭിച്ച ഗ്രാഡുവേഷൻ സർവ്വീസിൽ പാ. ജോൺസൺ പി. തോമസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വിശേഷ സമ്മാനങ്ങൾ പാസ്റ്റർ കേശവൻകുട്ടി വിതരണം ചെയ്തു. പാസ്റ്റർന്മാരായ ഹിജനസ്സ് ലക്കറ, ബിജു ഏബ്രഹാം, ആനന്ദ് ബാരിക്ക്, എസ്. എസ്. പരിട, സജിമോൻ എം. എം., സിസ്റ്റർ റെനി ടി. റോയ് എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ എൽദോ ഐസക്ക് കൃതജ്ഞത അറിയിക്കുകയും ചെയ്തു.

ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ബാംഗ്ലൂർ, കർണ്ണാടക

ഏബനേസർ ഡിഗ്രി കോളേജ്
ബി. കോം, ബി ബി എം, ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ അഡ്മിഷൻ ആരംഭിക്കുന്നു

ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

എബനേസർ പബ്ലിക് സ്കൂൾ
L.K.G. to 10th ICSE Syllabus, നൂറുശതമാനം വിജയം , 5 -ാം ക്ലാസ്സു മുതൽ ബോർഡിംഗ് സൗകര്യം ലഭ്യമാണ്

ബി.എസ്.സി. നേഴ്സിംഗ് കാലാവധി - 4 വർഷം / യോഗ്യത - 10 +2/ 45% സയൻസ് ഗ്രൂപ്പ് / ജി. എൻ.എം. കാലാവധി - 3 വർഷം / യോഗ്യത - 10 +2/ 40%

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം,
ആരാധന സൗകര്യം, കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന്
ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

Brisbane North
INSTITUTE OF TAFE
▶ Diploma in Hospitality (Australian Degree)
Brisbane North Institute of TAFE - Queensland
Academic Requirements:
Grade 12 (10+2) Minimum 50%
Intake: June
Course Details
Duration: 12 Months,
Full Time
Eben-Ezer Campus Banglore
Outcome
BNIT's Diploma Programs also offer established
direct entry pathways into Bachelor Degree programs
at top Queensland universities with up to 1 year credit

The Administrator
Eben-Ezer Institutions, No. 19, Ebenezer Nagar,
Kothanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909, 28445678, 09740157249,
09448476968, 09845890178, 09900002504

വിജയത്തിന്റെ പടവുകൾ താണ്ടുന്ന
ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Web Site: www.ebenezerblr.org E -mail : ebenezerblr@yahoo.co.in

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.